JEEVA MOZHIKAL RNI/KERBIL/-2003/21404
March 2009 www.jeevamozhikal.org
Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## മതിലോ ചിലന്തിവലയോ?

വടക്കേ ആഫ്രിക്കയിലെ ഒരു വിശ്വാസിയായിരുന്നു ഫ്രെഡറിക് നോളൻ. ശത്രുക്കൾ കൊലപ്പെടുത്താനായി പിൻതുടർന്നപ്പോൾ അദ്ദേഹം മലമുകളിലേക്കു പലായനം ചെയ്തു. ശത്രുക്കൾ പിന്നാലെ. ഓടിത്തളർന്ന അദ്ദേഹം ഒടുവിൽ 'അവർ പിടിക്കുന്നെങ്കിൽ പിടിക്കട്ടെ' എന്ന മനോഭാവത്തോടെ മലമുകളിൽ കണ്ട ഒരു ഗുഹയിലേക്ക് ഓടിക്കയറി.

അദ്ദേഹം അകത്തു കയറി രണ്ടു മിനിറ്റു കഴിഞ്ഞില്ല, ഗുഹയുടെ വാതിലിനുകുറുകെ ഒരു ചിലന്തി വലിയൊരു വല കെട്ടുവാൻ തുടങ്ങി. മിനിറ്റുകൾക്കുള്ളിൽ ഗുഹാകവാടം അടച്ചുകൊണ്ട് വലിയൊരു ചിലന്തിവല.

പിന്തുടർന്നെത്തിയ ശത്രുക്കൾ ഫ്രെഡറിക് നോളൻ ഗുഹയിൽ കാണുമെന്നു കരുതി അതിൽ കടന്നു പരിശോധിക്കാമെന്നു ചിന്തിച്ചു. പെട്ടെന്നാണവർ ചിലന്തിവല കണ്ടത്. 'ചിലന്തിവല പൊട്ടിക്കാതെ ആർക്കും ഗുഹയിൽ കയറാൻ കഴിയുകയില്ലല്ലോ' എന്നവർ ഓർത്തു. കേടുകൂടാതെ നിൽക്കുന്ന ചിലന്തിവല കണ്ട് ഫ്രെഡറിക് നോളൻ മുന്നോട്ടു പോയിരിക്കുമെന്നു കരുതി ഗുഹയ്ക്കുള്ളിൽ കയറി നോക്കാതെ അവരും മുന്നോട്ട് ഓടി. ശത്രുക്കൾ പോയിക്കഴിഞ്ഞപ്പോൾ ഇതിനകം ക്ഷീണം തീർത്ത ഫ്രെഡറിക് നോളൻ ഗുഹയ്ക്കു പുറത്തു കടന്നു രക്ഷപ്പെട്ടു. തുടർന്ന് അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെ: *'ദൈവം ഉള്ളിടത്ത് ചിലന്തിവല ഒരു മതിലുപോലെയാണ്. ദൈവം ഇല്ലാത്തിടത്ത് മതിൽ ഒരു ചിലന്തിവലപോലെയും'.*

വായിക്കുക! വരിക്കാരാകുക!!

ജീവമൊഴികൾ: മൗലികസത്യങ്ങൾ, മൂല്യമുള്ളജീവിതത്തിന്



നിങ്ങളുടെ സ്നേഹിതരുടേയും
ബന്ധുക്കളുടേയും വിലാസം
അയച്ചു തന്നാൽ മൂന്നുമാസം
മാസിക അവർക്കു
സൗജന്യമായി അയച്ചു
കൊടുക്കുന്നതാണ്.
വരിസംഖ്യ കോട്ടയത്തു
മാറാവുന്ന ഡി.ഡി/ചെക്ക്, മണി
ഓർഡർ എന്നിങ്ങനെ അയയ്ക്കുക

വാർഷിക
വരിസംഖ്യ
80 രൂപ
മാത്രം

ജീവമൊഴികൾ
കുമാരനല്ലൂർ പി.ഒ, കോട്ടയം 686 016.

Printed, Published and owned by T. IPe. Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam, Tel: 2569847. Editor-Geoji. T. Samuel.

# ജീവമൊഴികൾ

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

വാല്യം 7 - ലക്കം 3    മാർച്ച് 2009    Rs. 7.00



യാഗപീഠവും കൂടാരവും
-വാച്ച്മാൻ നീ

കുതിരയും കഴുതയും
-സന്ദീപ് പുന്നൻ

പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കാത്തതെന്തുകൊണ്ട്?
-ആർ. എ. ടോറി

കുരിശും കഠാരയും
-ഡേവിഡ് വിൽക്കേഴ്സൺ

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 7 **മാർച്ച് 2009** ലക്കം 3



## എഡിറ്റോറിയൽ ബോർഡ്

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)

**മാനേജർ**

**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479-2472643 (Res.)



'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്:
0469-2606720, 9847397369 (mobile)

## വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686 016, ഫോൺ: 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.



## വിദേശപ്രതിനിധികൾ

**യു. എസ്. എ**
ബിനോയി ജയിംസ്
ഫോൺ : 512990-2808 (R)
512826-5028 (O)
E-mail: benoyjames@hotmail.com

**ദുബായ്**
ഫ്രാൻസിസ് ജോൺ (റജി)
E-mail: **francis.reji@gmail.com**


## മൊഴി മുത്ത്



### ഞാനും മറ്റുള്ളവരും

ദിവ്യ ഗുരോ,

മറ്റുള്ളവരിൽ നിന്നും സാന്ത്വനവാക്കുകൾ കേൾക്കുവാൻ ആഗ്രഹിക്കുന്നതിലധികം അവരെ സാന്ത്വനിപ്പിക്കുവാനും മറ്റുള്ളവർ എന്നെ മനസ്സിലാക്കണമെന്ന് ആഗ്രഹിക്കുന്നതിലധികം അവരെ മനസ്സിലാക്കുവാനും മറ്റുള്ളവർ എന്നെ സ്നേഹിക്കണമെന്നാഗ്രഹിക്കുന്നതിലധികം അവരെ സ്നേഹിക്കുവാനും എനിക്കു കൃപ ചെയ്യേണമേ. എന്തെന്നാൽ കൊടുക്കുന്നതിലൂടെയാണല്ലോ നമുക്കു ലഭിക്കുന്നത്.ക്ഷമിക്കുന്നതിലൂടെയാണല്ലോ നമുക്ക് ക്ഷമ ലഭിക്കുന്നത്.സ്വയം മരിക്കുന്നതിലൂടെയാണല്ലോ നാം നിത്യജീവനിലേക്ക് പിറക്കുന്നത്. ആമേൻ

*-ഫ്രാൻസിസ് അസ്സീസി*

# The Wonders of the Human Body-III

*"I will praise you, for I am fearfully and wonderfully made. Marvelous are your works. And that my soul knows very well"* (Psalms. 139:14)

**SPEECH**

**T**alking comes almost as naturally to us as breathing. But how do we do it? You can live a normal life without knowing the mechanics of speech, but here they are: When we want to say something, our brain sends a signal to the lungs to expel air . The air rushes up the throat to the larynx and in the process vibrates the vocal chords. If we want our words to be high pitched, our brain tells certain muscles to tighten the chords. When the chords are relaxed, the pitch is lower. Of course, the lips, tongue and jaw co-operate in the process to produce intelligible speech or pleasurable song (hopefully).

## ഉറപ്പുള്ള ഗോപുരം





© 2007 Michael D. Waters
www.joyfultoons.com


*യഹോവയുടെ നാമം ബലമുള്ള ഗോപുരം; നീതിമാൻ അതിലേക്ക് ഓടിച്ചെന്ന് അഭയം പ്രാപിക്കുന്നു. (സദൃശവാക്യങ്ങൾ 18:10)*

എഡിറ്റോറിയൽ

# വിജയകരമായ ജീവിതത്തിലേക്കുള്ള വിളി



ക്രിസ്തീയജീവിതത്തിൽ നമ്മുടെ ലക്ഷ്യം എന്താണ്? 'സ്വർഗ്ഗത്തിൽ പോകുക' എന്ന മിനിമം പരിപാടിയാണ് പലരും ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ 'സ്വർഗ്ഗത്തിൽ പോകുക' എന്നൊരു പദപ്രയോഗം പൗലൊസിന്റെ ലേഖനങ്ങളിലൊന്നും കാണുന്നില്ല. അതേ സമയം ഫിലിപ്യർക്കെഴുതിയ ലേഖനത്തിൽ മറ്റൊരു ഗംഭീര പ്രയോഗം കാണാം. 'ലക്ഷ്യത്തിലേക്ക് ആയുന്നു' (I press toward the mark) എന്നതാണത്(3:14). 'ആയുന്നു' എന്നതിന്റെ മൂലഭാഷയിലെ വാക്ക്-epekteinesthai-ഓട്ടമത്സരവുമായി ബന്ധപ്പെട്ടതാണെന്നു പറയാറുണ്ട്. ഒരു ഓട്ടക്കാരൻ അന്തിമവരയിലെ ലക്ഷ്യത്തിൽ നോട്ടം ഉറപ്പിച്ച്, മനസ്സ് അതിൽ അർപ്പിച്ച്, മുഴുശരീരവും കൊണ്ട് അതിലേക്ക് ആഞ്ഞ്, ഓടുന്നതിനെയാണത്രേ ഈ പദം കുറിക്കുന്നത്.അങ്ങനെയെങ്കിൽ നാം നോട്ടം ഉറപ്പിക്കേണ്ട ആ ലക്ഷ്യം എന്തായിരിക്കണം?

ആ ലക്ഷ്യം യേശുവാണെന്ന് എബ്രായലേഖനകാരൻ വ്യക്തമാക്കുന്നു (12:2).അവിടെ ഗ്രീക്കുഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'അപ്ഹോറൻ'(aphoran) എന്നതാണത്രേ. അപോ (apo) എന്നതിനു 'മാറ്റുക' എന്നും ഹോറൻ(horan)എന്നതിനു 'നോക്കുക' എന്നുമാണ് അർത്ഥം. അപ്പോൾ മറ്റെല്ലാറ്റിൽ നിന്നും ശ്രദ്ധമാറ്റി ഒന്നിനെ മാത്രം നോക്കുന്നതിനെയാണ് ആ പദം കുറിക്കുന്നത്. ചുരുക്കത്തിൽ യേശുവിനെ ശ്രദ്ധിച്ചു നോക്കുന്ന ഒരുവൻ മറ്റെല്ലാ നിലവാരം കുറഞ്ഞ കാര്യങ്ങളിൽ നിന്നും കണ്ണുകൾ പിൻവലിക്കേണ്ടതുണ്ട്.

ജോഷ്വാ റെയ്നോൾഡ്സ് എന്ന കലാകാരനെക്കുറിച്ചു കേട്ടിട്ടുണ്ട്. അദ്ദേഹം നിലവാരം കുറഞ്ഞ ഒരു പെയിന്റിംഗിലേക്കു നോക്കാൻ പോലും വിസ്സമ്മതിക്കുമായിരുന്നത്രേ. കാരണം അങ്ങനെ ചെയ്താൽ അത് തന്റെ കലാപരമായ കഴിവുകളെ തെറ്റായി സ്വാധീനിക്കുമെന്ന് അദ്ദേഹം ഭയന്നു.

ഏതു നോട്ടവും നോക്കുന്നവനിൽ ഒരു സ്വാധീനം ഉണ്ടാക്കുന്നുണ്ട്. യേശുവിന്റെ ജീവിതത്തെ ഒരുവൻ ശ്രദ്ധിച്ചുനോക്കിയാൽ അതവനെ ക്രമേണ യേശുവിനെപ്പോലെയാക്കും. സത്യത്തിൽ ക്രിസ്തീയജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം അതാണ്-യേശുവിനെപ്പോലെയാകുക. രണ്ടു ദൈവവചനങ്ങൾ കാണുക: "അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയമിച്ചിരിക്കുന്നു." (റോമ.8: 29)"നമ്മുടെ കർത്താവായയേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷയ്ക്കു വിളിച്ചത്"(2തെസ്സ.2:14)

ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ തിരഞ്ഞെടുക്കുകയും മുൻനിയമിക്കുകയും ചെയ്തതിനെക്കുറിച്ച് എഫെസ്യർ ഒന്നാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. അതു നാം അവിടുത്തെ മുൻപാകെ 'വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിനാണെന്ന്' അവിടെ പറഞ്ഞിരിക്കുന്നു. ഇവിടെ റോമർ 8:29ൽ ഇക്കാര്യം കുറച്ചുകൂടി വ്യക്തമാക്കിയിരിക്കുകയാണ്-യേശുവിന്റെ സ്വഭാവത്തോടനുരൂപമാകുവാനാണ് നമ്മെ മുൻനിയമിച്ചിരിക്കുന്നത്. 2തെസ്സലൊനിക്യർ 2:14ൽ ഇതേ കാര്യം മറ്റൊരു തരത്തിൽ പറഞ്ഞിരിക്കുന്നു.: കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം(തേജസ്സ്-glory) പ്രാപിക്കുവാനാണ് നമ്മെ വിളിച്ചത്. ഈ വിളി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് യേശുവിന്റെ അതേ സാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുവാൻ വേണ്ടിയാണെന്നു രണ്ടു കൊരിന്ത്യരിലും വിശദീകരിച്ചിരിക്കുന്നു(3:18). യേശുവിനെപ്പോലെയാകാനായി നമ്മെ വിളിച്ചിരിക്കുന്നു എന്നു പറയുമ്പോൾ അതു പാപത്തിന്മേൽ ജയമുള്ള ഒരു വിജയകരമായ ജീവിതത്തിലേക്കുള്ള വിളിയാണ്. യേശുവിൽ പാപം ഉണ്ടായിരുന്നില്ലല്ലോ.


വിജയകരമായ ക്രിസ്തിയജീവിതം, യേശുവിനെപ്പോലെയാകുക എന്നൊക്കെ പറയുമ്പോൾ കേവലം മതഭക്തരായ ഭൂരിപക്ഷം ക്രിസ്ത്യാനികളും നെറ്റി ചുളിക്കുന്നതു കാണാം. അങ്ങനെയുള്ളവർ ക്രിസ്തീയജീവിതത്തിന്റെ ആത്യന്തികലക്ഷ്യം എന്തെന്നു മനസ്സിലാക്കിയിട്ടില്ല. രക്ഷ, സ്നാനം , പരിശുദ്ധാത്മസ്നാനം, കൂട്ടായ്മ, സുവിശേഷീകരണം-തീർന്നു. അവരുടെ വിശ്വാസജീവിതം ഈയൊരു വൃത്തത്തിൽ ഒതുങ്ങി നിൽക്കുകയാണ്. അതിനും മുമ്പോട്ട് പാപത്തിന്മേൽ ജയമുള്ള വിജയകരമായ ക്രിസ്തീയജീവിതം എന്ന ആത്യന്തികലക്ഷ്യത്തെ കാണാതെ തങ്ങളുടെ പരാജയപ്പെട്ട ജീവിതത്തെ ധാരാളം ക്രിസ്തീയപ്രവർത്തനങ്ങൾ കൊണ്ട് മൂടിവച്ച് തൃപ്തരായി കഴിയുകയാണവർ!

ക്രിസ്തീയജീവിതത്തിന്റെ ലക്ഷ്യത്തെ മറന്നു പകുതി വഴി വന്ന് തൃപ്തരായി നിൽക്കുന്നവർ, സത്യത്തിൽ ഡൽഹിക്കു പോകാൻ പുറപ്പെട്ടിട്ട് വഴിയിൽ കണ്ട ഒരു സ്റ്റേഷനിൽ ഇറങ്ങി അവിടെ കുടിപാർക്കുന്ന ബുദ്ധിഹീനരായ യാത്രക്കാരെപ്പോലെയല്ലേ?. അവർ ദൈവഹൃദയത്തിന് എത്ര വലിയ വേദനയായിരിക്കും നൽകുന്നത്! പത്താം ക്ളാസ്സു പാസ്സാകാനായി മകനെ സ്കൂളിൽ ചേർത്തിട്ട് അവൻ ഒന്നാം ക്ളാസ്സിൽത്തന്നെ തൃപ്തനായി എന്നും അവിടെത്തന്നെ ചടഞ്ഞു കൂടിയാൽ ഏതു പിതൃഹൃദയമാണ് വേദനിക്കാതിരിക്കുക?

വിജയകരമായ ഒരു ജീവിതത്തിലേക്കു പ്രവേശിക്കാനുള്ള വിളി അനുസരിക്കാൻ പലർക്കുമുള്ള തടസ്സം ഇത്തരം ഒരു ജീവിതം അസാധ്യമാണെന്ന പിശാചിന്റെ മന്ത്രണത്തിന് അവർ ചെവി കൊടുക്കുന്നു എന്നതാണ്. അവിശ്വാസമാണ് അവരുടെ പ്രശ്നം. തോമസിനോട് യേശു പറഞ്ഞ 'അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക' എന്ന ശാസന അവർ കേട്ടിരുന്നെങ്കിൽ!

ഇത്തരം ഒരു ജീവിതം വിശുദ്ധരായ ചിലർക്കു മാത്രമേ സാദ്ധ്യമാകുകയുള്ളു എന്നാണ് മറ്റു ചിലരുടെ തടസ്സവാദം. എന്നാൽ ദൈവവചനത്തിലെ എല്ലാ വാഗ്ദാനങ്ങളും രാജകീയപുരോഹിതവർഗ്ഗമായ എല്ലാ വിശ്വാസികൾക്കും ഉള്ളതാണെന്നോർക്കുക. വിജയകരമായ ഒരു ക്രിസ്തീയജീവിതത്തെക്കുറിച്ചുള്ള വാച്ച്മാൻ നീയുടെ പുസ്തകത്തിന്റെ പേര് Normal christian life (സാധാരണ ക്രിസ്തീയജീവിതം) എന്നതാണെന്നതു ശ്രദ്ധേയമല്ലേ? 'പാപത്തിന്മേൽ ജയമുള്ള ജീവിതം കൈയാളിയാൽ ജീവിതത്തിന്റെ എല്ലാ രസവും നഷ്ടപ്പെടും, അത് അരിഷ്ടമായ ഒരു ജീവിതമായിരിക്കും' എന്നെല്ലാമാണ് വേറെ ചിലരുടെ ചിന്ത. എന്നാൽ വാസ്തവത്തിൽ പാപത്താൽ തോൽപ്പിക്കപ്പെടുന്ന, രണ്ടു തോണിയിൽ കാലു ചവിട്ടുന്ന, ജീവിതമാണ് ഏറ്റവും അരിഷ്ടമായ ജീവിതം. മറിച്ച് വിജയകരമായ ജീവിതം ഏറ്റവും സന്തോഷകരമായ ജീവിതമാണ്.

നിങ്ങൾ ഇതു വിശ്വസിക്കുമോ? 'ഞങ്ങൾ കേൾപ്പിച്ചത്
ആർ വിശ്വസിച്ചിരിക്കുന്നു?'.



സന്ദേശം

# വിജയകരമായ ക്രിസ്തീയജീവിതം

**നമ്മുടെ പദ്ധതികൾ തകിടം മറിയുമ്പോൾ, നമ്മുടെ ഒരു ദിവസം നഷ്ടപ്പെടുമ്പോൾ നാം ദുഃഖിക്കാറുണ്ട്. എന്നാൽ ദൈവത്തിനു നമ്മുടെ മേൽ പരിപൂർണ്ണനിയന്ത്രണം ഉണ്ടെങ്കിൽ അവിടുത്തെ ഹിതത്തിനു വിപരീതമായി ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുകയില്ല.**



**വി**ജയകരമായ ജീവിതം എന്നു പറയുന്നത് എന്താണ്? ലളിതമായി പറഞ്ഞാൽ സമ്പൂർണ്ണമായി ദൈവത്തിനായി സമർപ്പിക്കപ്പെട്ടതും ക്രിസ്തു ഉള്ളിൽ വസിച്ച് പൂർണ്ണമായി നിയന്ത്രിക്കുന്നതുമായ ഒരു ജീവിതമാണത്. യേശുക്രിസ്തുവിന് മഹത്വം കൊണ്ടുവരണമെന്ന ഏക ആഗ്രഹമായിരിക്കും അത്തരം ഒരു ജീവിതത്തെ ഭരിക്കുന്നത്. ഇതാണ് ഒരേയൊരു യഥാർത്ഥ സന്തുഷ്ട ജീവിതം. എങ്കിലും ക്രിസ്ത്യാനികൾ ഇത്തരം ഒരു ജീവിതത്തിൽ പ്രവേശിക്കുന്നതിനു തയ്യാറല്ല.എന്തുകൊണ്ട്? തങ്ങളുടെ ജീവിതം ദുരിതപൂർണ്ണമായിത്തീരുമെന്ന ഭയമാണ് അവരെ തടയുന്നത്.

**പൂർണ്ണ ആശ്രയത്വത്തിന്റെ സന്തോഷം**

പക്ഷേ യഥാർത്ഥത്തിൽ അത്തരം ഒരു ജീവിതം 'കുരിശുകളാ'ൽ നിറഞ്ഞ ഒന്നാണോ? പല ക്രിസ്ത്യാനികൾക്കും ഉള്ള ഒരാശയം ഇതാണ്: സ്വീകാര്യവും അസ്വീകാര്യവുമായ രണ്ടു കാര്യങ്ങൾ സംബന്ധിച്ച് ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കേണ്ടി വന്നാൽ അതിൽ സന്തോഷം നൽകുന്നതു തിരഞ്ഞെടുക്കണം! പക്ഷേ ഈ ചിന്താഗതിയെ സാധൂകരിക്കാൻ എന്തെങ്കിലുമൊന്ന് ബൈബിളിൽ കണ്ടെത്താൻ കഴിയുമോ?

തന്റെ ജീവിതത്തിലെ അത്ഭുതകരമായ സന്തോഷത്തെക്കുറിച്ചു പറയു

ന്നതിൽ പൗലൊസിനൊരിക്കലും മടുപ്പുണ്ടായിട്ടില്ല.. “എപ്പോഴും സന്തോഷിപ്പിൻ” “എല്ലാറ്റിലും നന്ദി പറയുവിൻ”. എന്നാൽ എത്ര കഷ്ടതകളും പീഡനങ്ങളുമാണ് അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്നത്! നിങ്ങൾ ദൈവത്തെ സ്നേഹിക്കുകയും പൂർണ്ണമായി വിശ്വസിക്കുകയും ചെയ്താൽ നിങ്ങൾ ആയിരിക്കുന്ന സ്ഥലം ആയിരിക്കും ഏറ്റവും സന്തോഷകരമായ സ്ഥലം . നിങ്ങൾ ചെയ്യുന്ന ജോലിയായിരിക്കും നിങ്ങൾക്ക് ഏറ്റവും നല്ലത്. ദൈവം നിങ്ങളെ മറ്റൊരിടത്തേക്കു അയയ്ക്കുകയോ നിങ്ങൾക്കു മറ്റൊരു ജോലി നൽകുകയോ ചെയ്തെന്നു വരാം. അത് ദൈവത്തിനു തന്നെ വിടുക. പക്ഷെ ഇപ്പോൾ ദൈവം നമ്മിൽ മഹത്വപ്പെടട്ടെ!

കുരിശുകൾ?. നമ്മുടെ പദ്ധതികൾ തകിടം മറിയുമ്പോൾ, അല്ലെങ്കിൽ കാലാവസ്ഥയോ രോഗമോ ശവസംസ്കാരമോ മൂലം നമ്മുടെ ഒരു ദിവസം നഷ്ടപ്പെടുമ്പോൾ നാം ദുഃഖത്തോടെ പറയാറുണ്ട്-“ഇത് ഇന്നത്തെ എന്റെ കുരിശാണെന്നു തോന്നുന്നു”. നാം പിറുപിറുക്കുകയില്ല, എന്നാൽ നാം മനസ്സുകൊണ്ട് അക്കാര്യം ഉപേക്ഷിക്കും. എന്നാൽ ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം‘ഉപേക്ഷിക്കുക‘ എന്നൊന്നില്ല. ദൈവത്തിനു നമ്മുടെ മേൽ പരിപൂർണ്ണനിയന്ത്രണം ഉണ്ടെങ്കിൽ അവിടുത്തെ ഹിതത്തിനു വിപരീതമായി ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുകയില്ല. ദൈവത്തിന്റെ ഹിതം എന്നു പറയുന്നത് നമുക്ക് ഏറ്റവും ഉത്തമമായത് അല്ലേ? അതുകൊണ്ട് ‘ഉപേക്ഷിക്കുന്ന’തിനേക്കാൾ ‘സന്തോഷത്തോടെ അംഗീകരിക്കുക’ യാണ് വേണ്ടത്. ‘ഓ ദൈവമേ അവിടുത്തെ ഹിതം ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു’ എന്നതായിരിക്കണം നമ്മുടെ ഹൃദയത്തിന്റെ മനോഭാവം.(സങ്കീ.40:8). വിജയകരമായ

**വിജയകരമായ ജീവിതം നയിക്കുന്ന ഒരുവനെ സംബന്ധിച്ചിടത്തോളം ജീവിതത്തിൽ ‘മോഹഭംഗം’ എന്നൊന്നില്ല. ‘എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുന്നതാണ് എന്റെ ആഹാരം’ എന്നു നമ്മുടെ കർത്താവു പറഞ്ഞു. നമുക്കും അതുതന്നെ പറയാൻ കഴിയുകയില്ലേ? മനസ്സു പുതുക്കി രൂപാന്തരം പ്രാപിച്ചുകൊണ്ടിരുന്നാൽ ഓരോ ദിവസവും ദൈവത്തിന്റെ ഹിതം പൂർണ്ണവും നല്ലതുമാണെന്നു നാം തെളിയിച്ചുകൊണ്ടിരിക്കും.**

ജീവിതം നയിക്കുന്ന ഒരുവനെ സംബന്ധിച്ചിടത്തോളം ജീവിതത്തിൽ ‘മോഹഭംഗം’ എന്നൊന്നില്ല. ‘എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുന്നതാണ് എന്റെ ആഹാരം’ എന്നു നമ്മുടെ കർത്താവു പറഞ്ഞു.(യോഹ.4: 34). നമുക്കും അതുതന്നെ പറയാൻ കഴിയുകയില്ലേ?

മനസ്സു പുതുക്കി രൂപാന്തരം പ്രാപിച്ചുകൊണ്ടിരുന്നാൽ ഓരോ ദിവസവും ദൈവത്തിന്റെ ഹിതം പൂർണ്ണവും നല്ലതുമാണെന്നു നാം തെളിയിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് തന്നെ അതു സ്വീകരിക്കുവാൻ കഴിയുകയില്ലേ?(റോമ.12: 2). എത്ര താത്പര്യത്തോടെയും സന്തോഷത്തോടെയും നാം അതു സ്വീകരിക്കണം! വിശ്വാസികൾ വിഷമിച്ചു കുരിശെടുക്കുവാൻ വിളിക്കപ്പെട്ടിട്ടില്ല.

**ക്രൂശ് എടുക്കുക**

എന്നാൽ യേശു ഇങ്ങനെ പറഞ്ഞതു നമുക്കറിയാം. ‘‘ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു തന്റെ ക്രൂശെടുത്ത് എന്നെ അനുഗമി





ക്കട്ടെ.”(മത്താ.16: 24).“തന്റെ ക്രൂശ് എടുത്ത് എന്റെ പിന്നാലെ വരുവാൻ കഴിയാത്തവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല.”(ലൂക്കോ.14: 27). അപ്പോൾ ക്രൂശ് എടുക്കുകയാണ്-ക്രൂശ് വെറുതെ വഹിക്കുകയല്ല-നമ്മുടെ ചുമതല.ഓരോരുത്തർക്കും ഓരോ ദിവസത്തേക്കും ഒരു ക്രൂശ് ഉണ്ട്.

യേശുവിന്റെ കാലത്ത് ഒരുവൻ കുരിശും ഏന്തി പോകുന്നതു കണ്ടാൽ ആരുടെയെങ്കിലും (മിക്കവാറും ആ ക്രൂശുമായി പോകുന്ന ആളിന്റെ) മരണത്തെയാണത് സൂചിപ്പിക്കുന്നത്. കുരിശ് എപ്പോഴും മരണത്തിന്റെ പ്രതീകമാണ്. ക്രിസ്തുവിനെ യഥാർത്ഥത്തിൽ അനുഗമിക്കുന്നതിനു മുമ്പ് ഒരുവൻ ക്രിസ്തുവിനോടൊത്ത് മരിക്കുകയും അവിടുത്തോടൊത്ത് ഉയിർക്കുകയും ചെയ്യേണ്ടതുണ്ട്. ‘‘ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു,ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു(ഗലാ.2: 20) എന്ന് അപ്പോസ്തൊലനായ പൗലൊസ് പറഞ്ഞപ്പോൾ അവിടുന്ന് അർത്ഥമാക്കിയതും ഇതു തന്നെ. ആരോ പറഞ്ഞിട്ടുണ്ട്“പാപത്തിന്റെ ശിക്ഷയിൽ നിന്നു രക്ഷ നേടുന്നത് ഒരു കാര്യം, ക്രിസ്തുവിനെ അനുഗമിക്കുന്നത് മറ്റൊരു കാര്യം.”

ചില ക്രിസ്ത്യാനികൾ മാനസാന്തരപ്പെട്ട് 20 വർഷം കഴിഞ്ഞാലും അവർ ക്രിസ്തുവിനെപ്പോലെയല്ല. അവർ യേശുവിൽ നിന്നു പഠിക്കുന്നില്ല. അവർ ക്രൂശെടുത്തിട്ടില്ല.ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടിട്ടും ഇല്ല. സി.ജി.ട്രംബൾ എന്ന ദൈവദാസൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട്; “ക്രൂശ് എടുക്കുന്നത് എല്ലാ ‘കുരിശു’കളുടെയും അന്ത്യവും ശിഷ്യത്വത്തിന്റെ തുടക്കവുമാണ്.”

നാം ഈ സത്യത്തെ മുറുകെപ്പിടി

**വാടിയ മുഖമുള്ള, ദുരിതപൂർണ്ണമായ ദുഃഖഭാവത്തോടുകൂടിയ ഒരു ക്രിസ്ത്യാനി തന്റെ മിഷൻകേന്ദ്രത്തിന്റെ പുറത്തുനിന്ന് വഴിപോക്കനോടു ചോദിച്ചു: “ഇന്നു രാത്രി ഞങ്ങളുടെ മീറ്റിംഗിനു താങ്കൾ വരു മോ?”യാത്രക്കാരൻ ക്രിസ്ത്യാനിയെ അടിമുടി വേഗത്തിലൊന്നു നോക്കിയിട്ട് ധൃതിയിൽ നടക്കുന്നതിനിടെ ഇങ്ങനെ മറുപടി പറഞ്ഞത്രേ ‘‘ഇല്ല നന്ദി, എനിക്കിപ്പോൾ തന്നെ ആവശ്യത്തിലേറെ ദുരിതങ്ങളുണ്ട്’’. എന്താ അത്ഭുതമുണ്ടോ?**

ക്കുക. നാം എപ്പോഴും എല്ലായിടത്തും, എല്ലാ സാഹചര്യത്തിലും പൂർണ്ണ സന്തോഷമുള്ളവരായിരിക്കണമെന്നു നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നു.

വാടിയ മുഖമുള്ള, ദുരിതപൂർണ്ണമായ ദുഃഖഭാവത്തോടുകൂടിയ ഒരു ക്രിസ്ത്യാനി തന്റെ മിഷൻകേന്ദ്രത്തിന്റെ പുറത്തുനിന്ന് വഴിപോക്കനോടു ചോദിച്ചു: “ഇന്നു രാത്രി ഞങ്ങളുടെ മീറ്റിംഗിനു താങ്കൾ വരുമോ?”യാത്രക്കാരൻ ക്രിസ്ത്യാനിയെ അടിമുടി വേഗത്തിലൊന്നു നോക്കിയിട്ട് ധൃതിയിൽ നടക്കുന്നതിനിടെ ഇങ്ങനെ മറുപടി പറഞ്ഞത്രേ “ഇല്ല നന്ദി, എനിക്കിപ്പോൾ തന്നെ ആവശ്യത്തിലേറെ ദുരിതങ്ങളുണ്ട്”.എന്താ അത്ഭുതമുണ്ടോ?

വിജയകരമായ ജീവിതം ആശ്രയത്വത്തിന്റെ ജീവിതമാണ്. സന്തോഷ നിറവിന്റെ ജീവിതവുമായിരിക്കണമത്.. അത്തരം ഒരു ജീവിതമാണ് ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നത്.

## യഥാർത്ഥ വിജയം

എന്നാൽ വിജയകരമായ ജീവിതം എന്താണെന്നതിനെക്കുറിച്ചു നമുക്കു വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.ഒരു വ്യാജവിജയം (നമ്മുടെ തന്നെ പരിശ്രമം കൊണ്ട് എത്തിപ്പിടിച്ചു എന്ന് നാം വിചാരിക്കുന്ന വിജയം) കൊണ്ടു തൃപ്തിപ്പെടുവാൻ പിശാച് തന്നാൽ കഴിയുന്നതെല്ലാം ചെയ്യും.

ഈർഷ്യയുടെ കാര്യം തന്നെയെടുക്കുക. തങ്ങളുടെ സ്വയം പരിശ്രമം കൊണ്ട് ഉള്ളിലെ വികാരം അണപൊട്ടിയൊഴുകാതെ നിയന്ത്രിക്കുവാൻ കഴിയുന്നു എന്നതിൽ പല ക്രിസ്ത്യാനികളും അഭിമാനിക്കുന്നവരാണ്. അർത്ഥം അവരത് പുറത്തു പ്രകടിപ്പിക്കുന്നില്ല എന്നു മാത്രം. എന്നാൽ നമ്മുടെ ബാഹ്യമായ പെരുമാറ്റം തെറ്റില്ലാതെ സൂക്ഷിക്കുന്നതല്ല വിജയകരമായ ജീവിതം.നമ്മുടെ ഇച്ഛകളെത്തന്നെശരിയാക്കുന്ന വിധത്തിൽഹൃദയത്തിന്റെ ആന്തരികതലത്തിൽ ലഭിക്കുന്ന വിജയമാണത്.തെറ്റായ കാര്യങ്ങൾ ചെയ്യാൻ ഇച്ഛിക്കയും അവയിൽ നിന്നു ബാഹ്യതലത്തിൽ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുന്നത് യഥാർത്ഥ വിജയമല്ല.ചെയ്യാനുള്ള ആഗ്രഹത്തെത്തന്നെ നമ്മുടെ ഹൃദയത്തിൽ നിന്നും എടുത്തു കളയുകയും അവിടുത്തെ ഇഷ്ടം തന്നെ ചെയ്യാൻ നാം ആഗ്രഹിക്കുകയും ചെയ്യും എന്നതാണ് ദൈവത്തിന്റെ അത്ഭുതകരമായ പ്രവൃത്തി!

ക്വാക്കർ വിഭാഗത്തിൽപെട്ട ഒരു വനിതയുടെ കഥ നിങ്ങളിൽ പലരും കേട്ടിട്ടുണ്ടാകും. ഏറ്റവും പ്രകോപനകരമായ ഒരു രംഗത്ത് അവർ പരമശാന്തത പാലിച്ചു. ഇതെപ്പറ്റി അഭിനന്ദനസൂചകമായി ഒരു സുഹൃത്ത് പിന്നീട് ഇങ്ങനെ പരാമർശിച്ചു “നിങ്ങൾക്ക് അത്ര മധുരമായി പെരുമാറാൻ ആ രംഗത്ത് എങ്ങനെ കഴിഞ്ഞു? നിങ്ങൾക്ക് സംഭവിച്ചത് എനിക്കാണ് നേരിട്ടതെങ്കിൽ ഞാൻ ദേഷ്യം കൊണ്ട് പൊട്ടിത്തെറിച്ചേനെ. എന്നാൽ നിങ്ങൾ അങ്ങനെ ചെയ്തില്ലല്ലോ”

**നമ്മുടെ പാപകരമായ തോന്നലുകൾ പ്രകടിപ്പിക്കാതെ അടക്കി വയ്ക്കുന്നതല്ല വിജയം. നാം അങ്ങനെ പ്രകടിപ്പിക്കാതിരിക്കുന്നതു നാം എത്ര പാപികളാണെന്നു മറ്റുള്ളവർ മനസ്സിലാക്കുമല്ലോ എന്ന ചിന്ത കൊണ്ടാണ്. മാത്രമല്ല തന്റെ സ്വഭാവം ഒളിച്ചു വയ്ക്കാൻ ദൈവത്തിന്റെ കൃപ ആവശ്യമില്ല. ഒരു കടയിലെ സെയിൽസ്മാൻ ദിവസം മുഴുവൻ പ്രകോപിതനാകാതെ പെരുമാറുമല്ലോ. എന്തുകൊണ്ട്? മറിച്ചു പെരുമാറിയാൽ അവനു തന്റെ ജോലി നഷ്ടപ്പെടും.**

ക്വാക്കർ വനിത ഇങ്ങനെ മറുപടി പറഞ്ഞത്രേ:“ ഞാൻ പൊട്ടിത്തെറിച്ചില്ലായിരിക്കാം. പക്ഷേ ഉള്ളിൽ എന്തൊരു തിളച്ചുമറിയലാണ് ആ സമയത്തുണ്ടായിരുന്നതെന്ന് നിങ്ങൾക്ക് അറിയില്ലല്ലോ.”

ഇതല്ല വിജയം. നമ്മുടെ പാപകരമായ തോന്നലുകൾ പ്രകടിപ്പിക്കാതെ അടക്കി വയ്ക്കുന്നതല്ല വിജയം. നാം അങ്ങനെ പ്രകടിപ്പിക്കാതിരിക്കുന്നതു നാം എത്ര പാപികളാണെന്നു മറ്റുള്ളവർ മനസ്സിലാക്കുമല്ലോ എന്ന ചിന്ത കൊണ്ടാണ്. മാത്രമല്ല തന്റെ സ്വഭാവം ഒളിച്ചുവയ്ക്കാൻ ദൈവത്തിന്റെ കൃപ ആവശ്യമില്ല. ഒരു കടയിലെ സെയിൽസ്മാൻ ദിവസം മുഴുവൻ പ്രകോപിതനാകാതെ പെരുമാറുമല്ലോ. എന്തുകൊണ്ട്? മറിച്ചു പെരുമാറിയാൽ അവനു തന്റെ ജോലി നഷ്ടപ്പെടും.. ഒരു ബിസ്സിനസ്സുകാരൻഒരു ഓർഡർ കിട്ടാനും ആ വിധം പെരുമാറും.. ഒരു മാന്യൻ തന്റെ അന്തസ്സിനു കോട്ടം





തട്ടാതിരിക്കാനും അങ്ങനെ ചെയ്യുന്നു. സാമൂഹികപ്രവർത്തകയായ ഒരു മാന്യമഹിളയും സമൂഹത്തെക്കരുതി മാന്യത പാലിക്കുന്നു. ഇതൊന്നും വിജയകരമായ ജീവിതമല്ല.

### ആ അത്ഭുതം നടക്കുമ്പോൾ

യഥാർത്ഥവിജയം എന്താണെന്ന് ഒരു അമേരിക്കൻ പ്രസംഗകൻ പറഞ്ഞ ഈ സംഭവം വ്യക്തമാക്കും: ഒരു വനിതാമിഷനറി ക്രിസ്തുവിനായി സമർപ്പിതയായിരുന്നെങ്കിലും യഥാർത്ഥ വിജയത്തിനായി ഒരിക്കലും കർത്താവിലേക്കു നോക്കിയിരുന്നില്ല. അവൾ തന്റെ പെരുമാറ്റം ഒട്ടും മെച്ചമാകുന്നില്ലെന്നു കണ്ടു ദുഃഖിതയായി. തന്റെ പരാജയത്തിൽ അവൾക്കു മനം മടുത്തു. അവളുടെ പരിശ്രമങ്ങളെല്ലാം വൃഥാവായതു പോലെ. ക്രിസ്തുവിലുള്ള ലളിതമായ വിശ്വാസവും വിജയകരമായ ജീവിതം ദൈവത്തിന്റെ ദാനം മാത്രമാണെന്നുമുള്ളനിലപാടും മൂലം വിജയമുണ്ടെന്ന സത്യം ഒരു സുഹൃത്ത് അവളെ ബോധ്യപ്പെടുത്തി. ചില നാളുകൾക്കു ശേഷം ഈ സുഹൃത്തിന് അവളെഴുതിയ കത്ത് ആത്മീയ ജീവിതത്തിൽ അവൾ നേടിയ അത്ഭുതകരമായ കാര്യത്തെ ഇങ്ങനെ സാക്ഷിച്ചു:“ഞാൻ നിനക്ക് ഇതേപ്പറ്റി നേരത്തെ എഴുതാൻ ആഗ്രഹിച്ചു. എന്നാൽ വിജയം നിലനില്ക്കുമോ എന്ന കാര്യത്തിൽ എനിക്കു പേടി ഉണ്ടായിരുന്നു. പക്ഷേ അതു നിലനിന്നു! നിനക്കറിയാമോ കഴിഞ്ഞ മൂന്നു മാസമായി വേലക്കാരുടെ അടുത്ത്ദേഷ്യപ്പെട്ട് വാതിൽ വലിച്ചടച്ചില്ലെന്നു മാത്രമല്ല അതിനുള്ള ആഗ്രഹം പോലും എന്നിൽ ഇല്ലാതായി.” അതെ അതാണു വിജയം.

അതൊരു അത്ഭുതമായി നാം തിരിച്ചറിയണം.നല്ല തീരുമാനങ്ങൾ, ഇച്ഛാശക്തി എന്നിവയ്ക്കു നമ്മുടെ ഇഷ്ടാനിഷ്ടങ്ങളെ നിയന്ത്രിക്കുവാൻ കഴിയുകയില്ല. പക്ഷേ ദൈവത്തിനു കഴിയും .പാപകരമായ കാര്യങ്ങൾ ചെയ്യുവാനുള്ള ആഗ്രഹത്തെത്തന്നെ അവിടുത്തേക്ക് എടുത്തു മാറ്റുവാൻ കഴിയും.

**മറ്റുള്ളവർ നിന്നെ മുറിവേൽപിക്കുകയും എതിർക്കുകയും ചെയ്യുമ്പോൾ നിന്റെ ആദ്യതോന്നൽ എന്താണ്? അതവരോട് സ്വാഭാവികമായ സ്നേഹത്തിന്റെ ഒരു ഒഴുക്കാണോ? അതോ അവരെ സ്നേഹിക്കാനും നീരസം ഇല്ലാതിരിക്കുവാനും ഒരടിയന്തിരപ്രാർത്ഥന നടത്തേണ്ട ആവശ്യകത നമുക്കു തോന്നാറുണ്ടോ?.**

ക്രിസ്ത്യാനികളുടെ ഒരേയൊരു പാപം, ഈ മട്ടിലുള്ള ‘വികാരക്ഷോഭം’ മാത്രമല്ല. ഏറ്റവും നല്ല പരിശോധന സ്നേഹം സംബന്ധിച്ച് നാം എങ്ങനെയുണ്ടെന്ന് അളക്കുന്നതാണ്. നമുക്ക് ‘ശത്രുക്കളെ’ (നമ്മെ ബഹുമാനമില്ലാതെ ചൂഷണം ചെയ്യുന്നവരും പീഡിപ്പിക്കുന്നവരുമായ ആളുകളെ) സ്നേഹിക്കാൻ കഴിയുന്നുണ്ടോ? നാം അവരെ എന്തുവന്നാലും സ്നേഹിക്കുമോ? “അവനെ സ്നേഹിക്കണമെങ്കിൽ അവനെ ആദ്യം അടിച്ചു നിലത്തിടണം”. ഈ എഴുത്തുകാരനോട് ഒരിക്കൽ ഒരു സുവിശേഷപ്രവർത്തകൻ തന്റെ സ്നേഹിതനെക്കുറിച്ചു പറഞ്ഞതാണിത്! മറ്റുള്ളവർ നിന്നെ മുറിവേൽപിക്കുകയും എതിർക്കുകയും ചെയ്യുമ്പോൾ നിന്റെ ആദ്യതോന്നൽ എന്താണ്? അതവരോടുള്ള സ്വാഭാവികമായ സ്നേഹത്തിന്റെ ഒരു ഒഴു

ക്കാണോ? അതോ അവരെ സ്നേഹിക്കാനും നീരസം ഇല്ലാതിരിക്കുവാനും ഒരടിയന്തരപ്രാർത്ഥന നടത്തേണ്ട ആവശ്യകത നമുക്കു തോന്നാറുണ്ടോ?. ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കുന്നതു കാണിക്കാനുള്ള അവസരങ്ങളായി എതിർപ്പുകൾ, ദയയും മര്യാദയുമില്ലാത്ത ഇടപെടലുകൾ, പരുഷമായ പെരുമാറ്റം എന്നിവയെ നാം സ്വാഗതം ചെയ്യാറുണ്ടോ?. ചെറിയ കാര്യങ്ങളിലാണ് പലപ്പോഴും നാം പരീക്ഷിക്കപ്പെടുന്നത്.

**ക്രിസ്തുവിന്റെ സ്നേഹത്തിനു കീഴിൽ**

“സ്നേഹരഹിതരെ എനിക്കു സ്നേഹിക്കാൻ കഴിയുകയില്ല”-പല ക്രിസ്ത്യാനികളും ഇങ്ങനെ പറയുന്നതു നാം എത്രവട്ടം കേട്ടിട്ടുണ്ട്! അതേ, മനുഷ്യനെക്കൊണ്ട് ഇത്രയേ കഴിയൂ. മറ്റൊരാളെ സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കാൻ നമുക്കു സാദ്ധ്യമല്ല. സ്നേഹിക്കാൻ കഴിയുമെന്നു തോന്നുന്ന കാര്യങ്ങൾക്കു മാത്രമേ മാനുഷിക സ്നേഹത്തെ ഉണർത്താൻ കഴിയുകയുള്ളു. എന്നാൽ ദൈവസ്നേഹം -ക്രിസ്തുവിന്റെ സ്നേഹം -എല്ലാറ്റിനേയും ആലിംഗനം ചെയ്യുന്നതാണ്. എല്ലാവരെയും സ്നേഹിക്കാൻ കൊള്ളവുന്നവരായി കാണുന്നതാണ്. ക്രിസ്തു സമൃദ്ധിയായി നമ്മുടെ ഹൃദയങ്ങളിൽ വസിച്ചാൽ നാം ശത്രുക്കളേയും സ്നേഹിക്കും. ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുമ്പോൾ സ്നേഹമില്ലായ്മയെ പുറംതള്ളുന്നതിൽ വിജയമുണ്ട്. (റോമ.5:5) യഥാർത്ഥ വിജയത്തിന്റെ നിർവ്വചനം ഇവിടെ കാണാം.

**സ്നേഹത്തെ സഹായിക്കുന്ന വസ്തുതകൾ**

നമ്മുടെ ഏറ്റവും ഉന്നതമായ പ്രതീക്ഷയ്ക്കും അപ്പുറത്താണ് അതെന്ന് ആദ്യം തോന്നും. പലരും അത് അസാധ്യമായിത്തന്നെ കണക്കാക്കും. മനുഷ്യനെ സംബന്ധിച്ച് അത് അസാധ്യമാണ്. എന്നാൽ ദൈവത്തെ സംബന്ധിച്ച് ഇക്കാര്യങ്ങൾ സാധ്യം. ഇതൊരു അത്ഭുതമാണ്. ദൈവം ദിനംതോറും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. സഹക്രിസ്ത്യാനിയേ, അത് അസാധ്യമാണെന്നു നിനക്കു തോന്നുന്നതു കൊണ്ട് വിജയകരമായ ജീവിതം എന്ന ആശയം ഉപേക്ഷിച്ചു കളയല്ലേ. തന്റെ തിരുവിഷ്ടം ചെയ്യുന്നതിനായി ഇച്ഛിക്കുവാനും പ്രവർത്തിക്കുവാനും നിന്നെ പ്രേരിപ്പിക്കുവൻ അവിടുത്തേക്കു കഴിയുമെന്ന് വിശ്വസിക്കുകയും ക്രിസ്തുവിനു മുൻപാകെ കീഴടങ്ങുകയും ചെയ്യുക.(ഫിലി.2: 13)

തങ്ങളുടെ വിശ്വാസം വേണ്ടത്ര ശക്തമല്ലെന്നു പലരും പറയാറുണ്ട്. നിങ്ങൾ അതുപയോഗപ്പെടുത്തുമെങ്കിൽ വിശ്വാസം കടുകുമണിയോളമായാലും അതു മതി. നിങ്ങളുടെ വിശ്വാസത്തെയും സ്നേഹത്തെയും വർദ്ധിപ്പിക്കാവുന്ന രണ്ടു കാര്യങ്ങൾ പറയട്ടെ.

ഓർക്കുക:

1. നാം സ്നേഹിക്കാൻ കൊള്ളാത്തവരെന്നു കരുതുന്നവരെയും കർത്താവായ യേശു പ്രിയമായി സ്നേഹിക്കുന്നുണ്ട്.-നമ്മെ സ്നേഹിക്കുന്നതിൽ നിന്ന് ഒരു കഴഞ്ചു പോലും കുറയാതെ. ക്രിസ്തുവിന്റെ കണ്ണോടെ നമുക്കവരെ കാണരുതോ?.

വൃത്തികെട്ട, അലഞ്ഞുതിരിഞ്ഞു നടക്കുന്ന, ഒരു നാടോടി പയ്യനെ കൂട്ടിമുട്ടുന്നതു ഒഴിവാക്കാനായി അവനെ കണ്ടപ്പോഴേ റോഡിനു മറുവശത്തേക്കു പോകാൻ ശ്രമിച്ച ഒരു മാന്യവനിതയോട് അവൻ പറഞ്ഞതിങ്ങനെ: “എന്നെ പേടിക്കല്ലേ മാഡം. എന്റെ അമ്മയും ഒരു സ്ത്രീയാണ്.”

“എന്നെ സ്നേഹിക്കാൻ വിസ്സമ്മ

(ശേഷം പേജ് 32 ൽ)





മൂകസന്ദേശം-15

# കഴുതകളും കുതിരകളും

സന്ദീപ് പുന്നൻ

**ജീ**വശാസ്ത്രപരമായി ഒരേ കുടുംബത്തിൽ(ഇക്വിഡേ) പെട്ടവരാണ് കഴുതകളും കുതിരകളും. അതുകൊണ്ടാണ് അവ രണ്ടും ഒരുപോലെയാണെന്ന് വിശ്വസിക്കുവാൻ നമുക്കു വലിയ പ്രയാസമില്ലാത്തത്. അതേ സമയം ഒരു കഴുതയെ കണ്ടിട്ട് കുതിരയാണെന്ന് തെറ്റിധരിക്കുന്നവർ അധികം പേരുണ്ടെന്ന് എനിക്കു തോന്നുന്നില്ല. അവ രണ്ടും ഒരേ കുടുംബത്തിൽ പെട്ടതാണെന്നത് നേര്. എന്നാൽ അവ കാഴ്ചയിലും ലക്ഷ്യത്തിലും വ്യത്യാസമുള്ളവയാണ്!

അടുത്തയിടെ ഞാൻ ഒരു പറ്റം ചെറുപ്പക്കാരെ കഴുതയുടെയും കുതിരയുടെയും പടം കാണിച്ച് അവരുടെ മനസ്സിൽ വരുന്ന അഭിപ്രായങ്ങൾ പറയാൻ ആവശ്യപ്പെട്ടു. ഓരോ മൃഗങ്ങളെക്കുറിച്ചും അവർ പറഞ്ഞ കാര്യങ്ങൾ തമ്മിൽ വലിയ അന്തരമുണ്ടായിരുന്നില്ല.

കുതിരയെ വിശേഷിപ്പിക്കാൻ അവർ ഉപയോഗിച്ച വാക്കുകൾ: ഗംഭീരം, വേഗം, അന്തസ്സുറ്റത്, സുന്ദരം, വിലയേറിയത്, ആഗ്രഹിക്കത്തക്കത്.

കഴുതയെക്കുറിച്ചു പറഞ്ഞ വാക്കുകൾ: ബുദ്ധിയില്ലായ്മ, പിടിവാശി, അലങ്കോലം, അസുന്ദരം, വലിയ ചെവികൾ, വില കുറഞ്ഞത്, ശല്യപ്പെടുത്തുന്ന മൃഗം.

ഈ വിലയിരുത്തലുകൾ ആരേയും അത്ഭുതപ്പെടുത്തുകയില്ലെന്ന് എനിക്കറിയാം.നൂറ്റാണ്ടുകളായി രാജാക്കന്മാരും ലോകരാഷ്ട്രനേതാക്കളും കുതിരയെയാണ് ഓടിച്ചിരുന്നത്; കഴുതയെയല്ല! പഴയ കാലത്തെ ലോകനേതാക്കളുടെ പ്രതിമകളും ചിത്രങ്ങളും അവർ കുതിരപ്പുറത്തിരിക്കുന്ന നിലയിലാണ് നമ്മിൽ പലരും കണ്ടിരിക്കുന്നത്.

ബൈബിൾ കാലഘട്ടത്തിലും രാജാക്കന്മാർ കുതിരപ്പുറത്തോ കുതിരകൾ വലിച്ചിരുന്ന രഥങ്ങളിലോ സഞ്ചരിച്ചിരുന്നതായി നാം കാണുന്നു. യുദ്ധം ജയിച്ച ശേഷം രാജാക്കന്മാരും സേനാനായകരും‘നഗരപ്രവേശം’ നടത്തിയിരുന്നത് കുതിരപ്പുറത്തോ കുതിരകൾ വലിച്ചിരുന്ന രഥങ്ങളിലോ ആയിരുന്നു. രാജാക്കന്മാർ ഒരിക്കലും കഴുതപ്പുറത്ത് യാത്ര ചെയ്യാറില്ല. യേശുവിന്റെ കാലത്തും ഇതായിരുന്നു അവസ്ഥ.. രാജാക്കന്മാരും പ്രഭുക്കളും കുതിരപ്പുറത്തു സഞ്ചരിക്കുന്ന യെഹൂദസംസ്കാരത്തെക്കുറിച്ച് റോമൻ ചക്രവർത്തിമാർക്കും ബോധ്യമുണ്ടായിരുന്നു!.പാവങ്ങൾക്കും തൊഴിലാളികൾക്കും വേണ്ടിയാണ് കഴുതകൾ.

ഇതു മനസ്സിൽ വെച്ചുകൊണ്ടു വേണം യെരുശലേമിലേക്കുള്ള തന്റെ ‘ജൈത്രയാത്ര’ യേശു എങ്ങനെയാണ് പ്ലാൻ ചെയ്തതെന്നു ചിന്തിക്കാൻ. തന്റെ രാജ്യം ആളുകളെ പരിചയപ്പെടുത്താൻ വരുമ്പോൾ ഉപയോഗിച്ച മൃഗത്തെ അദ്ദേഹം തികച്ചും ബോധപൂർവ്വമായാണ് തിരഞ്ഞെടുത്തത്.

മർക്കോ.11: 2-3

"(യേശു) അവരോട്: നിങ്ങൾ എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ. അതിൽ കടന്നാൽ ഉടനെ ആരും ഒരിക്കലും കയറിയിട്ടില്ലാത്തഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും.അതിനെ അഴിച്ചുകൊണ്ടു വരുവിൻ. ഇതു ചെയ്യുന്നത് എന്ത് എന്നാരെങ്കിലും നിങ്ങളോടു ചോദിച്ചാൽ കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യമുണ്ടെന്നു പറവിൻ. അവൻ ക്ഷണത്തിൽ അതിനെ ഇങ്ങോട്ടയയ്ക്കും എന്നു പറഞ്ഞു."

യേശു തിരഞ്ഞടുത്തത് ഒരു കഴുതക്കുട്ടിയെയാണ്. തന്റെ വിജയകരമായ പട്ടണപ്രവേശത്തിന് കർത്താവിന് 'ആവശ്യ'മായിരുന്നത് ഈ പ്രായം കുറഞ്ഞ, മുൻപ് ആരും കയറി പരീക്ഷിച്ചുനോക്കിയിട്ടില്ലാത്ത, കഴുതക്കുട്ടിയെയാണ്!.ആൾക്കൂട്ടത്തിനു മുമ്പിൽ തന്റെ രാജ്യം പ്രദർശിപ്പിക്കാനായി പോകുമ്പോൾ തന്റെ വാഹനമൃഗമാകാൻ അവിടത്തേക്കു കഴുതയെത്തന്നെ വേണ്ടിയിരുന്നു! തന്റെ രാജ്യത്തിനു കുതിരയുടെ ധാടിമോടികൾ അവിടത്തേക്കു വേണ്ട. മറിച്ച് സാധാരണത്തവും ലാളിത്യവുമുള്ള കഴുതയെ മതി.

യേശു യെരുശലേമിൽ പ്രവേശിച്ചപ്പോൾ ആളുകൾ കുരുത്തോലയേന്തി യേശുവിന് ഓശാന പാടുകയും ദൈവത്തെ പുകഴ്ത്തുകയും ചെയ്തുവെന്ന് അടുത്ത വാക്യങ്ങളിൽ നമ്മൾ വായിക്കുന്നു.കുതിരപ്പുറത്തല്ല കഴുതമേലാണ് അവിടുന്ന് വാഹനമേറി വരുന്നതെന്ന് തീർച്ചയായും അവർ ശ്രദ്ധിച്ചു കാണും. പക്ഷേ അതിന്റെ പ്രാധാന്യം അവർ മനസ്സിലാക്കിയെന്ന് തോന്നുന്നില്ല.. രണ്ടായിരം വർഷങ്ങൾക്കു ശേഷം ഇന്നിതു വായിക്കുന്ന നമ്മളിൽ പലരും തന്നെ യേശു കഴുതയെ തിരഞ്ഞെടുത്തതിന്റെ പ്രാധാന്യം മനസ്സിലാക്കാറുണ്ടോ എന്ന് ഞാൻ അത്ഭുതപ്പെടാറുണ്ട്

നമ്മുടെ ജീവിതത്തിലെ കുഴച്ചിലും തകർന്ന അനുഭവവും കണ്ട് ദൈവത്തിനു നമ്മെ ഉപയോഗിക്കുവാൻ ഇനി കഴിയുകയില്ലെന്ന് ചിന്തിക്കാറുണ്ട്.നമ്മുടേതായ കഴിവുകളും വ്യക്തിത്വവും കൊണ്ട് പ്രവർത്തിച്ച് നമ്മുടെ നിലവിലുള്ള മോശപ്പെട്ട അവസ്ഥ മാറ്റിയെടുത്താൽ ദൈവത്തിനു നമ്മെ ഉപയോഗിക്കാൻ കഴിയുമെന്നാണ് നാം വിചാരിക്കുന്നത്. നമ്മുടെ താഴ്ന്ന നിലവാരം, അരക്ഷിതാവസ്ഥ എന്നിവ മാറ്റിയെടുത്ത് അൽപം കൂടി സൗന്ദര്യവും അന്തസ്സും മാന്യതയുമുള്ള ഒരു കുതിരയായി മാറിയാൽ കർത്താവിനു നമ്മെ പ്രയോജനപ്പെടുത്താനാകും എന്ന് നാം കരുതുന്നു. അപ്പോൾ ദൈവത്തിനു തന്റെ സ്നേഹം പ്രദർശിപ്പിക്കാൻ യോഗ്യമായ വാഹനമൃഗമായി മാറും എന്ന് നാം ചിന്തിക്കുന്നു.

ഇങ്ങനെ ചിന്തിക്കുമ്പോൾ കൂടുതൽ വിശുദ്ധിയും നീതിയുമുള്ള ചിന്ത ഇതാണെന്ന് കരുതി നാം സ്വയം വഞ്ചിക്കപ്പെട്ടുപോകാൻ സാദ്ധ്യതയുണ്ട്. യേശുവിന്റെ ഭാഗത്തു നിന്നും നാം കാര്യങ്ങൾചിന്തിക്കുകയാണെന്നും തന്നെ കൂടുതൽ ആദരിക്കുകയാണ് നമ്മുടെ ലക്ഷ്യമെന്നും നാം സ്വയം വിശ്വസിച്ചേക്കാം.

അതുകൊണ്ട് നമ്മൾ ഇങ്ങനെ പറയും: "എന്റെ ആത്മീയജീവിതം കഴുതയുടേതു പോലെയാണെന്ന് എനിക്കും അവിടുത്തേക്കും അറിയാം. എന്റെ ആത്മീയതയെ സംബന്ധിച്ച് സുന്ദരമായ ഒരു കാര്യമെങ്കിലും കണ്ടെത്താൻ പ്രയാസമാണ്. അതേസമയം അവിടുന്ന് രാജാവാണ്-എല്ലാ രാജാക്കന്മാരെക്കാളും വലിയ രാജാവ്. അതുകൊണ്ട് അവിടുന്ന്ഗാംഭീര്യമുള്ള ഒരു കുതിരയെ കിട്ടാൻ അർഹനാണ്. അവിടുത്തെ പദവിക്കു ചേർന്ന സൗന്ദര്യമുള്ള അന്തസ്സുള്ള ഒരു മൃഗം. അതുകൊണ്ട് എന്നെത്തന്നെ ഒന്ന് നന്നാക്കിയെടുക്കാൻ അനുവദിക്കുക. എന്റെ പ്രവൃത്തികളെ ഒന്ന് ശുദ്ധീകരിച്ച് അവിടുത്തേക്കു ഞാൻ യോഗ്യനായിത്തീരട്ടെ. ഞാൻ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽത്തന്നെ അവിടുന്ന്, രാജാവായി പ്രദർശിപ്പിക്കാൻ തുനിഞ്ഞാൽ കർത്താവേ അതൊരു വൈരുദ്ധ്യം ആയിരിക്കും. മാത്രമല്ല എന്നെ പരിശോധിക്കുകയോ പരീക്ഷിച്ചു നോക്കുകയോ ചെയ്തിട്ടില്ല-ഞാൻ ഇപ്പോഴും ഒരു ഇളംകഴുതയാണ്. ഞാൻ സ്വയം ഒന്ന് ക്രമീകരിച്ച് കൂടുതൽ ആത്മവിശ്വാസം നേടുന്നതു വരെ, അൽപം കൂടി പ്രായമാകുന്നതു വരെ ക്ഷമിച്ചാലും. അപ്പോൾ ഞാൻ ഏറെക്കുറെ കുതിരയെപ്പോലെയാകും. അപ്പോൾ ഞാൻ അങ്ങയെ വഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അങ്ങയെ പ്രദർശിപ്പിക്കാനും യോഗ്യനാകും."

പക്ഷേ മർക്കോസ് 11ലെ സന്ദേശം വളരെ വ്യക്തമാണ്. അവിടുത്തേക്ക് ഒരു കുതിരയെ വേണ്ട, കഴുതകളെയാണ് അവിടുത്തേക്കാവശ്യം. ഈ ലോകത്തിലെസൗന്ദര്യവും യോഗ്യതയുമുള്ള കുതിരകളെയല്ല, വെറും സാധാരണ കഴുതകളെയാണ് അവിടുന്ന് ഉപയോഗിക്കാൻ ആഗ്രഹിക്കുന്നത്


നിങ്ങൾ നിങ്ങളുടെ ആത്മീയതയെത്തന്നെ നിറം മങ്ങിയതും മുഷിഞ്ഞതുമായി കണ്ട് ദൈവത്തിന് നിങ്ങളെക്കൊണ്ട് പ്രയോജനമില്ലെന്നു ചിന്തിച്ച് തല കുനിച്ചു നടക്കുന്നവനാണെങ്കിൽ ദൈവത്തിനു നിങ്ങളെയാണ് ആവശ്യമെന്ന് മനസ്സിലാക്കുക. നിങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ അവിടുത്തേക്ക് നിങ്ങളെ ഉപയോഗിക്കുവാൻ കഴിയും.

കഴുതയെ എന്തോ സങ്കീർണ്ണമായ കാര്യത്തിനു വേണ്ടിയല്ല ദൈവത്തിനു ആവശ്യമായിരിക്കുന്നത്. മറിച്ച് ദൈവത്തിനു വളരെ ലളിതമായ ഒരു ഉദ്ദേശ്യമേയുള്ളു-യേശുവിനെ പ്രദർശിപ്പിക്കുക. നിങ്ങൾ യേശുവിനെ ഉള്ളിൽ വഹിക്കുന്നവരാകണം. യേശു വാഹനമേറാൻ നല്ല മനോഹരമായ ഒരു കുതിരയെ ഉപയോഗിച്ചാൽ ആളുകൾ യേശുവിനെക്കാൾ ആ കുതിരയെ ആദരിച്ചെന്നു വരും. അതുകൊണ്ട് യേശു യെരുശലേമിലേക്ക് കഴുതപ്പുറത്തേറി വന്നപ്പോൾ യേശുവിലായിരുന്നു മുഴുവൻ ശ്രദ്ധയും. യേശുവിനാണ് എല്ലാ പുകഴ്ചയും ലഭിച്ചതും!

അതുകൊണ്ട് യേശുവിന്റെ അടുത്തേക്ക് നാം ആയിരിക്കുന്ന അവസ്ഥയിൽ വരിക-നമ്മുടെ തകർന്ന, വൃത്തിയില്ലാത്ത,കുഴപ്പംപിടിച്ച ആത്മീയതയുമായി വന്നശേഷം പറയുക "യേശുവേ അവിടുന്ന് എന്നെയാണു വിളിച്ചതെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ മിക്കപ്പോഴും കഴുതയെപ്പോലെയാണ് ചിന്തിക്കുകയും പെരുമാറുകയും ചെയ്യുന്നതെന്ന് അവിടുത്തേക്ക് വ്യക്തമായി അറിയാമെങ്കിലും യേശുവേ എന്നെയാണ് അവിടുത്തേക്കാവശ്യം. എന്തായാലും അവിടുന്ന് വിളിച്ചതുകൊണ്ട് ഞാൻ വരുന്നു. ഞാനിതാ അവിടുത്തെ ശുശ്രൂഷയ്ക്കു സന്നദ്ധനായിരിക്കുന്നു. മറ്റുള്ളവരും ഞാൻ തന്നെയും എന്നെക്കുറിച്ച് എന്തു ചിന്തിച്ചാലും ഞാൻ അവിടുത്തെ സ്വരം മാത്രം വിശ്വസിക്കുന്നു-എന്നെ അവിടുത്തേക്ക് ആവശ്യമുണ്ട്. അവിടുത്തേക്ക് എന്നെ ആവശ്യമുണ്ടെന്നു പറഞ്ഞതു തീർത്തും അർത്ഥമാക്കിയാണെന്നും ഞാൻ വിശ്വസിക്കുന്നു. അവിടുന്നെന്നെ ഉപയോഗിക്കും -അവിടുത്തെ ലക്ഷ്യത്തിനായി,അവിടുന്ന് ഉയർത്തപ്പെടേണ്ടതിനായി." ○

# ജൊഹാൻ ആന്റ്

മതങ്ങൾ (ക്രിസ്തുമതം ഉൾപ്പെടെ), ജീവിപ്പിക്കുന്ന ആത്മാവിന്റെ സ്ഥാനത്ത് നിർജ്ജീവമായ അക്ഷരങ്ങൾ പ്രതിഷ്ഠിക്കപ്പെട്ട് ഘനീഭവിച്ചു പോകുന്ന അപകടത്തിലാണ് എല്ലായ്പ്പോഴും. ജീവനുള്ള ദൈവത്തിൽ വിശ്വസിക്കേണ്ട സ്ഥാനത്ത് ആചാരാനുഷ്ഠാനങ്ങളിൽ ആശ്രയിക്കുന്ന അപകടം എക്കാലത്തും നിലനിൽക്കുന്നു. നമ്മുടെ പ്രാദേശികസഭയിലെ അടുത്ത ആരാധനയോഗം വരെ കാത്തുനിന്നാൽ മതി ഈ പ്രസ്താവന സത്യമാണെന്ന് ഗ്രഹിക്കാൻ.



പതിനാറാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ വിശ്വാസത്താൽ മാത്രമുള്ള നീതീകരണം എന്ന മാർട്ടിൻ ലൂഥറിന്റെ ധീരമായ പുത്തൻ ഉപദേശം പ്രൊട്ടസ്റ്റന്റ് നവീകരണകർത്താക്കളെ ശക്തമായി സ്വാധീനിക്കുകയുണ്ടായി. റോമിലെ സഭയുടെ നിർജ്ജീവമായ ഭക്തിവേഷങ്ങൾക്കെതിരെ മുറവിളി കൂട്ടുവാൻ അവർ ധൈര്യപ്പെട്ടു. സ്വാർത്ഥരായ ക്രിസ്തീയസന്യാസിമാർ, മരിച്ചവർക്കു വേണ്ടിയുള്ള കുർബാനകൾ, തികച്ചും ലൗകികരായ പാപ്പാമാർ ഇതൊക്കെ നവീകരണക്കാർക്ക് സഹിക്കാനാവാതായി. കാലാന്തരത്തിൽ മാറ്റങ്ങൾ ദൃശ്യമായി. വിദ്യാസമ്പന്നരായ ഇടയന്മാർ, ബൈബിൾ പരിഭാഷകർ, സുവിശേഷാധിഷ്ഠിതമായ ഉപദേശവിധികൾ, സമൂഹകീർത്തനങ്ങൾ, സുഗ്രാഹ്യമായ പ്രസംഗങ്ങൾ ഇതൊക്കെ ക്രൈസ്തവസമൂഹത്തിനു ലഭ്യമായി. എന്നാൽ അതേ നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും നവീകരണത്തിനു തന്നെ ഒരു നവീകരണം ആവശ്യമായി വന്നു. ജർമ്മനിയിൽ മിക്ക ഇടങ്ങളിലും യാഥാസ്ഥിതികരായ ലൂഥറൻ പുരോഹിതർ യാഥാസ്ഥിതികരായ കത്തോലിക്കാ പുരോഹിതർക്കു പകരം വന്നു എന്നതായിരുന്നു സത്യം. സുരക്ഷിതത്വത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള ആർത്തി സഭകളുടെ അതിരുകളെ ഭേദിക്കുന്നതായിരുന്നു താനും.

പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ജൊഹാൻ ആന്റ് ജർമൻ ഭക്തിമാർഗ്ഗത്തിന്റെ നിഗൂഢവും ശക്തവുമായ സ്രോതസ്സായിരുന്നു.

പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ജർമനിയിലെ ഹെംസ്റ്റാറ്റ് സർവ്വകലാശാലയിൽ ജൊഹാൻ ആന്റ് വൈദ്യശാസ്ത്രപഠനത്തിനായി ചേർന്നു. അനാരോഗ്യം മൂലം വൈദ്യശാസ്ത്രപഠനം തുടരാൻ കഴിയാത്ത സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധ വേദശാസ്ത്രത്തിലേക്ക് തിരി





ഞ്ഞു. മിസ്റ്റിക്ക് എഴുത്തുകാരോട് വല്ലാത്ത ഒരു താത്പര്യം വിദ്യാർഥിയായ ആന്റിന് ഉണ്ടായി. ഈ പഠനം, അയാളെ വിറ്റൻബർഗ്, സ്ട്രാ സ്ബർഗ്, ബാസൽ തുടങ്ങിയ പട്ടണങ്ങളിലേക്ക് കൊണ്ടുപോയി. ഒടുവിൽ 1584ൽ ബാഡൻബോൺ എന്ന സ്ഥലത്ത് സഭാശുശ്രൂഷകനായി. സഭാംഗങ്ങൾക്കു ക്രിസ്തീയ സ്നാനം നൽകുന്നതിനു മുമ്പ് അവരിലുള്ള അശുദ്ധാത്മാക്കളെ പുറത്താക്കാൻ പ്രാർത്ഥിക്കുന്ന പതിവ് ജൊഹാൻ ആന്റിന് ഉണ്ടായിരുന്നു. ആ സ്ഥലത്തെ പ്രഭുവിന് ഈ കാര്യത്തിൽ വിയോജിപ്പുണ്ടായതിനാൽ 1599ൽ ബ്രോൺവെർഗ് എന്ന മറ്റൊരു സ്ഥലത്തേക്ക് ആന്റ് താമസം മാറ്റി. ആ പട്ടണത്തിലെ ജനങ്ങൾ അവിടത്തെ പ്രഭുവുമായി പോരാട്ടത്തിലാണെന്നും അവിടുത്തെ ആത്മീയനിലവാരം തീരെ താണതാണെന്നും അദ്ദേഹം കണ്ടു. ഈ സാഹചര്യത്തിലാണ് 'യഥാർത്ഥ ക്രിസ്ത്യാനിത്വം' എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചത്. പുസ്തകരചനയുടെ ലക്ഷ്യം ആമുഖത്തിൽ ആന്റ് വിവരിക്കുന്നുണ്ട്. തികച്ചും ദൈവഭയമില്ലാതെ ജീവിക്കുമ്പോഴും അനേകർ നാവുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നു എന്നതാണ് സത്യം. യഥാർത്ഥ ക്രിസ്ത്യാനിത്വം ഭാഗികമായി ഈ അവസ്ഥയോടുള്ള പ്രതിഷേധമാണെങ്കിൽ, ക്രിസ്തീയശിക്ഷണവും ഇതിൽ കണ്ടെത്താം.

പ്രസ്തുത ഗ്രന്ഥത്തിൽ നിന്നുള്ള ഒരു ഭാഗം താഴെ ചേർക്കുന്നു. ഈ ഭാഗത്ത് അദ്ദേഹം യഥാർത്ഥ ഹൃദയാരാധനയുടെ തെറ്റിപ്പോകാത്ത ലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് നമ്മോടു പറയാൻ ശ്രമിക്കുന്നു.

# യഥാർത്ഥ അഗ്നി

അഹരോന്റെ പുത്രന്മാർ യഹോവയുടെ മുമ്പാകെ അന്യാഗ്നി(അശുദ്ധമായ അഗ്നി) കത്തിച്ചതിനാൽ യഹോവയുടെ സന്നിധിയിൽ നിന്നുള്ള അഗ്നി അവരെ ദഹിപ്പിച്ചുകളഞ്ഞു. (ലേവ്യ.10:1-2)

അന്യാഗ്നി, വ്യാജ ആരാധനയെ സൂചിപ്പിക്കുന്നു. യാഗവസ്തുവിനെ ദഹിപ്പിക്കാനായി യാഗപീഠത്തിന്റെ മുമ്പാകെ നിരന്തരം കത്തിക്കൊണ്ടിരിക്കുന്ന അഗ്നിയല്ല അഹരോന്റെ പുത്രന്മാർ കത്തിച്ചത്. അവർ ദൈവകല്പനയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനാൽ ന്യായവിധിയുടെ അഗ്നി ദൈവം അയച്ച് അവരെ ദഹിപ്പിക്കുകയായിരുന്നു.

യഥാർത്ഥ ആരാധന എന്തെന്ന് വ്യക്തമായി ഗ്രഹിക്കണമെങ്കിൽ പഴയനിയമത്തെയും പുതിയനിയമത്തെയും നാം സശ്രദ്ധം താരതമ്യം ചെയ്തു പഠിക്കണം. പഴയനിയമത്തിലെ ബാഹ്യമായ ആരാധന വരുവാനുള്ള മശിഹായുടെ നിഴലായ പുറമേയുള്ള ന്യായപ്രമാണത്തിന്റെ ചട്ടങ്ങൾ അനുസരിച്ചായിരുന്നു. അത്ഭുതകരമായ ഈ സാദൃശ്യങ്ങളിലൂടെ ഭക്തരായ യെഹൂദർ ദൂരത്തുനിന്ന് മശിഹായെ ദർശിക്കുകയും, അവനിൽ വിശ്വസിക്കുകയും, അവനിലൂടെ വാഗ്ദാനവിഷയമായ ശുദ്ധീകരണം പ്രാപിക്കുകയും ചെയ്തിരുന്നു. പുതിയനിയമത്തിലെ നമ്മുടെ 'ആരാധന' നിഴലുകളിലും, അനുഷ്ഠാനങ്ങളിലും, കൽപനകളിലും അധിഷ്ഠിതമല്ല; മറിച്ച് ആന്തരികവും, ആത്മാവിലും സത്യത്തിലുമുള്ളതുമത്രേ. ഒരു ക്രിസ്ത്യാനിയുടെ വിശ്വാസത്തിൽ പഴയനിയമത്തിലെ കൽപ്പനകളും ചട്ടങ്ങളും മുഴുവനായും നിറവേറുകയാണ്. ദേവാലയം,യാഗപീഠം, യാഗങ്ങൾ, കൃപാസനം, പൗരോഹിത്യം ഇവയെല്ലാം ആന്തരികമായി വിശ്വാസത്താൽ പുതിയനിയമവിശ്വാസിയിൽ യാഥാർത്ഥ്യമാകുന്നു എന്നതാണ്

സത്യം.

യഥാർത്ഥത്തിലുള്ള ആന്തരികമായ, ആത്മീയമായ, ക്രിസ്തീയ ആരാധനയ്ക്ക് മൂന്ന് ഘടകങ്ങൾ ഉണ്ട്. ഒന്നാമതായി യഥാർത്ഥ ദൈവികപരിജ്ഞാനം, രണ്ടാമതായി യഥാർത്ഥ പാപബോധവും അനുതാപവും, മൂന്നാമതായി കൃപയെപ്പറ്റിയുള്ള പരിജ്ഞാനവും പാപക്ഷമയും.

ദൈവികപരിജ്ഞാനം എന്നാൽ ക്രിസ്തുവിനെ മുറുകെ പിടിക്കുന്ന വിശ്വാസത്തിലൂടെ ദൈവശക്തിയും ദൈവത്തിന്റെ സ്നേഹവും കരുണയും, ദൈവനീതിയുമൊക്കെ അറിയുക എന്നാണ് അർത്ഥമാക്കുന്നത്. പൊള്ളയായ അറിവിലല്ല, വിശ്വാസത്തിൽ അധിഷ്ഠിതമായ ഈദൈവികപരിജ്ഞാനം, സന്തോഷപുരസ്സരം ദൈവത്തെ സജീവമായി അറിയുന്ന മാർഗ്ഗമാണ്. എന്നെ താങ്ങുന്ന ദൈവശക്തിയെപ്പറ്റിയുള്ള അറിവിലൂടെ ഞാൻ എന്നെത്തന്നെ കണ്ടെത്തുകയാണ്. ദൈവശക്തി യഥാർത്ഥമായി ഹൃദയത്തിൽ അനുഭവിച്ചറിയുന്ന ഒരുവൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ തന്നെത്തന്നെ താഴ്ത്തുന്നവൻ ആയിരിക്കും. ദൈവിക കരുണ ശരിയാം വിധം അറിയുന്ന ഒരാൾ അയൽക്കാരനെ സ്നേഹിച്ചിരിക്കും. ദൈവിക കരുണ ഗ്രഹിക്കാത്ത ഒരാൾക്ക് യഥാർത്ഥത്തിൽ കരുണയുള്ളവനായിരിക്കുവാൻ കഴിയുകയില്ല.

യഥാർത്ഥ ദൈവപരിജ്ഞാനം അനുതാപത്തെ ഉളവാക്കുന്നു. ഈഅനുതാപം, മനസ്സു പുതുക്കി രൂപാന്തരപ്പെടുന്നതിലൂടെ ജീവിതപരിവർത്തനമാണ് ലക്ഷ്യമാക്കുന്നത്. ആന്തരികമായ യഥാർത്ഥ ആരാധനയുടെ മറ്റൊരു ഘടകം ഇതാണ്; ആത്മീകയാഗത്തിനായി മനുഷ്യൻ കൊണ്ടുവരേണ്ട യഥാർത്ഥ അഗ്നിയും ഇതുതന്നെയാണ്. ആ അഗ്നി ഇല്ലെങ്കിൽ ദൈവക്രോധത്തിന്റെ അഗ്നിയാവും നമ്മുടെ മേൽ പതിക്കുക.

സമാഗമനകൂടാരത്തിലേക്കു വരുമ്പോൾ പുരോഹിതന്മാർ വീഞ്ഞോ മദ്യമോ കുടിക്കാൻ പാടില്ലായിരുന്നു(ലേവ്യ.10:9). ഇതിന്റെ അർത്ഥം എന്താണ്?. മനുഷ്യൻ ദൈവത്തിന്റെ നിത്യകൂടാരത്തിലേക്ക്-നിത്യജീവനിലേക്ക്-വരുമ്പോൾ ഈ ലോകത്തിന്റെ സന്തോഷങ്ങളും ജഡികസുഖങ്ങളും ഉപേക്ഷിക്കണം എന്നത്രേ. ആത്മാവിനെ കീഴടക്കുന്ന ഇത്തരം ജഡമോഹങ്ങളെ നിഷേധിക്കുകവഴി ആത്മാവ് ജഡത്തേക്കാൾ ശക്തിയുള്ളതായി അതിനെ കീഴടക്കുന്നു.

യഥാർത്ഥമായ ആത്മീയാരാധനയുടെ മൂന്നാമത്തെ ഘടകം പാപക്ഷമയാണ്. അനുതാപം, യഥാർത്ഥ ദൈവികപരിജ്ഞാനത്തിൽ നിന്നുളവാകുന്നതു പോലെ പാപക്ഷമ ലഭ്യമാകുന്നത് അനുതാപത്തിലൂടെയാണ്. മേൽപറഞ്ഞ മൂന്നു ഘടകങ്ങളും വാസ്തവത്തിൽ ദൈവത്തിലുള്ള യഥാർത്ഥപരിജ്ഞാനം തന്നെയാണ്. മോശയുടെ ന്യായപ്രമാണം ഇന്ന് നമുക്ക് ആത്മാവിൽ നൽകപ്പെടുന്നു എന്ന കാര്യം ശ്രദ്ധിക്കുക. ആന്തരികമായ ഒരു പുത്തൻ ജീവിതത്തിലേക്കാണ് ഇതു നമ്മെ നയിക്കുന്നത്. ന്യായപ്രമാണത്തിലെ യാഗങ്ങൾ യഥാർത്ഥ അനുതാപം തന്നെ. നമ്മുടെ ശരീരങ്ങളെയും ദേഹികളെയും നാം സ്തോത്രയാഗമായി ദൈവത്തിന് അർപ്പിക്കുകയാണ് ചെയ്യുന്നത്. ദൈവകൃപയ്ക്കുമാത്രം പുകഴ്ച ഉണ്ടാകേണ്ടതിന്, നന്ദിയുള്ള ഹൃദയത്തോടെ നാം ദൈവത്തിനു മാത്രം മഹത്വം കരേറ്റുന്നു. നിത്യതയിലേക്ക് മുഴങ്ങികേൾക്കുന്ന സ്തുതിസ്തോത്രങ്ങൾ ദൈവകൃപയുടെ പരിജ്ഞാനത്തിൽ നിന്നു മാത്രം ഉളവാകുന്നവയത്രെ.

(കടപ്പാട്:All the saints adore thee)

**സമ്പാദകൻ: മാത്യു ജോർജ്ജ്**

○





*മാതാപിതാക്കളും മക്കളും 8*

# മക്കൾക്ക് മാതൃക കാട്ടുക

ജോസ് മാത്യു തിരുവനന്തപുരം

**ക്രി**സ്തീയമാതാപിതാക്കളുടെ ഉത്തരവാദിത്തങ്ങളിൽ ആദ്യത്തേത് മക്കൾക്ക് സ്നേഹം നൽകുക എന്നതാണെന്ന് നാം കണ്ടുകഴിഞ്ഞല്ലോ. അതിന്റെ പ്രായോഗികവശമെന്നത് അവർക്ക് സമയം, വാത്സല്യം, പ്രോത്സാഹനം അംഗീകാരം എന്നിവയെല്ലാം യഥാവിധി നൽകുക എന്നതാണെന്നും നാം ചിന്തിക്കുകയുണ്ടായി.

ഭൗതികവും ആത്മികവുമായ എല്ലാ മേഖലകളിലും മക്കൾക്ക് മാതൃക കാട്ടുകയെന്നതാണ് രണ്ടാമത്തെ ഉത്തരവാദിത്തം. മക്കളോടുള്ള ബന്ധത്തിൽ മാതൃകായോഗ്യമായ ജീവിതത്തിന്റെ പ്രാധാന്യം മിക്ക മാതാപിതാക്കളും ഗ്രഹിച്ചിട്ടില്ല എന്നതാണ് വാസ്തവം.

മാതൃകയില്ലാത്ത ജീവിതമാണ് രക്ഷിതാക്കളുടേതെങ്കിൽ ഒടുവിൽ അതേച്ചൊല്ലി അവർ ദുഃഖിക്കേണ്ടിവരും.; മക്കളുടെ മേലുള്ള ധാർമ്മിക അധികാരം അവർക്ക് നഷ്ടമാകും. ദൈവം തന്റെ സ്വരൂപത്തിലും സ്വഭാവത്തിലും മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചാക്കിയത് അവൻ സകല ചരാചരങ്ങളുടെയും മേൽ അധികാരം ഉള്ളവനായി വാഴേണ്ടതിനാണ്.[1] എന്നാൽ നമുക്കറിയാം പാപം നിമിത്തം ആ ധാർമ്മികാധികാരം മനുഷ്യനു നഷ്ടമായി. ഇന്ന് യേശുക്രിസ്തുവിലൂടെ വിണ്ടും ദൈവികസ്വഭാവത്തിലേക്കും തദ്വാരാ അധികാരമുള്ള ജീവിതത്തിലേക്കും നമുക്ക് മടങ്ങിവരാനാകും.

അബ്രഹാമിന്റെ ജീവിതം ശ്രദ്ധിക്കുക. “അബ്രഹാം തന്റെ മക്കളോടും തനിക്കു പിമ്പുള്ള കുടുംബത്തോടും....യഹോവയുടെ വഴിയിൽ നടക്കാൻ കൽപിക്കേണ്ടതിന് ഞാൻ അവനെ തെരഞ്ഞെടുത്തിരിക്കുന്നു.”[2]. വ്യക്തമായ ഉദ്ദേശ്യത്തോടെ ആയിരുന്നു ദൈവം അദ്ദേഹത്തെ തെരഞ്ഞെടുത്തത്-മാതൃകയോഗ്യമായി ജീവിച്ചുകൊണ്ട് അധികാരപൂർവ്വം മക്കളോട് കൽപിക്കുന്നവൻ ആയിരിക്കാൻ, അവരെ ദൈവത്തിന്റെ പവിത്രവഴികളിൽ നടത്തുന്ന നായകനായിരിക്കുവാൻ, അതെ, മാതാപിതാക്കളായ നമ്മുടെ ജീവിതങ്ങൾ മക്കൾക്കു പിന്തുടരുവാൻ യോഗ്യമായിരിക്കണം.

**പൊള്ളയായ വാക്കുകൾ:** താൻ പറയും പോലെപ്രവർത്തിക്കുന്ന ഒരു മാതാവോ പിതാവോ വീട്ടിൽ മക്കളുടെ ഇടയിൽ അധികാരമുള്ള വിജയിക്കുന്ന ഒരു നേതാവായിരിക്കും. മറ്റുള്ളവരെ (മക്കളെ) ഏതൊരു തലത്തിലേക്ക് നയിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ ആ നിലവാരം നിങ്ങൾക്കുണ്ടായിരിക്കണം. കാരണം, ഒരിക്കലും തന്റെ ഉയരത്തെക്കാൾ അധികം മറ്റൊ

രാളെ ഉയർത്തുവാൻ ആർക്കും കഴിയുകയില്ല. സത്യസന്ധനായിരിക്കുക; നിങ്ങൾ വാസ്തവമായും ആയിരിക്കുന്ന നിലവാരത്തിനു കടകവിരുദ്ധമായ ഉയർന്ന നിലവാരത്തിലേക്ക് മറ്റുള്ളവർ പുരോഗമിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെടുന്നപക്ഷം ഒരിക്കലും അവിടെ ആഗ്രഹനിവൃത്തിയോ വിജയമോ പ്രതീക്ഷിക്കരുത്.. അതിനു പകരം മാതാപിതാക്കൾ എന്ന നിലയിലുള്ള നിങ്ങളുടെ വേല ലജ്ജാകരമായ ഒരു പതനത്തിലായിരിക്കും എത്തുക.

തിരുവെഴുത്ത് എന്തു പറയുന്നു? “......നീ കുരുടർക്കു വഴികാട്ടുന്നവൻ, ഇരുട്ടിലുള്ളവർക്കു വെളിച്ചം, മൂഢരെ പഠിപ്പിക്കുന്നവൻ, ശിശുക്കൾക്ക് ഉപദേഷ്ടാവ് എന്ന് ഉറച്ചുമിരിക്കുന്നുവെങ്കിൽ -ഹേ അന്യനെ ഉപദേശിക്കുന്നവനെ, നീ നിന്നെത്തന്നെ ഉപദേശിക്കാത്തതെന്ത്? മോഷ്ടിക്കരുത് എന്ന് പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുതെന്നു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ?”3.

ഒരു കൈയിൽ പുകയുന്ന സിഗരറ്റും പിടിച്ചുകൊണ്ട് പുകവലിയുടെ ആപൽസാദ്ധ്യതകളെപ്പറ്റി ശ്വാസകോശരോഗിക്കു മുന്നറിയിപ്പു നൽകുന്ന ഡോക്ടറെപ്പറ്റി നിങ്ങൾ കേട്ടിരിക്കും. മക്കളുടെ മുമ്പിൽ മാതൃകായോഗ്യമായി വർത്തിക്കാതെ ഉയർന്ന ഉപദേശങ്ങൾ നൽകുകയോ വഴക്കു പറയുകയോ ഒക്കെ ചെയ്യുന്ന മാതാപിതാക്കളും ഇതുപോലെ സ്വയം അപഹാസ്യരാവുകയാണ്.

നമ്മുടെ കർത്താവു നൽകിയ സുവർണ്ണനിയമവും ഇവിടെ പ്രസക്തം തന്നെ:‘‘മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ്യുവിൻ.”4. നിങ്ങളുടെ കുഞ്ഞുങ്ങൾ എത്തിച്ചേരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന സ്വഭാവസവിശേഷതകൾ അവർക്ക് സ്വജീവിതത്തിലൂടെ

**ഒരു കൈയിൽ പുകയുന്ന സിഗരറ്റും പിടിച്ചുകൊണ്ട് പുകവലിയുടെ ആപൽസാദ്ധ്യതകളെപ്പറ്റി ശ്വാസകോശരോഗിക്കു മുന്നറിയിപ്പു നൽകുന്ന ഡോക്ടറെപ്പറ്റി നിങ്ങൾ കേട്ടിരിക്കും. മക്കളുടെ മുമ്പിൽ മാതൃകായോഗ്യമായി വർത്തിക്കാതെ ഉയർന്ന ഉപദേശങ്ങൾ നൽകുകയോ വഴക്കു പറയുകയോ ഒക്കെ ചെയ്യുന്ന മാതാപിതാക്കളും ഇതുപോലെ സ്വയം അപഹാസ്യരാവുകയാണ്.**

ദൃഷ്ടാന്തമായി കാണിക്കുവിൻ.

മാതൃക കാട്ടുക എന്ന് പറയുമ്പോൾ ഒരു സുപ്രഭാതത്തിൽ എല്ലാം തികഞ്ഞ, കുറ്റമറ്റ വ്യക്തികളായിത്തീരണമെന്നല്ല നാം അർത്ഥമാക്കുന്നത്. പൂർണ്ണതയിലേക്കുള്ള പ്രയാണം ഒരു ആയുഷ്ക്കാലം മുഴുവൻ നീണ്ടു നില്ക്കുന്ന ഒരു പ്രക്രിയയത്രെ; അതിൽ നമുക്കു ലഭിച്ച ദൈവികവെളിച്ചം, കൃപ എന്നിവയുടെ അടിസ്ഥാനത്തിൽ നമുക്ക് പുരോഗതി നേടാനും കഴിയും. എന്നാൽ നമുക്കു ലഭ്യമായ ആത്മീയ സാധ്യതകൾക്കനുസൃതമായിഒരോരുത്തർക്കും ദൈവഭയത്തോടെ മാതൃകാജീവിതം നയിക്കാൻ സാദ്ധ്യവുമാണ്.

**ബൈബിളിലെ മാതൃകകൾ:** പൗലൊസ് അപ്പൊസ്തോലന്റെ വാക്കുകൾ: “ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതു പോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ”5. ഇതേ രീതിയിൽ തങ്ങളുടെ മക്കളെ ആഹ്വാനം ചെയ്യത്തക്കവിധം മാതാപിതാക്കൾ ഉന്നതമായ ധാർമ്മിക നിലവാരം പുലർത്തേണ്ടതാകുന്നു. തങ്ങൾ തന്നെ സ്വജീവിതത്തിൽദൈവഭക്തിയും വിശുദ്ധിയും ശ്രദ്ധിക്കാതെ





മക്കളെ അതിലേക്ക് ഉപദേശിക്കുന്ന രക്ഷിതാക്കൾ നിരവധിയുണ്ട്. അവർ ഇരുകൂട്ടരെയും പറ്റി സഹതപിക്കുകയേ നിവൃത്തിയുള്ളു.

‘മറ്റുള്ളവരെ പരിശീലിപ്പിക്കാൻ നിങ്ങൾ താത്പര്യപ്പെടുന്നെങ്കിൽ ആദ്യം ദൈവത്തിൽ നിന്നുള്ള പരിശീലനം നേടാൻ നിങ്ങൾ മനസ്സുവെയ്ക്കുക.! ഇതൊരു അടിസ്ഥാനപ്രമാണമാണ്; ഈ പ്രമാണം അവഗണിക്കുന്ന യാതൊരാൾക്കും ഫലപ്രദമായി തന്റെ മക്കളെ പരിശീലിപ്പിക്കാനാവില്ല. ഉദാഹരണമായി സാമാന്യമര്യാദ, ധാർമ്മികമൂല്യങ്ങൾ എന്നിത്യാദി സംബന്ധിച്ച നിയമങ്ങൾക്ക് നാം തന്നെ വിധേയപ്പെടാത്തവർ ആണെങ്കിൽ നമ്മുടെ മക്കൾ ഉന്നതമൂല്യങ്ങൾ കൈവരിക്കുമെന്നു ചിന്തിക്കുന്നതു മൗഢ്യമാണ്.

കർത്താവായ യേശുവും നമുക്കായി നല്ലൊരു മാതൃക ശേഷിപ്പിച്ചിരിക്കുന്നു:“അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്; ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിച്ച് നിങ്ങൾ അവന്റെ കാൽചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.”6. അങ്ങനെയെങ്കിൽ നാം ഓരോരുത്തരും മക്കൾക്ക് അനുഗമിക്കാൻ കൊള്ളാവുന്ന മാതൃകകൾ ആയിരിക്കേണ്ടതാണ്.

**മാതൃക ഏതിലെല്ലാം? :**തിമൊഥെയോസിനോടുള്ള പൗലൊസിന്റെ നിർദ്ദേശം ശ്രദ്ധിക്കുക: “വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കുക.”7. ദൈനംദിനജീവിതത്തിലെ എല്ലാ പ്രായോഗികമേഖലകളിലും മാതാപിതാക്കൾ മക്കളുടെ മുമ്പിൽ ഉത്തമ ഉദാഹരണങ്ങളായി പ്രശോഭിക്കേണ്ടിയിരിക്കുന്നു.

മക്കൾ തികഞ്ഞ അനുസരണം ഉള്ളവരായിരിക്കണം എന്നാണ് എല്ലാ

**മാതൃക കാട്ടുക എന്ന് പറയുമ്പോൾ ഒരു സുപ്രഭാതത്തിൽ എല്ലാം തികഞ്ഞ, കുറ്റമറ്റ വ്യക്തികളായിത്തീരണമെന്നല്ല നാം അർത്ഥമാക്കുന്നത്. പൂർണ്ണതയിലേക്കുള്ള പ്രയാണം ഒരു ആയുഷ്ക്കാലം മുഴുവൻ നീണ്ടു നില്ക്കുന്ന ഒരു പ്രക്രിയയത്രെ; അതിൽ നമുക്കു ലഭിച്ച ദൈവിക വെളിച്ചം, കൃപ എന്നിവയുടെ അടിസ്ഥാനത്തിൽ നമുക്ക് പുരോഗതി നേടാനും കഴിയും. എന്നാൽ നമുക്കു ലഭ്യമായ ആത്മീയ സാധ്യതകൾക്കനുസൃതമായിഒരോരുത്തർക്കും ദൈവഭയത്തോടെ മാതൃകാജീവിതം നയിക്കാൻ സാദ്ധ്യവുമാണ്.**

വരുടെയും ആഗ്രഹം.എന്നാൽ അമ്മയപ്പന്മാർ ദൈവത്തിനും, തങ്ങളുടെ മേൽ ദൈവം സ്ഥാപിച്ചിട്ടുള്ള അധികാരങ്ങൾക്കും കീഴ്പ്പെട്ടിരിക്കുന്നില്ല.!ജ്ഞാനികളുടെ വചനം കേൾക്കുക: “പ്രജകളുടെ അനുസരണം ആഗ്രഹിക്കുന്ന രാജാവ് ആദ്യം ദൈവത്തോട് അനുസരണം കാണിക്കട്ടെ”.

മാതാപിതാക്കളേ, നിങ്ങൾ കൂടെക്കൂടെ കോപിക്കുന്നവരും അധികാരികളോടു മത്സരിക്കുന്നവരുമാണോ? പണമുണ്ടാക്കാൻ കൗശലതന്ത്രങ്ങൾ പ്രയോഗിക്കുന്നവരും സ്വാർത്ഥമതികളുമാണോ? അന്യോന്യം കുറ്റം പറയുന്നവരും ശണ്ഠ കൂടുന്നവരുമാണോ? ആത്മീയവളർച്ചയെ അവഗണിച്ച് ഭൗതികന്വേഷണങ്ങൾക്ക് മുൻഗണന നല്കുന്നവരാണോ? അന്യരുടെ നന്മയിൽ അസൂയപ്പെടുന്നവരും നഷ്ടത്തിൽ സന്തോഷിക്കുന്നവരും ആണോ? ഓർക്കുക, നിങ്ങളുടെ ഓരോ വാക്കും പ്രവൃത്തിയും മനോഭാവവും ഉദ്ദേശ്യവും നിങ്ങളുടെ മക്കൾ കൃത്യമായും ഒപ്പിയെടുക്കും; അവരത്

പഠിച്ച് പ്രയോഗത്തിൽ വരുത്തും. നിങ്ങൾ വിതച്ചതിന് തക്ക കൊയ്ത്ത് ആയിരിക്കും ഒടുവിൽ ലഭിക്കുക.

“മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും; ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽ നിന്നും നാശം കൊയ്യും; ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും”.8.

അതേ, മക്കൾ മാതാപിതാക്കളെപ്പോലെയാണ്. ചില കുഞ്ഞുങ്ങളെപ്പറ്റി പറയാറുണ്ടല്ലോ, ‘അപ്പന്റെ /അമ്മയുടെ അതേ മുഖം, അതേ സ്വഭാവം’ എന്നൊക്കെ. ‘യഥാ രാജാ തഥാ പ്രജാ; യഥാ മാതാ തഥാ പുത്രീ’ എന്നു നിങ്ങൾ കേട്ടിരിക്കും. നിങ്ങൾ സത്യസന്ധരും നീതിബോധവും, ദൈവഭയവും സ്നേഹവും മനസ്സലിവും ഉള്ളവരാണെങ്കിൽ മക്കളും ആ ദിശയിൽ വളർന്നുവരും.

മാത്രമല്ല കുഞ്ഞുങ്ങളുടെ ജീവിതത്തിലെ കുറ്റങ്ങളും തെറ്റുകളും മിക്കപ്പോഴും നമ്മുടെ സ്വന്ത പ്രതിഛായയെന്നവണ്ണം കാണാനും കഴിയും. അപ്പോൾ നാം സത്യസന്ധതയുള്ളവരെങ്കിൽ അവരെ ശകാരിക്കുന്നതിനു പകരം നമ്മെത്തന്നെ വിനയപ്പെടുത്താനിടയാകും. ചിലപ്പോഴെങ്കിലും നമ്മുടെ അതീവരഹസ്യമായ ചില വസ്തുതകൾ മക്കളുടെ സ്വഭാവത്തിലൂടെ അഥവാ പ്രവൃത്തികളിലൂടെ ദൈവം നമ്മുടെ കൺമുമ്പിൽ വരച്ചു കാട്ടിയിട്ടില്ലേ?

‘ചിലരെ എല്ലാക്കാലത്തേക്കും എല്ലാവരേയും കുറെക്കാലത്തേക്കും വഞ്ചിക്കാമെങ്കിലും എല്ലാവരെയും എല്ലാക്കാലത്തേക്കും വഞ്ചിക്കാനാവില്ല’ എന്ന് പറയാറുണ്ടല്ലോ. നമ്മുടെ സ്വഭാവവൈകൃതങ്ങൾ സംബന്ധിച്ച് കുട്ടികൾക്ക് കുറെക്കാലത്തേക്ക് വെള്ള പൂശിയ ധാരണകൾ നൽകാൻ കഴിഞ്ഞേക്കും; എന്നാൽ സകലവും കാണുന്ന ദൈവത്തെ ഒരു നിമിഷം

**മാതാപിതാക്കളേ നിങ്ങൾ പണമുണ്ടാക്കാൻ കൗശലതന്ത്രങ്ങൾ പ്രയോഗിക്കുന്നവരും സ്വാർത്ഥമതികളുമാണോ? അന്യോന്യം കുറ്റം പറയുന്നവരും ശണ്ഠ കൂടുന്നവരുമാണോ? ആത്മീയവളർച്ചയെ അവഗണിച്ച് ഭൗതികന്വേഷണങ്ങൾക്ക് മുൻഗണന നല്കുന്നവരാണോ? അന്യരുടെ നന്മയിൽ അസൂയപ്പെടുന്നവരും നഷ്ടത്തിൽ സന്തോഷിക്കുന്നവരും ആണോ? ഓർക്കുക, നിങ്ങളുടെ ഓരോ വാക്കും പ്രവൃത്തിയും മനോഭാവവും ഉദ്ദേശ്യവും നിങ്ങളുടെ മക്കൾ കൃത്യമായും ഒപ്പിയെടുക്കും**

പോലും വഞ്ചിക്കാൻ നമുക്കാവില്ല എന്നോർക്കുക.ഒരു ദിവസം സ്വന്തം മക്കളുടെ മുമ്പിലും നമ്മുടെ ചെമ്പ് തെളിഞ്ഞുവരും; അന്ന് ലജ്ജയും സങ്കടവും അപമാനവും നമ്മെ മൂടും.

ദാവീദിന്റെ കുടുംബത്തിലുണ്ടായ നിർഭാഗ്യകരമായ അനുഭവങ്ങളെപ്പറ്റി മുമ്പൊരദ്ധ്യായത്തിൽ നാം ചിന്തിക്കുകയുണ്ടായല്ലോ. തന്റെ ദുരാസക്തികൾ ചിറകു മുളച്ചു പറന്നുയർന്നപ്പോൾ അദ്ദേഹം ഊരിയാവിന്റെ കുടുംബത്തെ നശിപ്പിച്ചു. അതുവരെ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടിരുന്ന ദാവീദിന്റെ കുടുംബത്തിൽ കുഴപ്പങ്ങളും ദാരുണസംഭവങ്ങളും ഒന്നിനു പിറകേ ഒന്നായി വന്നുചേർന്നു. വ്യഭിചാരം, കൊലപാതകം എന്നീവിധ പാപങ്ങൾ ചെയ്യുക വഴി മനുഷ്യന്റെ മാന്യതയും ജീവനും ഹനിക്കുകയാണയാൾ ചെയ്തത്; വിതച്ചതു തന്നെ ഒടുവിൽ കൊയ്യുകയും ചെയ്തു. ദാവീദിന്റെ മക്കൾ തനിക്കെതിരായും അന്യോന്യവും ഇതേതരം പാപപ്രവൃത്തികൾ പിന്നീട് ചെയ്യുന്നതായി നാം കാണുന്നു.





**ഭൗതിക കാര്യങ്ങളിൽ:** ധനസമ്പാദനമാർഗങ്ങൾ, ധനവിനിയോഗം, പണത്തോടുള്ള ബന്ധം, ധനത്തെ സംബന്ധിച്ച കാഴ്ചപ്പാട് ഇവയിലെല്ലാം നാം മക്കൾക്കു മാതൃക കാട്ടണം.അനാവശ്യ ചെലവുകളും ആഡംബരവും ധൂർത്തും ഒഴിവാക്കി ജീവിക്കണം. ദൈവരാജ്യവ്യാപനത്തിനായി നാം ധാരാളം കൈ തുറന്നു നൽകുന്നത് അവർ കണ്ടു പഠിക്കട്ടെ. നാം പണത്തെയും വസ്തുവകകളെയും സ്നേഹിക്കുന്നുണ്ടോ ഇല്ലയോ എന്നത് നമ്മുടെ വീട്ടിൽ വളർന്നുവരുന്ന കുഞ്ഞൾ താനേ മനസ്സിലാക്കും.

വസ്തുവകകൾ, വീട്, വാഹനം, വസ്ത്രങ്ങൾ എന്നിത്യാദി ഭൗതികവസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്നതു സംബന്ധിച്ചും മക്കൾക്ക് നിങ്ങൾ എന്തു ധാരണയാണ് നൽകിയിട്ടുള്ളത്? “ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്ന് നാം വിചാരിക്കുക”9.എന്ന വചനം നിങ്ങൾ ഗൗരവമായി സ്വീകരിച്ചിട്ടുണ്ട് എന്ന് നിങ്ങളുടെ മക്കൾക്കു ബോധ്യപ്പെട്ടിട്ടുണ്ടോ? ആഢംബരപൂർണ്ണമയ ഭൗതികവസ്തുക്കൾഎങ്ങനെയും സ്വന്തമാക്കുകയും അവയുടെ പേരിൽ മറ്റു മനുഷ്യരുടെ മാന്യതതേടുകയും ചെയ്യുന്ന സ്വഭാവക്കാരനാണു നിങ്ങളെങ്കിൽ തെറ്റായ സന്ദശമാണ് നിങ്ങൾ നല്കുന്നത് എന്നറിയുക.

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച് ദൈവത്തിൽ ആശ വയ്ക്കാനും നന്മ ചെയ്യുവാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരും ആയിരിപ്പാനും10 ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. ഭൗതികനന്മകൾ ആവശ്യാനുസരണം മറ്റുള്ളവരുമായി പങ്കിടുവാൻ നാം ഒരുക്കമുള്ളവരായിരിക്കണം. ജന്മനാ സ്വാർത്ഥമതികളാണ് സകല മനുഷ്യരും; നമ്മുടെ മക്കളും ഇതിനൊരപവാദമല്ല. എന്നാൽ ക്രിസ്തീയ ഭവനങ്ങൾ സ്നേഹകൂട്ടായമയുടെയും പങ്കു വക്കലിന്റെയും ത്യാഗപൂർണ്ണമായ ആത്മസമർപ്പണത്തിന്റെയും പരിശീലനക്കളരികളാകാൻ കഴിയും.

അതിഥികളെ സൽക്കരിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും നാം മക്കൾക്ക് മാതൃകയായിരിക്കണം.മറ്റുള്ളവർ നമുക്കൊരു ശല്യമോ തടസ്സമോ അല്ല, പ്രത്യുത സേവനത്തിനുള്ള ഒരവസരമാകുന്നു എന്ന സന്ദേശമാണ് മാതാപിതാക്കൾ കുട്ടികൾക്ക് നല്കേണ്ടത്. ഇല്ലാത്ത കാര്യങ്ങൾ പൊങ്ങച്ചമായി പറയുകയോ അതിഥികളോടു വ്യാജമായി മുഖസ്തുതി പറയുകയോ ചെയ്യരുത്. സ്നേഹം, ഭക്തി, മര്യാദ ഇവയൊക്കെ അഭിനയിച്ചുകാണിക്കാനുള്ളതല്ല എന്നത് മറക്കാതിരിക്കുക.

ചുരുക്കിപ്പറഞ്ഞാൽ മറ്റുള്ളവർക്കായി നല്ല മനസ്സോടെ നിങ്ങളുടെ പേഴ്സ്,വാഹനം,വീട്, അടുക്കള എന്നിവയെല്ലാം എപ്രകാരം തുറന്നുകൊടുക്കാൻ കഴിയുമെന്ന് സ്വന്തദൃഷ്ടന്തത്തിലൂടെ പ്രായോഗികഭാഷയിൽ മക്കളെ അഭ്യസിപ്പിക്കുകയാണ് നിങ്ങളുടെ ഉത്തരവാദിത്തം

**ആത്മീയകാര്യങ്ങളിൽ:** ഒരു പിതാവ് അല്ലെങ്കിൽ മാതാവ് എന്നനിലയിൽ നിങ്ങൾക്ക് ലഭിച്ച ആത്മീയ വെളിച്ചത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി സത്യസന്ധതയോടും ദൈവഭയത്തോടും താഴ്മയോടും കൂടെയുള്ള എത്രയും പവിത്രമായ ഒരു മാതൃകാജീവിതമാണ് നിങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത്.

എല്ലാം തികഞ്ഞ ഒരു മാതൃകാപുരുഷനെയാണ് നിങ്ങളുടെ മക്കൾ നിങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നതെന്നു കരുതരുത്.എന്നാൽ അടിസ്ഥാനപരമായ ചില ആത്മീയ സ്വഭാവവിശേഷതകൾ നിങ്ങൾ പ്രകടമാക്കിയേ തീരൂ. തികഞ്ഞ സത്യസന്ധതയും

**(ശേഷം പേജ് 41 ൽ)**

വചനം

# യാഗപീഠവും കൂടാരവും ക്രിസ്തീയ ജീവിതത്തിൽ

വാച്ച്മാൻ നീ

വായനഭാഗം : ഉൽപത്തി. 12:4–8; 13: 3,4,18.

**ഒ**രു ക്രിസ്ത്യാനിയുടെ ജീവിതം യാഗപീഠത്തിലും കൂടാരത്തിലുമുള്ള ജീവിതമാണ്. തന്റെ മക്കളെപ്പറ്റി ദൈവം ആഗ്രഹിക്കുന്നത് അവർക്ക് അവിടുത്തെ സന്നിധിയിൽ ഒരു യാഗപീഠവും ഭൂമിയിൽ ഒരു കൂടാരവും ഉണ്ടായിരിക്കണമെന്നതാണ്. യാഗപീഠം കൂടാരത്തിന്റെ ആവശ്യം വിളിച്ചോതുന്നു; അതപോലെ കൂടാരം യാഗപീഠത്തിലേക്കു നമ്മെ നയിക്കയും ചെയ്യുന്നു. കൂടാരം കൂടാതെ യാഗപീഠമുണ്ടാകുക സാദ്ധ്യമല്ല; യാഗപീഠത്തിലേക്കു മടങ്ങുന്ന അനുഭവമില്ലെങ്കിൽ കൂടാരവാസവുമുണ്ടാവുകയില്ല. ഇപ്രകാരം കൂടാരവും യാഗപീഠവും ബന്ധപ്പെട്ടിരിക്കുന്നു. ഇവയെ തമ്മിൽ വേർപിരിക്കുക സാദ്ധ്യമല്ല

**യാഗപീഠത്തിലെ ജീവിതം.**

ഉൽപ്പത്തി 12:7 ൽ നാം ഇപ്രകാരം വായിക്കുന്നു. “യഹോവ അബ്രഹാമിനു പ്രത്യക്ഷനായി, നിന്റെ സന്തതിക്ക് ഞാൻ ഈദേശം കൊടുക്കുമെന്ന് അരുളിച്ചെയ്തു. തനിക്കു പ്രത്യക്ഷനായ യഹോവയ്ക്ക് അവൻ അവിടെ ഒരു യാഗപീഠം പണിതു.”യാഗപീഠം ദൈവികവെളിപ്പാടിൽ അധിഷ്ഠിതമാണെന്നു നാം ഇവിടെ കാണുന്നു. വെളിപ്പാടില്ലാത്തിടത്ത് യാഗപീഠമില്ല. ഒരു മനുഷ്യന് ദൈവം പ്രത്യക്ഷനാകുന്നില്ലെങ്കിൽ തനിക്കുള്ളതെല്ലാം ദൈവത്തിനു സമർപ്പിക്കുവാൻ അവനു സാദ്ധ്യമല്ല. സമർപ്പണത്തിനു വെളിപാട് ആവശ്യം തന്നെ. സ്വന്തം പ്രേരണയിന്മേൽ ഒരുവനും തന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുവാൻ സാധ്യമല്ല. മനുഷ്യനു സ്വയം ദൈവപക്ഷത്തേക്കു വരുവാൻ കഴിവില്ല. എന്നാൽ ദൈവം ഒരു മനുഷ്യനെ സന്ധിക്കുന്ന ദിവസത്തിൽ സമർപ്പണം ഉണ്ടായിത്തീരുന്നു. നിങ്ങൾ ദൈവത്തെ കാണുവാൻ ഇടയായാൽ പിന്നീട് നിങ്ങൾ നിങ്ങളുടെ സ്വന്തം ആയിരിക്കുകയില്ല.

ഇപ്രകാരം തന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുവാനുള്ള ശക്തി വെളിപ്പാടിലൂടെയാണ് ഉണ്ടാകേണ്ടത് എന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. സമർപ്പണം പ്രസംഗിക്കുന്നവരെല്ലാം സമർപ്പിക്കപ്പെട്ടവരല്ല. അതുപോലെ സമർപ്പണത്തിന്റെ ഉപദേശം ഗ്രഹിച്ചവരെല്ലാം സമർപ്പണത്തെ ഒരു യാഥാർത്ഥ്യമാക്കിത്തീർത്തവരുമല്ല. ദൈവത്തെ കണ്ടിട്ടുള്ളവർ മാത്രമാണ് സമർപ്പിതരായ വ്യക്തികൾ. ദൈവം അബ്രഹാമിനു പ്രത്യക്ഷനായി; അതുമൂലം ഉടൻ തന്നെയുണ്ടായ ഫലം അബ്രഹാം ദൈവത്തിന് ഒരു യാഗപീഠം പണിതു എന്നതാണ്. കർത്താവായ യേശുക്രിസ്തു ദമസ്ക്കോസിലേക്കുള്ള വഴിയിൽ വച്ച് പൗലൊസിനു പ്രത്യക്ഷനായി. ഉടൻ തന്നെ പൗലൊസ് ചോദിച്ചു. കർത്താവേ ഞാൻ എന്തു ചെയ്യേണം?(അപ്പോ.പ്രവ.22:10) ദൈവത്തിനു വേണ്ടി വല്ലതുമൊന്ന് ചെയ്യുവാൻ നാം സ്വയം തീരുമാനിക്കുന്നതു കൊണ്ട് നമ്മുടെ ആത്മീയജീവചരിത്രത്തിൽ ഒരു വഴിത്തിരിവ് ഉണ്ടാകുന്നില്ല. നാം അവിടുത്തെ കാണുമ്പോൾ മാത്രമേ അതുണ്ടാകുന്നുള്ളു. നാം ദൈവത്തെ കണ്ടുമുട്ടുമ്പോൾ നമ്മുടെ ജീവിതത്തിൽ അടിയോടെഒരു മാറ്റം സംഭവിക്കുന്നു. കഴിഞ്ഞ കാലത്ത് നാം ചെയ്തു പോന്ന കാര്യങ്ങൾ പിന്നീട് നമുക്ക് ചെയ്യുവാൻ സാധ്യമല്ല. ഞാൻ ദൈവത്തെ കണ്ടു മുട്ടുമ്പോൾ എന്നെത്തന്നെ നിഷേധിക്കുവാനുള്ള കഴിവ് എനിക്കുണ്ടാകുന്നു. ദൈവത്തെ നാം കണ്ടു കഴിഞ്ഞാൽ പിന്നെ ആത്മനിഷേധം ഒരു ഐച്ഛികവിഷയമായിരിക്കുകയില്ല.“ ദൈവത്തെ കണ്ട ശേഷം ഒരു മനുഷ്യനും ജീവനോടിരിപ്പാൻ സാധ്യമല്ല.” ദൈവം ഒരുവന് പ്രത്യക്ഷനായാൽ അവന്റെ ജീവിതപാത ഒന്നാകെ വ്യത്യാസപ്പെടുന്നു. ദൈവത്തെ സേവിപ്പാനുള്ള എന്റെ തീരുമാനമല്ല അവിടുത്തെ സേവിപ്പാൻ എന്നെ ശക്തനാക്കുന്നത്. ഒരു യാഗപീഠം പണിയുവാനുള്ള എന്റെ തീരുമാനമല്ല യാഗപീഠമുണ്ടാകുവാൻ കാരണമാകുന്നത്. ദൈവം ഒരുവന്റെ മുമ്പിൽ വന്നെത്തുമ്പോൾ മാത്രമാണ് യാഗപീഠം പണിയപ്പെടുന്നത്. ദൈവം അബ്രഹാമിനു പ്രത്യക്ഷനായപ്പോൾ“നിന്റെ സന്തതിക്ക് ഈ ദേശം കൊടുക്കും” എന്നവിടുന്ന് അരുളിച്ചെയ്തു.ദൈവികവെളിപ്പാട് നമുക്കു പുതിയ ഒരവകാശം നൽകുന്നു. പിൽക്കാലത്തു പൂർണ്ണരൂപേണ നാം പ്രാപിക്കുവാൻ പോകുന്ന അവകാശത്തിന്റെ ഒരച്ചാരമായിട്ടാണ് പരിശുദ്ധത്മദാനം നമുക്കു ലഭിച്ചിട്ടുള്ളതെന്ന ബോധ്യം അതു നമ്മിൽ ഉളവാക്കുന്നു.

ദൈവം അബ്രഹാമിനു പ്രത്യക്ഷനായി. അബ്രഹാം അവിടുത്തേക്ക് ഒരു യാഗപീഠം പണിതു. ഈ യാഗപീഠം പാപയാഗത്തിനായിട്ടല്ല, ഹോമയാഗത്തിനുവേണ്ടിയായിരുന്നു. പാപമെന്ന








**ദൈവം ഒരുവന് പ്രത്യക്ഷനായാൽ അവന്റെ ജീവിതപാത ഒന്നാകെ വ്യത്യാസപ്പെടുന്നുനാം ദൈവത്തെ കണ്ടുമുട്ടുമ്പോൾ നമ്മുടെ ജീവിതത്തിൽ അടിയോടെഒരു മാറ്റം സംഭവിക്കുന്നു. കഴിഞ്ഞ കാലത്ത് നാം ചെയ്തു പോന്ന കാര്യങ്ങൾ പിന്നീട് നമുക്ക് ചെയ്യുവാൻ സാധ്യമല്ല.**

പ്രശ്നത്തിന് ഒരു പരിഹാരമായിട്ടല്ല നേരെ മറിച്ച് നമ്മുടെ ജീവിതം ദൈവത്തിനു സമർപ്പിക്കാൻ വേണ്ടിയാണ് ഇതുണ്ടായത്. റോമർ 12: 1–ൽ വിവരിക്കുന്നതുപോലെയുള്ള ഒരു യാഗപീഠമാണിത്. “സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്:നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ.” ദൈവത്തിന്റെ മനസ്സലിവാണ് കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി മരിക്കുവാൻ കാരണമായിത്തീർന്നത്. നാം അവിടുത്തോടൊപ്പം ക്രൂശിൽ മരിച്ചതിനും ആ ക്രൂശിന്മേൽ പിശാച് തോൽപിക്കപ്പെട്ടതിനുമുള്ള കാരണവും ദൈവത്തിന്റെ മനസ്സലിവ് ആണ്. നമ്മുടെയുള്ളിൽ ദൈവത്തിന്റെ ജീവൻ ഉത്പാദിതമായത് ദൈവത്തിന്റെ മനസ്സലിവു മൂലമാണ്. നമ്മെ ഇനി മഹത്വത്തിലേക്കു നയിക്കുവാൻ പോകുന്നതും ആ മനസ്സലിവു തന്നെ. ഇപ്രകാരം ദൈവത്തിന്റെ മനസ്സലിവ് എന്ന അടിസ്ഥാനത്തിന്മേലാണ് നമ്മെത്തന്നെ ജീവനുള്ള യാഗമായി സമർപ്പിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നത്.

ഈ ഹോമയാഗത്തിന്റെ കാര്യത്തിൽ ചില കാര്യങ്ങൾ നാം ശ്രദ്ധിച്ചു മനസ്സിലാക്കണം. സാമ്പത്തിക സൗകര്യമുള്ള ഒരുവന് ഒരു കാളയെ ബലിയായി അർപ്പിക്കാം.എന്നാൽ അത്രയും സൗകര്യമില്ലാത്ത ഒരാൾക്ക് ഒരാട്ടിൻകുട്ടിയെയും അത്രയും സൗകര്യമില്ലാത്ത ഒരാൾക്ക് ഒരു പ്രാവിനെയും യാഗമായി സമർപ്പിക്കാവുന്നതാണ്. അർപ്പിത വസ്തു എന്തായിരുന്നാലും അർപ്പിക്കുന്നയാൾ അത് മുഴുവനായി യാഗപീഠത്തിൽ വയ്ക്കണം. സമ്പൂർണ്ണമായിട്ടില്ലാത്ത ഒരു സമർപ്പണം ദൈവത്തിനു സ്വീകാര്യമല്ല.

എന്തിനുവേണ്ടിയാണ് ഹോമദ്രവ്യം യാഗപീഠത്തിന്മേൽ വയ്ക്കുന്നത്? മുഴുവൻ ദഹിപ്പിക്കുവാനായിത്തന്നെ. നാം ഈ കാര്യമോ ആ കാര്യമോ ചെയ്‌വാനായി നമ്മെത്തന്നെ സമർപ്പിക്കുന്നതായി നമ്മിൽ പലരും ചിന്തിക്കുന്നു. എന്നാൽ ദൈവം ആവശ്യപ്പെടുന്നതു നമ്മുടെ പ്രവർത്തനമല്ല,നമ്മെത്തന്നെയാണ്.യാഗപീഠം കുറിക്കുന്ന വസ്തുത ദൈവത്തിനുവേണ്ടി ചിലതൊക്കെ ചെയ്യുക എന്നതല്ല, മറിച്ചു നാം ആയിത്തീരുക എന്നതാണ്. ഒരേയൊരു പ്രവൃത്തികൊണ്ട് മുഴുവനായി ദഹിപ്പിക്കപ്പെടുന്ന പഴയനിയമയാഗത്തിൽ നിന്നു വ്യത്യസ്തമാണ് പുതിയ നിയമയാഗം. അത് “ജീവിക്കുന്ന ഒരു യാഗ”മാണ്. എപ്പോഴും ദഹിപ്പിക്കപ്പെടുവാനും എന്നാൽ എപ്പോഴും ജീവിപ്പാനുമായി നമ്മുടെ ജീവിതത്തെ ദൈവത്തിനു സമർപ്പിക്കുക എന്നതാണ് യാഗപീഠത്തിന്റെ അർത്ഥം. നമ്മുടെ ജീവിതം തനിക്കായി സമർപ്പിക്കപ്പെടണമെന്നു ദൈവം ആഗ്രഹിക്കുന്നു. എന്തിനുവേണ്ടി? ഈ ജീവിതം നിലനിൽക്കുന്ന കാലം മുഴുവൻ അത് അവിടുത്തേക്കുവേണ്ടി ദഹിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുവാൻ തന്നെ.

ദൈവം അബ്രഹാമിനു പ്രത്യക്ഷനായി. അബ്രഹാം തന്നെത്തന്നെ ദൈവത്തിനു അർപ്പിക്കുകയും ചെയ്തു. സമർപ്പണത്തെപ്പറ്റി വലിയ ഒരു ഉപദേശസംഹിതയൊന്നും അബ്രഹാം കേട്ടിരുന്നില്ല. തന്നെത്തന്നെ അർപ്പിക്കുവാൻ മറ്റുള്ളവർ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നില്ല. അബ്രഹാം ദൈവത്തെ കണ്ടു. അതോടെ ദൈവത്തിനു ഒരു യാഗപീഠം പണിയുകയും ചെയ്തു. സഹോദരീസഹോദരന്മാരെ, സമർപ്പണമെന്നത് പരപ്രേരണ കൂടാതെ നാം സ്വയം ചെയ്യേണ്ട ഒന്നാണ്. ദൈവം ഒരുവന് സ്വയം വെളിപ്പെടുത്തിക്കഴിയുമ്പോൾ





അവന് അവിടുത്തേക്കു വേണ്ടി ജീവിക്കാതിരിക്കുവാൻ സാദ്ധ്യമല്ല. ഈ വിധത്തിലാണ് അബ്രഹാമിന്റെ ജീവിതത്തിൽ സംഭവിച്ചത്. ക്രൈസ്തവചരിത്രത്തിന്റെ കഴിഞ്ഞ രണ്ടായിരം വർഷത്തിനിടയ്ക്ക് എപ്പോഴും സംഭവിച്ചിട്ടുള്ളതും ഈവിധത്തിൽ തന്നെ.

**കൂടാരത്തിലെ ജീവിതം.**

യാഗപീഠത്തിന്റെ പരിണിതഫലം കൂടാരത്തിലാണ് വെളിപ്പെടുന്നത്. ഉൽപ്പത്തി 12:8 നോക്കുക: “അബ്രഹാം അവിടെനിന്നു ബഥേലിനു കിഴക്കുള്ള മലയ്ക്കു പുറപ്പെട്ടു...........കൂടാരമടിച്ചു”. ഇവിടം മുതൽ അബ്രഹാം ഒരു കൂടാരവാസിയായി കാണപ്പെടുന്നു. യഥാർത്ഥത്തിൽ മുമ്പും അദ്ദേഹം കൂടാരത്തിൽ വസിച്ചിരുന്നെങ്കിലും അദ്ദേഹം യാഗപീഠം പണിയുന്നതുവരെയും ദൈവവചനം കൂടാരജീവിതത്തെ നമുക്കു ദൃഷ്ടിവിഷയമാക്കിത്തീർക്കുന്നില്ല.

കൂടാരമെന്നാൽ എന്ത്? കൂടാരം ഒരു സ്ഥിരമായ വാസസ്ഥാനമല്ല.ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കു മാറിക്കൊണ്ടിരിക്കുന്ന ഒന്നാണത്. യാഗപീഠത്തിലൂടെ ദൈവം നമ്മോട് ഇടപെടുന്നു. കൂടാരത്തിലൂടെ ദൈവം നമ്മുടെ വസ്തുവകകളോട് ഇടപെടുന്നു. യാഗപീഠത്തിൽ അബ്രഹാം തനിക്കുള്ളതെല്ലാം ദൈവത്തിനു സമർപ്പിക്കുന്നു. എന്നാൽ അതിനു ശേഷം അബ്രഹാം തനിക്കൊന്നുമില്ലാത്തവനായിത്തീരുന്നുണ്ടോ? ഇല്ല. അബ്രഹാമിനു പിന്നെയും കന്നുകാലികളും ആടുകളും മറ്റനേകം വസ്തുക്കളും ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹം ഒരു കൂടാരവാസി ആയിത്തീർന്നിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ യാഗപീഠത്തിൽ വച്ചു ദഹിച്ചു തീർന്നു പോകാത്ത വസ്തുക്കൾ കൂടാരത്തോടു ചേർക്കപ്പെടുകയാണുണ്ടായത്. നമ്മുടേതായ സകലവും നാം യാഗപീഠത്തിൽ വയ്ക്കുമ്പോൾദൈവം നമ്മുടെ പല സമ്പത്തുകളും തനിക്കവകാശമായി എടുക്കുന്നു. എന്നാൽ നമ്മുടെ ഉപയോഗത്തിനായി നമുക്കു വിട്ടുതരുന്ന വസ്തുക്കൾ കൂടാരത്തോടു ചേർന്നവയായിത്തീരുന്നു.

**യാഗപീഠത്തിലൂടെ ദൈവം നമ്മോട് ഇടപെടുന്നു. കൂടാരത്തിലൂടെ ദൈവം നമ്മുടെ വസ്തുവകകളോട് ഇടപെടുന്നു. യാഗപീഠത്തിൽ അബ്രഹാം തനിക്കുള്ളതെല്ലാം ദൈവത്തിനു സമർപ്പിക്കുന്നു. എന്നാൽ അതിനു ശേഷം അബ്രഹാം തനിക്കൊന്നുമില്ലാത്തവനായിത്തീരുന്നുണ്ടോ? ഇല്ല.യാഗപീഠത്തിൽ വച്ചു ദഹിച്ചു തീർന്നു പോകാത്ത വസ്തുക്കൾ കൂടാരത്തോടു ചേർക്കപ്പെടുകയാണുണ്ടായത്.**

അബ്രഹാമിന്റെ ജീവിതം യാഗപീഠത്തിന്മേലുള്ള ഒരു ജീവിതമായിരുന്നു. തന്റെ ഏകജാതനായ പുത്രൻ പോലും ഒരു സമയത്ത് യാഗപീഠത്തിന്മേൽ അർപ്പിക്കപ്പെട്ടു. എന്നാൽ ആ യിസ്ഹാക്കിന്റെ കാര്യത്തിൽ ദൈവം എന്താണ് ചെയ്തത്.? ദൈവം യിസ്ഹാക്കിനെ അബ്രഹാമിനു തിരികെ കൊടുത്തു. നിങ്ങൾ യാഗപീഠത്തിന്മേൽ വയ്ക്കുന്ന കാര്യങ്ങൾ ദൈവം കൈക്കൊള്ളുന്നു. നിങ്ങളുടെ സ്വന്ത ഇഷ്ടത്തിനായി ജീവിക്കുവാൻ അവിടുന്ന് നിങ്ങളെ അനുവദിക്കുന്നില്ല. യാഗപീഠം നിങ്ങൾക്കുള്ളതിനെയെല്ലാം ആവശ്യപ്പെടുന്നു.. എന്നാലും ആ യാഗപീഠത്തിന്മേൽ നിന്ന് ചില കാര്യങ്ങൾ ദൈവം തിരികെത്തരുമ്പോൾ അവ പിന്നീട് നിങ്ങളുടേതായി പരിഗണിക്കപ്പെടുകയില്ല. അവ കൂടാരവുമായി ബന്ധപ്പെട്ടവ

യാണ്.

ചില ആളുകൾചോദിക്കാറുണ്ട്: "ഞാൻ എനിക്കുള്ള എല്ലാറ്റിനെയും ദൈവത്തിനായി കൊടുക്കുകയാണെങ്കിൽ എന്റെ വസ്തുവകകൾ എല്ലാം വിൽക്കുകയും അതിന്റെ പണം മുഴുവൻ ഉപേക്ഷിച്ചുകളയുകയും ചെയ്യേണ്ടതല്ലേ? ഞാൻ എന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചാൽ എന്റെ ഭവനത്തിൽ പിന്നെ ഏതെല്ലാം വീട്ടുപകരണങ്ങൾ ശേഷിപ്പിക്കാം? എത്ര വസ്ത്രങ്ങൾ എന്റെ അലമാരിയിൽ ബാക്കിയുണ്ടാകുവാൻ കഴിയും?." ഇത്തരം പ്രശ്നങ്ങളെപ്പറ്റി ചില ആളുകൾ വാസ്തവത്തിൽ വ്യാകുലരായിത്തീരുന്നുണ്ട്. എന്നാൽ ഒരു കാര്യം നാമോർക്കണം. ദൈവത്തിന്റെ മുമ്പാകെ നമുക്കൊരു ജീവിതമുണ്ട്; അതേ സമയം ഈ ലോകത്തിൽ ജീവിക്കുന്ന ഒരു ജീവിതവുമുണ്ട്.ദൈവത്തിന്റെ മുമ്പാകെയുള്ള നമ്മുടെ ജീവിതത്തിൽ എല്ലാം യഥാർത്ഥമായും യാഗപീഠത്തിന്മേലായിരിക്കണം. എന്നാൽ ലോകത്തിലെ നമ്മുടെ ജീവിതത്തിൽ നമുക്ക് പല ഭൗതികവസ്തുക്കളും ആവശ്യമായിത്തീരുകയും ചെയ്യുന്നു. നമുക്ക് വസ്ത്രം വേണം , ഭക്ഷണം വേണം, വാസസ്ഥലവും വേണം. നാം എല്ലാം ദൈവത്തിനു വേണ്ടി സമർപ്പിച്ച് അവിടുത്തേക്കു വേണ്ടി മാത്രമാണ് ജീവിക്കുന്നത്. എന്നാൽ ഒരു പ്രത്യേക കാര്യം ഞാൻ സൂക്ഷിച്ചുകൊള്ളുവാൻ ദൈവം അനുവദിക്കുന്ന പക്ഷം അപ്പോൾ ഞാനതു സൂക്ഷിച്ചുകൊള്ളുന്നു.എന്നാൽ തന്നെയും നാം സൂക്ഷിച്ചുകൊള്ളുവാൻ ദൈവം വിട്ടുതരുന്ന കാര്യങ്ങൾക്കും കൂടാരത്തിന്റെ പ്രമാണം നാം പിന്തുടരണം.എന്തെന്നാൽ നമ്മുടെ ലൗകികാവശ്യങ്ങൾ നിറവേറ്റാനായി നമുക്കു തിരികെ നൽകപ്പെടുന്നവയാണ് ആ കാര്യങ്ങൾ. അവ നമുക്കുപയോഗിക്കാം, എന്നാൽ അവ നമ്മെ ഭരിക്കുവാനിടയാകരുത്. അവയെ നമുക്ക് സ്വീകരിക്കാം അഥവാ അവ വേണ്ടെന്നു വയ്ക്കുകയും ചെയ്യാം.ദൈവം അവയെ നമുക്കു നൽകിയെന്നു വരാം; അവയെ എടുത്തു കളഞ്ഞുവെന്നും വരാം. ഇതാണ് കൂടാരജീവിതത്തിന്റെ പ്രമാണം.യാഗപീഠത്തിൽ വയ്ക്കാത്ത ഒന്നും ഉപയോഗിക്കുവാൻ ഇട വരാതെയും അവിടെനിന്നും ഒന്നും തിരിച്ചെടുക്കുവാൻ മുതിരാതെയും ഇരിക്കുമാറ് ഈ പാഠം നമുക്കു പഠിക്കാം. ദൈവം നമുക്കു തിരികെ തരുന്ന കാര്യങ്ങൾ കൂടാരത്തിന്റെ പ്രമാണം അനുസരിച്ച് കൈവശം സൂക്ഷിക്കയാണ് നാം ചെയ്യേണ്ടത്.

**രണ്ടാമതൊരു യാഗപീഠം.**

ഉൽപ്പത്തി 12:8-ൽ ഇപ്രകാരം പറയുന്നു: "അബ്രഹാം അവിടെ നിന്നു ബഥേലിനു കിഴക്കുള്ള മലയ്ക്കു പുറപ്പെട്ടു. ബെഥേൽ കിഴക്കും ഹായി പടിഞ്ഞാറുമായി കൂടാരം അടിച്ചു; അവിടെ അവൻ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു." ഇതു അബ്രഹാമിന്റെ രണ്ടാമത്തെ യാഗപീഠമാണ്. യാഗപീഠം കൂടാരത്തിലേക്ക് അദ്ദേഹത്തെ വഴിനടത്തി. ഇപ്പോൾ കൂടാരം വീണ്ടും യാഗപീഠത്തിലേക്കു നടത്തുന്നു. നമ്മുടെ വസ്തുവകകൾ കൂടാരമെന്ന പ്രമാണമനുസരിച്ച് കരുതലോടെ നാം കൈകാര്യം ചെയ്യുന്നില്ലെങ്കിൽ നമ്മുടെ വേരുകൾ ഒരിടത്ത് ഉറച്ചുപോകുവാൻ അവ ഇടയാക്കും. അങ്ങനെയെങ്കിൽ രണ്ടാമതൊരു യാഗപീഠം ഒരിക്കലും ഉണ്ടാകയുമില്ല.നമ്മുടേതായ സകലവും നാം അർപ്പണം ചെയ്യുമ്പോൾ ചില വസ്തുക്കൾ കൂടാരത്തിലേക്കായി ഉപയോഗിച്ചുകൊള്ളുവാൻ ദൈവം അനുവദിക്കും. എന്നാൽ അവിടേക്കു നാം എന്തു വസ്തു എടുക്കണം എന്ന കാര്യത്തിൽ ഒരു തിരഞ്ഞെടുപ്പിനുള്ള അവകാശം നമുക്കില്ല. കൂടാരത്തിലേക്കു നാം കൊണ്ടുപോകുന്ന സകല വസ്തുക്കളും യാഗപീഠത്തിൽ നിന്നായിരിക്ക





ണം. കൂടാരത്തിൽ വയ്ക്കപ്പെട്ട സാധനങ്ങൾ വീണ്ടും യാഗപീഠത്തിലേക്കു മടക്കിക്കൊണ്ടു വരികയും വേണം. "ഈ കാര്യം എനിക്കു വേണം" എന്ന് ഏതു സമയത്തും ദൈവം പറഞ്ഞെന്നു വരാം. അപ്പോൾ നാം അവയോട് പറ്റിച്ചേർന്ന്-"ഇല്ല ഇതെന്റെ വകയാണ്'' എന്നു പറയുന്നുവെങ്കിൽ അപ്പോൾ നാം ഹൃദയം കൊണ്ട് യാഗപീഠത്തിൽ നിന്നകന്നുമാറിയവരാകും. ദൈവത്തിനായി ജീവിക്കുന്നവരെന്നു നമുക്കു നമ്മെപ്പറ്റി പറയുവാൻ സാദ്ധ്യമാകാതെയും വരും. നാം നമ്മുടെ ആദ്യത്തെ യാഗപീഠം പണിതവരായിരിക്കാം. എങ്കിലും കാലക്രമേണ നാം കൂടാരത്തിന്റെ പ്രമാണത്തിൽ നിന്നകന്നു പോകാം. അങ്ങനെയെങ്കിൽ പിന്നീടൊരു യാഗപീഠവും ഉണ്ടാകുകയില്ല. എന്നാൽ നാം എപ്പോഴും കൂടാരവാസികളായിരിക്കയും രണ്ടാമതും ഒരു യാഗപീഠം പണിയുകയും ചെയ്യുന്നത് എത്ര വിലയേറിയ ഒരനുഭവമാണ്!

**യാഗപീഠവും കൂടാരവും വീണ്ടുകൊള്ളുന്ന അനുഭവം**

അബ്രഹാമിനും തന്റേതായ പരാജയങ്ങൾ ഉണ്ടായിരുന്നു.അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ യാഗപീഠവും കൂടാരവും വിട്ടുകളഞ്ഞ ശേഷം മിസ്രയിമിലേക്കു പ്രയാണം ചെയ്ത ഒരു സമയം വന്നുകൂടി. എങ്കിലും ഈ രണ്ടിനേയും വീണ്ടുകൊള്ളുന്ന ഒരനുഭവം പിൽക്കാലത്ത് അദ്ദേഹത്തിനുണ്ടായി. ഈ വീണ്ടുകൊള്ളൽ അഥവാ പുനരുദ്ധാരണം എങ്ങനെയാണ് സംഭവിച്ചത്. ഉല്പത്തി 13:3,4 വാക്യങ്ങൾ നോക്കുക. "അവൻ തന്റെ യാത്രയിൽ തെക്കുനിന്ന് ബഥേൽ വരെയും ബഥേലിനും ഹായിക്കും മദ്ധ്യേ തനിക്ക് ആദിയിൽ കൂടാരമുണ്ടായിരുന്നതും താൻ ആദിയിലുണ്ടാക്കിയ യാഗപീഠമിരുന്നതുമായ സ്ഥലം വരെയും ചെന്നു. അവിടെ അബ്രഹാം യഹോവയുടെ നാമത്തിൽ ആരാധിച്ചു."യാഗപീഠത്തിലേക്കും കൂടാരത്തിലേക്കുമുള്ള മടങ്ങിവരവാണ് പുനരുദ്ധാരണം.

നിങ്ങളിൽ ആരെങ്കിലും പിന്മാറ്റക്കാരായിത്തീർന്നുപോയിട്ടുണ്ടോ? നിങ്ങളിൽ ആരെങ്കിലും ഇപ്പോൾ സ്വന്തമായ താത്പര്യങ്ങളും സ്വന്തമായ ലക്ഷ്യങ്ങളും ഉണ്ടായിത്തീരുമാറ് മിസ്രയിമിലേക്കു പിൻവാങ്ങിപ്പോയിട്ടുണ്ടോ? നിങ്ങൾ ഒരു പുനരുദ്ധാരണം അന്വേഷിക്കുന്നവരെങ്കിൽ അതു യാഗപീഠത്തിലും കൂടാരത്തിലും നിങ്ങൾക്കു കണ്ടെത്തുവാൻ സാധിക്കും. അബ്രഹാമിന്റെ പുനരുദ്ധാരണം തന്റെ കൂടാരം മുമ്പിരുന്നസ്ഥലത്തേക്ക്-അതായത് താൻ ആദ്യം യാഗപീഠം പണിത സ്ഥലത്തേക്ക്-തന്നെയുള്ള അദ്ദേഹത്തിന്റെ തിരിച്ചുവരവിലൂടെയാണ് സംഭവിച്ചത്. എന്നാൽ ഈ പുനരുദ്ധാരണത്തിനു ശേഷം അബ്രഹാമിനുണ്ടായ അനുഭവം എന്തായിരുന്നു? ഉൽപ്പത്തി 13:18 അതിനെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തുന്നു. "അപ്പോൾ അബ്രഹാം കൂടാരം നീക്കി ഹെബ്രോനിൽ മമ്രേയുടെ തോപ്പിൽ വന്നു പാർത്തു. അവിടെ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു." ഹെബ്രോൻ എന്ന വാക്കിനു കൂട്ടായ്മ എന്നാണർത്ഥം. തന്റെ പുനരുദ്ധാരണത്തിനു ശേഷം അബ്രഹാം ദൈവവുമായി നിരന്തരമായൊരു കൂട്ടായ്മയിലേക്കു പ്രവേശിച്ചു. അങ്ങനെ അബ്രഹാം മറ്റൊരു യാഗപീഠം പണിതു. നാം ദൈവവുമായി കൂട്ടായ്മ ആചരിക്കുന്നവരെങ്കിൽ ഒരിക്കലും നാം യാഗപീഠത്തെ വിട്ടുപോകയില്ല. ദൈവം നമ്മോടു കരുണ കാണിക്കുകയും സമർപ്പണത്തിന്റെ പ്രാധാന്യം നമുക്ക് വെളിപ്പെടുത്തിത്തരികയും ചെയ്യട്ടെ! അങ്ങനെയെങ്കിൽ നാം യാഗപീഠത്തിന്റെയും കൂടാരത്തിന്റെയുമായ ജീവിതത്തിൽ അടിയുറച്ചവരായിത്തീരും.

ചിന്തയ്ക്ക്

# പ്രാർത്ഥനയ്ക്കുള്ള തടസ്സങ്ങൾ

ആർ എ ടോറി

**ഫ**ലകരമായ പ്രാർത്ഥനയെ തടസ്സപ്പെടുത്തുന്ന കാര്യങ്ങളും ഉണ്ട്. അവ ദൈവം തന്റെ വചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

**തടസ്സം ഒന്ന്: സ്വാർത്ഥത**

ഒന്നാമത്തെ തടസ്സം യക്കോബ് 4:3ൽ കാണാം. "നിങ്ങൾ യാചിക്കുന്നുവെങ്കിലും നിങ്ങളുടെ ഭോഗത്തിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിക്കുന്നതു കൊണ്ട് ഒന്നും ലഭിക്കുന്നില്ല."

പ്രാർത്ഥനയുടെ പിന്നിലൊളിഞ്ഞിരിക്കുന്ന സ്വാർത്ഥത പ്രാർത്ഥനയുടെ ശക്തിയെ കവർന്നു കളയുന്നു. പല പ്രാർത്ഥനകളും സ്വാർത്ഥപരമാണ്. അവ ദൈവത്തോട് യാചിക്കുവാൻ യോഗ്യമായ കാര്യങ്ങൾക്കു വേണ്ടിയുള്ള പ്രാർത്ഥനകളായിരിക്കാം. എന്നാൽ ആ പ്രാർത്ഥനയുടെ ഉദ്ദേശ്യം പരിപൂർണ്ണമായും തെറ്റായിരിക്കും.. തന്മൂലം പ്രാർത്ഥന ശക്തിരഹിതമായി പരാജയപ്പെടുന്നു. പ്രാർത്ഥനയുടെ വാസ്തവമായ ഉദ്ദേശ്യം, മറുപടിയിലൂടെ ദൈവനാമം മഹത്വപ്പെടണം എന്നുള്ളതായിരിക്കണം. നമ്മുടെ സ്വന്ത സുഖങ്ങൾക്കായിട്ടോ സ്വന്തതൃപ്തിക്കായിട്ടോ എന്തെങ്കിലും ലഭിക്കുവാൻ അപേക്ഷിച്ചാൽ നാം വല്ലാതെ യാചിക്കുന്നതുകൊണ്ട് യാചിച്ചത് ലഭിക്കുമെന്ന് പ്രതീക്ഷിക്കരുത്. പല പ്രാർത്ഥനകൾക്കും മറുപടി ലഭിക്കാതിരിക്കുന്നതിന്റെ കാരണം ഇതിനാൽ വ്യക്തമാകുന്നു.

ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ മാനസാന്തരത്തിനു വേണ്ടി പ്രാർത്ഥിക്കുന്നുവെന്നു കരുതുക. അപേക്ഷിക്കുവാൻ യോഗ്യമായ ഒരു കാര്യമാണത്. എന്നാൽ അങ്ങനെ പ്രാർത്ഥിക്കുന്നതിന്റെ ഉദ്ദേശ്യം ഭർത്താവിന്റെ മാനസാന്തരത്തിലൂടെ ഉണ്ടായേക്കാവുന്ന ദൈവനാമമഹത്വം അല്ല എന്നു വരികിലോ? തന്നോടു സഹതാപപൂർവ്വം പെരുമാറണമെങ്കിൽ ഭർത്താവു മാനസാന്തരപ്പെടണമെന്ന ചിന്തയുടെ അടിസ്ഥാനത്തിലാണ് അവളുടെ പ്രാർത്ഥനയെങ്കിൽ ലക്ഷ്യം കേവലം സ്വാർത്ഥമയമായിപ്പോകുകയാണ്. അപ്പോൾ പിന്നെ ഒരു ഭർത്താവു മാനസാന്തരപ്പെടണമെന്നു ഭാര്യ ആഗ്രഹിക്കുന്നതിന്റെ കാരണം എന്തായിരിക്കണം? ഭർത്താവിന്റെ മാനസാന്തരം മുഖാന്തരം സർവ്വോപരി ദൈവനാമം മഹത്വപ്പെടണമെന്നതായിരിക്കണം. കാരണം ഭർത്താവ് ദൈവത്തിന്റെ പുത്രനെ കാൽക്കീഴെ ചവിട്ടിക്കളയുന്നതിലൂടെ അപമാനിക്കുന്നു എന്ന കാര്യമാണ് തനിക്ക് അസഹനീയമായിതോന്നേണ്ടത്.

അനേകർ ഉണർവ്വിനായി പ്രാർത്ഥിക്കുന്നുണ്ട്. അത് തീർച്ചയായും ദൈവത്തിനു പ്രസാദമുള്ള പ്രാർത്ഥനയാണ്. അതു ദൈവഹിതത്തിന്റെ മാർഗ്ഗത്തിൽപ്പെട്ടതാണ്.. എന്നാൽ ഉണർവ്വിനു വേണ്ടിയുള്ള പല പ്രാർത്ഥനകളും സ്വാർത്ഥതയിലധിഷ്ഠിതമാണ്. സഭകൾ ഉണർവ്വ് ആഗ്രഹിക്കുന്നത് അംഗസംഖ്യ കൂട്ടുന്നതിനും സമൂഹത്തിൽ കുറെക്കൂടി സ്വാധീനം വർദ്ധിപ്പിക്കുന്നതിനും സഭയുടെ പണപ്പെട്ടി നിറയ്ക്കുന്നതിനും കോൺഫറൻസുകളിൽ നല്ലയൊരു റിപ്പോർട്ടു കൊടുക്കുന്നതിനും ഇടയാകും എന്ന് കരുതിയാണ്. അപ്രകാരമുള്ള പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നൽകിയില്ല എന്നു വന്നേക്കാം. നാം ഉണർവ്വിനായി പ്രാർത്ഥിക്കുന്നതിന്റെ ഉദ്ദേശ്യം എന്തായിരിക്കണം? ദൈവനാമമഹത്വത്തിനു വേണ്ടി. അതായത്, വിശ്വാസികളുടെ ലോകമയത്വം, അവിശ്വാസികളുടെ പാപം, ഈ കാലത്തെ വിശ്വാസരാഹിത്യം എന്നിവയാൽ ദൈവത്തെ അപമാനിക്കുന്നത് നമുക്ക് സഹിക്കാൻ കഴിയുകയില്ല. ക്രിസ്തുവിന്റെ സഭയുടെ മേൽ ആത്മാവിന്റെ പകർച്ച ഉണ്ടാകുന്നതിനാൽ ദൈവനാമം മഹത്വപ്പെടണം എന്നുള്ളതായിരിക്കണം ഉദ്ദേശ്യം. ആ ലക്ഷ്യത്തോടെ പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രാർത്ഥന കേൾക്കാതിരിക്കുമോ?

**തടസ്സം രണ്ട്: പാപം**

പ്രാർത്ഥനയിലുള്ള രണ്ടാമത്തെ തടസ്സം യെശയ്യ.59:1-2-ൽ കാണുന്നു. "രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾക്കാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങളത്രെ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്".

പലരും പ്രാർത്ഥനയോടു പ്രാർത്ഥന; മറുപടി ഒട്ടു ലഭിക്കുന്നുമില്ല. മറുപടി നൽകുന്നതു ദൈവഹിതമല്ലെന്നോ ദൈവം പ്രാർത്ഥനയ്ക്കു മറുപടി നൽകുന്ന നാളുകൾ കഴിഞ്ഞു പോയി എന്നോ പറയുവാൻ പരീക്ഷിക്കപ്പെട്ടു എന്നു വരാം. യിസ്രായേൽ അപ്രകാരം ചിന്തിച്ചു എന്നു തോന്നുന്നു. രക്ഷിപ്പാൻ കഴിയാതെവണ്ണം ദൈവത്തിന്റെ കൈ കുറുതായി എന്നും കേൾക്കുവാൻ കഴിയാതെവണ്ണം അവന്റെ ചെവി മന്ദമായി എന്നും അവർ വിചാരിച്ചു. ഈയവസരത്തിൽ യെശയ്യാവു പറയുന്നു "അങ്ങനെയല്ല". ദൈവത്തിന്റെ ചെവി എക്കാലവും എന്നപോലെ ഇക്കാലത്തും തുറന്നിരിക്കയാണ്. അവന്റെ കൈ രക്ഷിക്കാൻ തക്കവണ്ണം ശക്തിയുള്ളതുമാണ്. എന്നാൽ ഒരു തടസ്സമുണ്ട്. ആ തടസ്സം നിങ്ങളുടെ സ്വന്തപാപങ്ങളാണ്. "നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളെയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങളത്രെ അവൻ കേൾക്കാതെവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്."

ഇന്നും അങ്ങനെ തന്നെയാണ്. അനേകരും ദൈവത്തോട് നിലവിളിക്കുന്നത് വൃഥാവിലാകുന്നു. കാരണം പാപം അവരുടെ ജീവിതത്തിൽ ഉണ്ട് എന്നതുതന്നെ. കഴിഞ്ഞ കാലത്തെന്നോ ചെയ്തതും പിന്നീട് വിധിക്കപ്പെടാതെയോ അനുതപിക്കാതെയോ കിടക്കുന്നതുമായ പാപമായിരിക്കാം. അതൊരു പാപമായിട്ടു പോലും നിങ്ങൾ കരുതുന്നുണ്ടാവില്ല. എന്നാൽ ആ പാപം ഹൃദയത്തിലോ ജീവിതത്തിലെവിടെയോ മറഞ്ഞു കിടക്കുന്നുണ്ട്. അതിനാൽ ദൈവം പ്രാർത്ഥന കേൾക്കുകയുമില്ല.

ആർക്കെങ്കിലും തങ്ങളുടെ പ്രാർത്ഥന ഫലകരമല്ല എന്നു തോന്നുന്നുവെങ്കിൽ അതു ദൈവഹിതമല്ല എന്നു കരുതി അവസാനിപ്പിച്ചുകളയുകയല്ല വേണ്ടത്. പിന്നെയോ സങ്കീർത്തനക്കാരന്റെ പ്രാർത്ഥനയുമായി ദൈവസന്നിധിയിൽ കടന്നു ചെല്ലുക. '*ദൈവമേ, എന്നെ ശോധന*

*ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ. എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിലുണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ (സങ്കീ.139:23,24).'* ദൈവഹിതകരമല്ലാത്ത കാര്യത്തിന്മേൽ ദൈവം തന്റെ കൈ വയ്ക്കുവോളം അവന്റെ മുമ്പാകെ കാത്തിരിക്കുക. അപ്പോൾ ആ പാപം അനുതപിച്ച് ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചു കളയണം.

എനിക്കു ലഭിക്കണമെന്നു ഞാനാഗ്രഹിച്ച രണ്ടു പ്രത്യേക കാര്യങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ച ഒരു സമയം ഞാനോർക്കുന്നു. ലഭിച്ചില്ലെങ്കിൽ ദൈവനാമം അപമാനിക്കപ്പെടും. എന്നാൽ മറുപടി ഉണ്ടായില്ല. അർദ്ധരാത്രിയിൽ ശാരീരികമായും മാനസികമായും വളരെ ക്ളേശമുള്ളവനായി ഞാൻ എഴുന്നേറ്റു.. ഈ കാര്യങ്ങൾക്കായി ഞാൻ ദൈവമുമ്പാകെ കരഞ്ഞു. ആ കാര്യങ്ങൾ ഉടനെ ലഭിക്കേണ്ടതിന്റെ അത്യാവശ്യകതയെപ്പറ്റി ദൈവവുമായി ന്യായവാദം നടത്തി. എന്നിട്ടും മറുപടി ഉണ്ടായില്ല. എന്റെ സ്വന്തജീവിതത്തിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ വെളിപ്പെടുത്താൻ ദൈവത്തോടപേക്ഷിച്ചു.. പലപ്പോഴും എന്റെ ഓർമ്മയിൽ വന്നിട്ടുള്ളഒരു കാര്യം അപ്പോഴും വന്നു. അതു വ്യക്തമായ ഒരു കാര്യമായിരുന്നു എങ്കിലും ഒരു പാപമാണെന്ന് അംഗീകരിച്ച് എറ്റു പറയുവാൻ എനിക്കു മനസ്സില്ലായിരുന്നു.ഞാൻ ദൈവത്തോടു പറഞ്ഞു "അതു തെറ്റാണെങ്കിൽ അതുപേക്ഷിച്ചു കളയാം."എന്നിട്ടും മറുപടി ഉണ്ടായില്ല. ഞാൻ ഒരിക്കലും സമ്മതിച്ചിരുന്നില്ലെങ്കിലും അതു തെറ്റാണെന്നുള്ള ബോധം എന്റെ മനസ്സിലുണ്ടായിരുന്നു. അവസാനം ഞാൻ സമ്മതിച്ചു.

"ഇതു തെറ്റാണ്. ഞാൻ പാപം ചെയ്തുപോയി. ഞാൻ അതുപേക്ഷിക്കും."

എനിക്കു സമാധാനമുണ്ടായി.ചില നിമിഷങ്ങൾക്കകം ഒരു ശിശുവിനെപ്പോലെ ഞാനുറങ്ങി. രാവിലെ ഉന്മേഷവാനായി എഴുന്നേറ്റു. ദൈവനാമമഹത്വത്തിനാവശ്യമായ പണവും ലഭിച്ചു.

പാപം ഭയങ്കരമായ ഒന്നാണ്. അതിന്റെ ഭയങ്കരത്വങ്ങളിൽ ഒന്ന് പ്രാർത്ഥനയെ തടസ്സപ്പെടുത്തുന്നു എന്നതാണ്. എല്ലാ കൃപയുടെയും ശക്തിയുടെയും അനുഗ്രഹത്തിന്റെയും ഉറവിടമായ പ്രാർത്ഥനയേയും നമ്മെയും തമ്മിൽ വേർപെടുത്തുന്ന മാർഗ്ഗമാണത്. പ്രാർത്ഥനയിൽ ഒരുവന് ശക്തി ലഭിക്കണമെങ്കിൽ സ്വന്ത പാപത്തിനു നേരെ കരുണ കൂടാതെ ഇടപെടണം. "എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു." (സങ്കീ.66:18). നാം പാപത്തെ മുറുകെ പിടിക്കുന്ന കാലത്തോളം, ദൈവത്തോടു മറുത്തു നിൽക്കുന്ന കാലത്തോളം അവൻ നമ്മുടെ പ്രാർത്ഥന ചെവിക്കൊള്ളുമെന്ന് പ്രതീക്ഷിക്കേണ്ട. ദൈവവുമായി അടുത്ത ബന്ധം പുലർത്തുമ്പോൾ ചെയ്തു പോയ പാപങ്ങൾ തുടർച്ചയായി ഹൃദയത്തിൽ പൊന്തി വരുന്നെങ്കിൽ നിങ്ങളുടെ പ്രാർത്ഥനയെ തടസ്സപ്പെടുത്തുന്നത് ആ കാര്യമാണ്. അതിനെ നീക്കിക്കളയുക

### തടസ്സം മൂന്ന്:വിഗ്രഹങ്ങൾ

പ്രാർത്ഥനയെ തടസ്സപ്പെടുത്തുന്ന മൂന്നാമത്തെ കാര്യം യെഹസ്കേൽ 14:3-ൽ കാണുന്നു. "മനുഷ്യപുത്രാ, ഈ പുരുഷന്മാർതങ്ങളുടെ വിഗ്രഹങ്ങളെ ഹൃദയത്തിൽ സ്മരിച്ച് തങ്ങളുടെ അകൃത്യഹേതു തങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നു. അവർ ചോദിച്ചാൽ ഞാൻ ഉത്തരമരുളുമോ?" ഹൃദയത്തിലെ വിഗ്രഹങ്ങൾ, ദൈവം നമ്മുടെ പ്രാർത്ഥന ശ്രദ്ധിക്കാതിരിക്കുന്നതിനു മുഖാന്തരമായിത്തീരുന്നു.





എന്താണ് ഒരു വിഗ്രഹം? ദൈവത്തിന്റെ സ്ഥാനം എടുക്കുന്ന ഏതും, നാം അങ്ങേ അറ്റം പ്രിയപ്പെടുന്ന ഏതും നമ്മുടെ വിഗ്രഹമാണ്. നമ്മുടെ ഹൃദയത്തിലെ ശ്രേഷ്ഠമായ സ്ഥാനം കർത്താവിനു മാത്രം അവകാശപ്പെട്ടതാണ്. മറ്റെല്ലാവരും 'എല്ലാ കാര്യവും' കർത്താവിനു താഴെയായിരിക്കണം.

പല പുരുഷന്മാരും ഭാര്യമാരെ വിഗ്രഹമായി കരുതുന്നു. ഒരുവനു തന്റെ ഭാര്യയെ കൂടുതലായി സ്നേഹിക്കുവാൻ പാടില്ല എന്നല്ല, എന്നാൽ അവളെ തെറ്റായ സ്ഥാനത്തു പ്രതിഷ്ഠിച്ചു എന്നു വരാം. ദൈവത്തെക്കാൾ ഉന്നതമായ സ്ഥാനം അവൾക്ക് കൊടുത്തു എന്നു വരാം. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനേക്കാൾ കൂടുതലായി ഭാര്യയെ പ്രസാദിപ്പിക്കുവാൻ ഒരുങ്ങുന്നതിലൂടെ അവൾക്കു ഒന്നാം സ്ഥാനവും ദൈവത്തിനു രണ്ടാം സ്ഥാനവും കൊടുക്കേണ്ടി വന്നാൽ ഭാര്യ അയാൾക്കൊരു വിഗ്രഹമായിത്തീരും. ആ പരിതസ്ഥിതിയിൽ ദൈവത്തിനു പ്രാർത്ഥന കേൾക്കുവാൻ കഴിയുകയില്ല.

പല സ്ത്രീകളും തങ്ങളുടെ മക്കളെ വിഗ്രഹമാക്കിത്തീർക്കുന്നു. മക്കളെ കൂടുതൽ സ്നേഹിക്കുവാൻ പാടില്ല എന്നതിനർത്ഥമില്ല. ക്രിസ്തുവിനെ കൂടുതലായി സ്നേഹിക്കുന്തോറും നമ്മുടെ മക്കളെയും കൂടുതലായി സ്നേഹിക്കും. എന്നാൽ നമ്മുടെ മക്കൾക്ക് അനർഹമായ സ്ഥാനം നൽകി, ദൈവത്തിന്റെ സ്ഥാനത്ത് അവരെ ഇരുത്തിയാൽ, അവരുടെ താത്പര്യങ്ങൾക്ക് ദൈവത്തിന്റെ താത്പര്യങ്ങളെക്കാൾ കൂടുതൽ പരിഗണന കൊടുത്താൽ മക്കൾ നമ്മുടെ വിഗ്രഹങ്ങളായിത്തീരുന്നു.

പലരും തങ്ങളുടെ തൊഴിലിനെയോ സ്ഥാനമാനങ്ങളെയോ വിഗ്രഹമാക്കാറുണ്ട്. അങ്ങനെയുള്ള ഒരുവന്റെ പ്രാർത്ഥന ദൈവത്തിനു ശ്രദ്ധിക്കുവാൻ കഴിയുകയില്ല.

> **നമുക്ക് പ്രാർത്ഥനയിൽ ശക്തി വേണമെങ്കിൽ നാം തീരുമാനിക്കേണ്ട ഒരു കാര്യമുണ്ട്. പരിപൂർണ്ണമായും എല്ലാ കാര്യത്തിലും ദൈവം ഒന്നാമനായിരിക്കേണം എന്ന തീരുമാനമാണത്. നമ്മുടെ പെരുമയ്ക്കും തൊഴിലിനും ഭാര്യയ്ക്കും മക്കൾക്കും മുമ്പനാണോ ദൈവം?. അങ്ങനെ അല്ലെങ്കിൽ ഓർക്കുക. ഫലകരമായ പ്രാർത്ഥന അസാദ്ധ്യമാണ്.നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി പലപ്പോഴും നൽകാതിരിക്കുമ്പോൾ ദൈവം ചെയ്യുന്നത് ഒരു വിഗ്രഹം നമുക്കുണ്ടെന്ന വസ്തുത നമ്മെ ഓർപ്പിക്കുകയാണ്.**

നമുക്ക് പ്രാർത്ഥനയിൽ ശക്തി വേണമെങ്കിൽ നാം തീരുമാനിക്കേണ്ട ഒരു കാര്യമുണ്ട്. പരിപൂർണ്ണമായും എല്ലാ കാര്യത്തിലും ദൈവം ഒന്നാമനായിരിക്കേണം എന്ന തീരുമാനമാണത്. നമ്മുടെ പെരുമയ്ക്കും തൊഴിലിനും ഭാര്യയ്ക്കും മക്കൾക്കും മുമ്പനാണോ ദൈവം?. അങ്ങനെ അല്ലെങ്കിൽ ഓർക്കുക. ഫലകരമായ പ്രാർത്ഥന അസാദ്ധ്യമാണ്.

നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി പലപ്പോഴും നൽകാതിരിക്കുമ്പോൾ ദൈവം ചെയ്യുന്നത് ഒരു വിഗ്രഹം നമുക്കുണ്ടെന്ന വസ്തുത നമ്മെ ഓർപ്പിക്കുകയാണ്. അങ്ങനെ വരുമ്പോൾ ആ വിഗ്രഹം ഏതെന്നു കണ്ടുപിടിച്ച് ദൂരെ കളയുകയാണ് നാം ചെയ്യേണ്ടത്. അപ്പോൾ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കും. (തുടരും)

(സമാഹൃതം)

# വിജയകരമായ ക്രിസ്തീയജിവിതം

പേജ് 10 ൽ നിന്ന് തുടർച്ച

തിക്കരുതേ". സ്നേഹം കിട്ടാത്തവൻ കേഴുന്നു. പക്ഷേ അവനും പറയാം "കർത്താവായ യേശു എന്നെ സ്നേഹിക്കുന്നു."

2. ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകർന്നാൽ നമുക്കു സ്വാഭാവികമായി ഒട്ടും സ്നേഹിക്കാൻ കഴിയാത്ത ഏറ്റവും മോശമായ മനുഷ്യനും നമ്മുടെ തന്നെ നോട്ടത്തിൽ സ്നേഹിക്കാൻ കൊള്ളാവുന്നവനായി മാറും. യഥാർത്ഥത്തിൽ നിങ്ങൾക്കവനെ സ്നേഹിക്കാൻ ആഗ്രഹമുണ്ടെങ്കിൽ അവനായി എരിവോടെ പ്രാർത്ഥിക്കയും ആ ആത്മാവിനെ രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുക. അവൻ ഒരു ക്രിസ്ത്യാനിയാണ്. പക്ഷേ 'നല്ല നിലയിൽ രക്ഷിക്കപ്പെട്ടവന'ല്ലെങ്കിൽ വിജയകരമായ ജീവിതം അവനു ലഭിക്കാനായി പ്രാർത്ഥിക്കുക. അവരുടെ യഥാർത്ഥ സൗന്ദര്യം, മദ്യപാനം, മറ്റു ദുശ്ശീലങ്ങൾ എന്നിവയാൽ കളങ്കിതരായ ഏറ്റവും അറപ്പു തോന്നുന്ന ചില സ്ത്രീപുരുഷന്മാർക്ക് ക്രിസ്തുവിനെ ചൂണ്ടിക്കാട്ടി കൊടുക്കാനുള്ള ഭാഗ്യം ഈ എഴുത്തുകാരനുണ്ടായിട്ടുണ്ട്. ഒരാഴ്ചയ്ക്കുശേഷം അവരെ കാണുമ്പോൾ അവർ ക്രിസ്തുയേശുവിൽ പുതു സൃഷ്ടികളായിത്തീർന്നിരിക്കുന്നു! വളരെ കുറച്ചു സമയത്തിനുള്ളിൽ അത്ഭുതകരമായ രൂപാന്തരം അവർക്കുണ്ടായിരിക്കുന്നു! അവൻ/അവൾ നിന്റെ ദൃഷ്ടിയിൽ ഇപ്പോൾ സ്നേഹിക്കാൻ കൊള്ളാത്തവരാണോ? എന്നാൽ ദൈവസ്നേഹം അവനെ/അവളെ സ്പർശിച്ചാൽ അവർ ആരായിത്തീരുമെന്ന് ഒരു നിമിഷം ചിന്തിക്കുക.

### മാലാഖയെ വിമോചിപ്പിക്കുക

ഒരു വലിയ പരുക്കൻ മാർബിൾ കഷണത്തിനു മുമ്പിൽ മൈക്കൽ ഏയ്ഞ്ചലോ ധ്യാനനിമഗ്നനായി ഏറെ നേരം നിൽക്കുന്നതു കണ്ട് സ്നേഹിതൻ കാര്യം അന്വേഷിച്ചു. "ഈ മാർബിൾകഷണത്തിനുള്ളിൽ ഒരു മാലാഖ ഒളിഞ്ഞിരിപ്പുണ്ട്. ആ മാലാഖയെ വിമോചിപ്പിക്കുവാൻ ഞാൻ പോകുകയാണ്"-ഉത്സാഹത്തോടെയുള്ള മൈക്കൽ ഏയ്ഞ്ചലോയുടെ മറുപടി അങ്ങനെയായിരുന്നു. ഇതുപോലെ ഒട്ടും സ്നേഹിക്കാൻ കൊള്ളാത്ത ദുർന്നടപടിക്കാരനായ ഒരുവനെപ്പോലും ക്രിസ്തുവിന്റെ സ്നേഹം എങ്ങനെ രൂപാന്തരപ്പെടുത്തുമെന്ന് നാം കണ്ടുകഴിഞ്ഞാൽ നമ്മിൽത്തന്നെ അവനോടു വലിയ സ്നേഹം ഉണ്ടാകുകയും നാം ഉത്സാഹത്തോടെ ഇങ്ങനെ പറയുകയും ചെയ്യും: "ഇതാ ക്രിസ്തുവിന്റെ രൂപം ഇവനിൽ ആർക്കും കാണാനാവാത്ത നിലയിൽ മറഞ്ഞിരിപ്പുണ്ട്. ഈ പ്രിയപ്പെട്ടവന് ഞാൻ അതിനെക്കുറിച്ച് ഒരു ബോധ്യം നൽകട്ടെ".

ഒരു സുന്ദരനായ രാജകുമാരൻ ഒരു സർപ്പത്തെ ചുംബിച്ചപ്പോൾ അതിനു ശാപമോക്ഷം ലഭിക്കുകയും അത് അതീവസുന്ദരിയായ ഒരു രാജകുമാരിയായി മാറുകയും ചെയ്തുവെന്ന് കുട്ടിക്കഥകളിൽ വായിച്ചിട്ടില്ലേ? അതുപോലെ യഥാർത്ഥ ജീവിതത്തിൽ'സ്നേഹത്തിന്റെ ചുംബനം' ലഭിച്ചാൽ ഏറ്റവും മോശപ്പെട്ടവൻ പോലും സുന്ദരനായിത്തീരും; സർപ്പം വിശുദ്ധനായി മാറും.

'വിജയകരമായ ജീവിത'ത്തിന്റെ ബാഹ്യമായി കാണാവുന്ന ലക്ഷണങ്ങൾ എന്തെല്ലാമാണ്?" ഒരിക്കൽ ഒരു യുവസുവിശേഷകൻ ചോദിച്ചു-യഥാർത്ഥവിജയം എന്തെന്നുള്ളതിലേ

(ശേഷം പേജ് 42 ൽ)







# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം-6

*കഴിഞ്ഞലക്കത്തിൽ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം തന്റെ സഭാജനങ്ങളുമായി തന്റെ ഭാരം പങ്കുവച്ചു. പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. കോടതി നടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. എന്നാൽ ജയിലിലുള്ള കുട്ടികളെ കാണാൻ അനുമതി പൂർണ്ണമായി നിഷേധിക്കപ്പെട്ടു. ജയിലിലുള്ള കുട്ടികളെവിട്ട് തെരുവുകുട്ടികളെശ്രദ്ധിക്കാൻ അദ്ദേഹം തീരുമാനിച്ചു.......തുടർന്നു വായിക്കുക..*

**അ**ടുത്ത പ്രാവശ്യം ഞാൻ ന്യയോർക്കിനു കാറോടിച്ചു പോയതു വ്യത്യസ്തമായ മനസ്സോടെയാണ്. ഒരു കൊലക്കേസിൽ വിചാരണ നേരിടുന്ന ഏഴു കുട്ടികളെ സഹായിക്കുക എന്ന കൊച്ചു ദൗത്യവുമായി പോകുന്ന ഒരുവനല്ല ഞാനിനിയും."പക്ഷേ മറ്റെന്തെങ്കിലുമാണ് ഞാൻ ചെയ്യേണ്ടതെങ്കിൽ എനിക്ക് ആ ദൗത്യത്തെക്കുറിച്ചു വ്യക്തമായ ഒരു ചിത്രം ലഭിക്കേണ്ടതുണ്ട്". ഞാൻ എന്നോടുതന്നെ പറഞ്ഞു.

പകുതി മാത്രം ഓർക്കുന്ന ഒരു സ്വപ്നം പോലെ എന്റെ ബോധ്യത്തിനപ്പുറത്താണ് ഈ ദർശനം കിടക്കുന്നത്. പക്ഷേ കൊലക്കേസിൽ പ്രതികളായ ലൂയിസിനും അവന്റെ സുഹൃത്തുക്കൾക്കും വേണ്ടി കൃത്യമായ എന്തെ

ങ്കിലും സഹായം നൽകുന്നതിലൂടെയാണ് അതിലേക്ക് എത്തേണ്ടത്.

ലൂയിസിന്റെ സംഘവുമായി എന്തെങ്കിലും അടുപ്പമുണ്ടാക്കാവുന്ന ഒരവസരവും നഷ്ടപ്പെടുത്താൻ ഞാനാഗ്രഹിച്ചില്ല.അവസാനം കൊലക്കേസിന്റെ വിധി വന്നു. ലൂയിസ് ഉൾപ്പെടെ നാലു കുട്ടികൾക്കു ജയിൽവാസം,മൂന്നു പേരെ വെറുതെ വിട്ടു. ഈ മൂന്നു കുട്ടികളിൽ ഒരാളെ മാനസികചികിൽസയ്ക്കുള്ള പ്രത്യേക ഭവനത്തിലേക്കു വിട്ടു.. മറ്റൊരു കുട്ടിയെ ജയിലിൽ നിന്നു പുറത്തു വന്നപ്പോൾതന്നെ മാതാപിതാക്കൾ നഗരത്തിനു പുറത്തെവിടെയോ കൊണ്ടുപോയെന്നാണറിയാൻ കഴിഞ്ഞത്. മൂന്നാമൻ മാത്രം സ്വന്തവീട്ടിൽ മടങ്ങിയെത്തി. ഈ കുട്ടിയെ സന്ധിക്കാൻ ഞാൻ തീരുമാനിച്ചു.

ആ മേൽവിലാസം തപ്പി നൂറ്റിയിരുപത്തഞ്ചാം തെരുവിൽ ഞാനെത്തിയപ്പോൾ വാതിലിനു മുകളിൽ മറ്റൊരു പേരാണ് കണ്ടത്. രണ്ടായാലും ഞാൻ വാതിലിൽ മുട്ടി. ആ കുട്ടിയുടെ അമ്മ തന്നെയാണ് വാതിൽ തുറന്നത്.ഞാൻ നേരത്തെ അവിടെ ചെന്നത് അവരോർത്തു. കണ്ടതിൽ സന്തോഷവും അവർ പ്രകടിപ്പിച്ചു.

''അകത്തു വന്നാലും ''അവർ ക്ഷണിച്ചു. "ഞങ്ങൾ പേരു മാറ്റിയതു നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ. കാരണം പഴയ പേരായിരുന്നപ്പോൾ എപ്പോഴും ആളുകൾ വാതിലിൽ മുട്ടി ദേഷ്യപ്പെട്ട് അതുമിതുമൊക്കെ വിളിച്ചു പറയും. ഒരിക്കൽ അവർ ഭിത്തിയിൽ എഴുതിവച്ചു: "ഒന്നുകിൽ നിങ്ങളുടെ കുട്ടിയെ നഗരത്തിനു പുറത്താക്കുക; അല്ലെങ്കിൽ അവനെ കൊല്ലുക".

നാലു മുറിയുള്ള അവരുടെ അപ്പാർട്ടുമെന്റിന്റെ ലിവിങ്റൂമിൽ പത്രങ്ങൾ അട്ടിയട്ടിയായി വച്ചിരിക്കുന്നു. കസേരയിലും കട്ടിലിലും കാപ്പിമേശയുടെ മുകളിലുമെല്ലാം പഴയ പത്രങ്ങളുടെ വലിയ അട്ടികൾ. വിചാരണയെക്കുറിച്ചുള്ള കഥകളാണതിലെല്ലാം. "ദിവസവും രാവിലെ പത്രം തുറക്കുമ്പോൾ കൊലക്കേസ് വിചാരണ നേരിടുന്ന നിങ്ങളുടെ കുട്ടിയുടെ ചിത്രം കാണുന്നത് ഒന്നു സങ്കൽപിച്ചുനോക്കൂ, റവ.വിൽക്കേഴ്സൺ. ഈപത്രത്തിൽ നല്ല പങ്കും അയൽക്കാർ കൊണ്ടുത്തരുന്നതാണ്. എന്നിട്ടവർ പരാതിയും പറയും. എന്റെ ഭർത്താവിനാണെങ്കിൽ ജോലിസ്ഥലത്തു മറ്റു പത്രങ്ങളും അവർ കൊടുക്കും".

സ്പാനിഷ് പാചകത്തിന്റെ നല്ല മണമുയരുന്ന അടുക്കളയിൽ ഞങ്ങൾ ഭാവി പദ്ധതികളെക്കുറിച്ചു സംസാരിച്ചു നിന്നു. "നിങ്ങൾ ഇവിടെത്തന്നെ തുടരാനാണോ ഉദ്ദേശിക്കുന്നത്?"ഞാൻ ചോദിച്ചു.

''ഞങ്ങൾക്കും ഇവിടം വിട്ട് എങ്ങോട്ടെങ്കിലും പോകേണമെന്നുണ്ട്. പക്ഷേ എന്റെ ഭർത്താവിന്റെ ജോലിയാണ് പ്രശ്നം."

"പക്ഷേ നിങ്ങളുടെ മകൻ ഇവിടെ അപകടത്തിലാണ്"

"അതേ"

"പെൻസിൽവാനിയായിൽ എന്റെ കുടുംബത്തോടൊപ്പം താമസിക്കാനായി അവനെ അയയ്ക്കാൻ ഇഷ്ടമാണോ? അവന് ഏറെ സ്വാഗതമുണ്ട്."

"ഇല്ല" ഭക്ഷണം പാകം ചെയ്തുകൊണ്ട് ആ പാവപ്പെട്ട സ്ത്രീ പറഞ്ഞു ".ഇല്ല. എന്റെ കുട്ടി ജയിലിൽ നിന്ന് വരുമ്പോൾ മിക്കവാറും അവനെ ഇവിടെ നിന്നും പറഞ്ഞയയ്ക്കും. പക്ഷേ അതു ഞങ്ങളുടെ ആളുകളോടൊപ്പം ആയിരിക്കും.ആരും അവനെ കാണുകയില്ല. ഒരിക്കലും ജീവിച്ചിട്ടില്ലാത്ത ഒരുവനെപ്പോലെയായിരിക്കും അവൻ".

അര മണിക്കൂറിനു ശേഷം വാതിൽക്കൽ നിന്നു ഗുഡ്ബൈ





പറഞ്ഞു പിരിയുമ്പോൾ ഞാൻ ശ്രദ്ധിച്ചു: ഭിത്തിയിൽ മഞ്ഞചോക്കുകൊണ്ട് എഴുതിയിട്ടിരിക്കുന്ന വാക്കുകൾ. ആരോ അത് തുടച്ചുകളയാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അതിപ്പോഴും വായിക്കാം ".......അല്ലെങ്കിൽ അവനെ കൊല്ല്"

ലൂയിസിന്റെ സംഘത്തിലുള്ള കുട്ടികളുമായി ബന്ധം സ്ഥാപിക്കാനുള്ള അവസരം എനിക്കൊരിക്കൽ കൂടി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഈ അടഞ്ഞ വാതിലിന് മറ്റെന്തെങ്കിലും ഒരു ഉദ്ദേശ്യമുണ്ടാകാം.

ഞാൻ നൂറ്റിരുപത്തഞ്ചാം തെരുവിൽനിന്നു കാറു കിടക്കന്നിടത്തേക്കു മെല്ല നടക്കുമ്പോൾ പ്രാർത്ഥിച്ചു "കർത്താവേ ഈ സ്ഥലത്ത് എനിക്കൊരു വേലയുണ്ടെങ്കിൽ അതെന്താണെന്ന് എന്നെ പഠിപ്പിച്ചാലും"

ന്യൂയോർക്കിന്റെ തെരുവിലൂടെയുള്ള നാലു മാസം ദീർഘിച്ച നടത്തയുടെ തുടക്കമായിരുന്നു അത്. 1958 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ എല്ലാ ആഴ്ചയും ഞാനെന്റെ ഓഫ്ഡേയിൽ ന്യൂയോർക്കിലേക്ക് കാറോടിച്ചു വന്നു. ഞാനന്ന് അതിരാവിലെയുണർന്ന് എട്ടു മണിക്കൂർ തുടർച്ചയായി കാറോടിക്കും. ന്യൂയോർക്കിൽ ഉച്ചകഴിയുമ്പോഴേക്കും എത്തും. പിന്നെ രാത്രി വളരെവൈകുന്നതുവരെ ഞാൻ നഗരത്തിലെ തെരുവുകളിൽ അലയും. പുലർച്ചയോടെ മടക്കയാത്ര.

ഇതൊന്നും വെറുതെയുള്ള അലച്ചിലുകളായിരുന്നില്ല. ഒരു ലക്ഷ്യത്തിനു വേണ്ടി നയിക്കപ്പെടുന്നു എന്ന തോന്നൽ. അതിന്റെ സ്വഭാവമാകട്ടെ കൂടുതൽ നിഗൂഢമായിത്തോന്നി. നഗരത്തിലേക്ക് വീണ്ടും വീണ്ടും വരികയും എന്നെത്തന്നെ മുൻവിധികളില്ലാതെ സൂക്ഷിക്കുകയും ദിശ വ്യക്തമാകാൻ വേണ്ടി കാത്തിരിക്കുകയും അല്ലാതെ ഇതിനോടു പ്രതികരിക്കാൻ മറ്റു മാർഗ്ഗങ്ങളൊന്നും എനിക്കറിയുകയില്ലായിരുന്നു.

ഈ നാലു മാസത്തെ നടപ്പിന്റെ ആദ്യത്തെ രാത്രി ഞാനിപ്പോഴും വ്യക്തതയോടെ ഓർക്കുന്നു. മരിയായെ അവളുടെ നിലവറസെല്ലിൽ വിട്ടിട്ട് യാത്ര പറഞ്ഞു പോരുമ്പോൾ ബ്രൂക്ക്‌ലിനിലെ ബെഡ്ഫോർഡ് സ്റ്റ്യൂവെസന്റ് ഭാഗത്തുള്ളതാണ് ചുറ്റുപാടുകളിൽ വച്ചേറ്റവും വഴക്കാളികളും അപകടകാരികളുമായ അധോലോക സംഘമെന്നു അവൾ പറഞ്ഞിരുന്നു.

മരിയ പറഞ്ഞു''ഉപദേശീ, ന്യൂയോർക്കിനെ അതിന്റെ ഏറ്റവും മോശമായ അവസ്ഥയിൽ കാണണമെങ്കിൽ ബ്രൂക്കിലിൻ പാലത്തിന് അപ്പുറത്തേക്ക് വണ്ടിയോടിച്ചുചെന്നിട്ട് കണ്ണു തുറന്നു നടന്നാൽ മതി".

വാസ്തവത്തിൽ ന്യൂയോർ ക്കിനെ അതിന്റെ ഏറ്റവും മോശമായ അവസ്ഥയിൽ കാണാൻ ഞാനാഗ്രഹിച്ചിരുന്നോ?. എനിക്കത്ര വ്യക്തതയില്ല. പക്ഷേ ഫാർമർ കൊലക്കേസിലെ ഏഴുപ്രതികളും ഇതേപോലുള്ള ഗർഭഗൃഹങ്ങളിൽ നിന്നു പുറത്തു വന്ന സന്തതികളാണ്. മുത്തശ്ശൻ പറഞ്ഞതു പോലെ എന്റെ ദർശനം വിപുലമാക്കണമെങ്കിൽ ആദ്യം ഞാനെന്റെ കണ്ണുകൾ താഴ്ത്തണം.

അതുകൊണ്ട് ഞാൻ ബ്രോഡ്‌വേയിലൂടെ, ടൈംസ്ക്വയറിന് സമീപത്തുകൂടെ, ഞാനും മിൽസും താമസിച്ച മാർട്ടിനിക്യു ഹോട്ടൽ പിന്നിട്ട് ബ്രൂക്കിലിൻ ബ്രിഡ്ജിലൂടെ യാത്ര തുടർന്നു. പാലത്തിനക്കരെ ഒരു പോലിസുകാരനോടു വഴി ചോദിച്ച് ബഡ്ഫോർഡ്-സ്റ്റ്യുവെസാന്റ് ഭാഗത്തേക്കു പോയി. ഒരു ചതുരശ്രഅടിയിൽ കൊലപാതകികളുടെ സാന്നിധ്യം ഏറ്റവും കൂടുതലുള്ള ഭൂമിയിലെ ഏറ്റവും കുപ്രസിദ്ധമായ സ്ഥലത്തിന്റെ

ഹൃദയത്തിലേക്ക് അങ്ങനെയാണ് ഞാൻ ആദ്യമായി വണ്ടിയോടിച്ചു ചെന്നത്. ആതെരുവുകളിലൂടെ സങ്കോചത്തോടെ വണ്ടി ഓടിക്കുമ്പോൾപിന്നീടൊരു കാലത്ത് ഫിലിപ്സ്ബർഗിലെ തെരുവുകൾ പോലെ എനിക്കിവ സുപരിചിതമാകുമെന്ന് ആരോർത്തു!

ബഡ്ഫോർഡ്-സ്റ്റ്യുവെസാന്റ് ഒരിക്കൽ ഇടത്തരക്കാരായ കുടുംബങ്ങൾ പാർക്കുന്ന ഇടമായിരുന്നു. മൂന്നു നില വീടുകൾ. പിന്നാമ്പുറത്ത് പൂന്തോട്ടം. ഇന്നത് നീഗ്രോകളുടെയും പ്യൂർട്ടോറിക്കൻ ആളുകളുടെയും ഒരു ചേരിയാണ്.മാർച്ചുമാസത്തിലെ മഞ്ഞുറയുന്ന തണുപ്പിലാണ് ഞാനവിടെ എത്തുന്നത്. പാർക്കിംഗിന് സ്ഥലം നോക്കി എനിക്കു പല ബ്ളോക്കുകൾ ചുറ്റേണ്ടിവന്നു. മഞ്ഞിൽ പുതഞ്ഞു കിടക്കുന്ന കാറുകൾ. നെരിയാണി വരെ മഞ്ഞിലും ചെളിയിലും കൂടി നടക്കുന്നത് ഒട്ടും സുഖകരമല്ലായിരുന്നു. എങ്കിലും ഞാൻ വണ്ടിയിൽ നിന്നും ഇറങ്ങി തനിയെ തെരുവിലൂടെ നടന്നു. കണ്ടും കേട്ടും, ഞാനായിരുന്ന പർവ്വതപട്ടണത്തിന്റെ സുരക്ഷിതത്വത്തിൽ ഒരിക്കലും സങ്കൽപിക്കാൻ പോലും കഴിയാതിരുന്ന ജീവിതയഥാർത്ഥ്യങ്ങളെ സ്പർശിച്ചും, ഞാൻ നടന്നു.

ഒരു കുടിയൻ വഴിയോരത്തു കിടക്കുന്നു. ഞാനയാളെ സഹായിക്കാൻ ചെന്നപ്പോൾ എന്നെ ശപിക്കുകയാണയാൾ ചെയ്തത്. തെരുവിന്റെ കോണിൽ നിന്ന പോലീസുകാരനോട് രോഗിയെപ്പോലെ തോന്നുന്ന ഒരാൾ വഴിയിൽ കിടക്കുന്നത് ഞാൻ റിപ്പോർട്ടു ചെയ്തു. ചുമൽ കുലുക്കി താൻ നോക്കിക്കൊള്ളാമെന്ന് പോലീസുകാരൻ പറഞ്ഞെങ്കിലും ഒരു ബ്ളോക്കു കൂടി കഴിഞ്ഞ് ഞാൻ തിരിഞ്ഞു നോക്കുമ്പോഴും അയാൾ നിന്നിടത്തു തന്നെ നിസ്സംഗനായി നിൽക്കുന്നുണ്ട്!.

ഒരു തുറന്ന വാതിലിനു പിന്നിൽ രണ്ടു പെൺകുട്ടികളുടെ നിഴൽച്ചിത്രം.അവർ മെല്ലെ ചോദിക്കുന്നു "ഹേ, മുട്ടൻ ആൺകുട്ടി, നിനക്കു കൂട്ടു വേണോ?"

തെരുവിന്റെ എതിർവശത്ത് മിഠായിക്കടയിൽ ഒരു പറ്റം കൗമാരക്കാർ. പിന്നിൽ പദവികൾ മുദ്ര ചെയ്ത തുകൽ ജാക്കറ്റാണ് അവർ ധരിച്ചിരിക്കുന്നത്. ഞാനവരോടു സംസാരിക്കാൻ ആഗ്രഹിച്ചു. പക്ഷേ മടിച്ചു. അവരെന്നെ ശ്രദ്ധിക്കുമോ?, എന്നെ കളിയാക്കി പിടിച്ചു തള്ളുമോ?.

ആലോചിച്ചു നിന്നെങ്കിലും ഒടുവിൽ ഞാൻ തെരുവു മുറിച്ചു കടന്നില്ല-ആ രാത്രിയിൽ. ഞാൻ അൽപം കൂടി മുന്നോട്ടു നടന്നു. അടഞ്ഞ കടകൾ, നിറഞ്ഞു കവിഞ്ഞ മാലിന്യത്തൊട്ടികൾ, പോലീസ് സ്റ്റേഷൻ, മുന്നിൽ കടകളുള്ള പള്ളികൾ, പണി പൂർത്തിയാകാത്ത വലിയൊരു വീടുപണിസ്ഥലം, ഉടഞ്ഞ ജനാലുകൾ, തകർന്ന തെരുവുവിളക്കുകൾ.

തിരിച്ചു കാറിലേക്കു നടക്കുമ്പോൾവെടിയൊച്ച പോലെ മൂന്നു ശബ്ദങ്ങൾ ഞാൻ കേട്ടു. എനിക്കു തെറ്റിയതാകുമെന്ന് ഞാൻ കരുതി. കാര്യം ആരും അത് ശ്രദ്ധിച്ചതായി തോന്നിയില്ല. ആർക്കും അതിൽ താത്പര്യമുള്ളതായും കാണാൻ കഴിഞ്ഞില്ല. പൊടുന്നനെ സൈറൻ മുഴക്കി ഒരുപോലിസ്കാർ പാഞ്ഞുവന്നു. ചോരയിറ്റു വീഴുന്ന മുറിവേറ്റു തൂങ്ങിയ കൈയുമായി ഒരാളെ അവർ കൊണ്ടുവരുമ്പോൾ കാഴ്ചക്കാരായി ഞാനുൾപ്പെടെ ആറു പേർ മാത്രമാണുണ്ടായിരുന്നത്. ബഡ്ഫോർഡിൽ ഒരു ചെറിയ ആൾക്കൂട്ടം രൂപപ്പെടാൻ ചുമലിൽ ഒരു വെടിയേറ്റാലൊന്നും പോരെന്നു തോന്നുന്നു.

ഞാൻ കാറിൽ തിരിച്ചെത്തി. സ്വകാര്യതയുടെ അടയാളമെന്ന മട്ടിൽ കാറിന്റെ ജനാലയിൽ ഒരു പഴയ ഷർട്ട് വിരിച്ചിട്ട് ഞാൻ ഉള്ളിൽ കടന്ന് സീറ്റിൽ പുതച്ചുകിടന്ന് ഉറക്കത്തി





ലേക്കു വഴുതി വീണു.

ഇന്നു ഞാൻ അതു ചെയ്യുകയില്ല. എനിക്ക് ഇന്ന് കുറച്ചുകൂടി കാര്യവിവരമുണ്ട്. പ്രായമായ കള്ളന്മാരോ കൗമാരക്കാരോ അല്ല രാത്രിയിൽ വഴിയിലുറങ്ങുന്നവരെ സംബന്ധിച്ചിടത്തോളം അപകടകാരികൾ.എട്ടും ഒൻപതും പത്തും വയസ്സായ കൊച്ചുകുട്ടികളാണ് പ്രശ്നക്കാർ. അവർ കൗമാരക്കാരുടെ അധോലോകസംഘത്തിന്റെ അതിർവരമ്പിലെത്തി നിൽക്കുന്നവരാണ്. മുതിർന്ന 'വീരനായകന്മാ'രുടെ തോക്കോ കത്തിയോ അവർ കൈവശപ്പെടുത്തിയിരിക്കും. ആണാകാൻ അതുപയോഗിക്കണമെന്നാണവരുടെ ധാരണ. ഇത്തരം 'കൊച്ചുതെമ്മാടികളെ'യാണ് ഇന്നു തെരുവിൽ കാറിലുറങ്ങുമ്പോൾ ഞാൻ ഭയപ്പെടുന്നത്.

പക്ഷേ രാവിലെ ഞാൻ സുരക്ഷിതനായി ഉണർന്നു. എന്റെ നിഷ്ക്കളങ്കതയാണോ എന്നെ കാത്തത്?. അതോ ഞാൻ ഉറക്കം പിടിക്കുന്നതിനു മുമ്പ് പലവട്ടം ഉരുവിട്ട തൊണ്ണൂറ്റൊന്നാം സങ്കീർത്തനത്തിലെ വരികളോ?

നാലുമാസത്തെ ഈ അലച്ചിലിനിടയിൽ ഞാൻ അല്പാല്പമായി ഈ തെരുവുകളെ അറിഞ്ഞു. മരിയയും ആഞ്ജലൊയും ഈ കാര്യത്തിൽ വളരെ സഹായിച്ചു (ലൂയിസ് അൽവാരിസിന്റെ അപ്പാർട്ടുമെന്റിന്റെ കോണിപ്പടിയിൽ ആദ്യം കണ്ടു മുട്ടിയപ്പോൾ മുതൽ ഞാൻ ആഞ്ജലോയുമായി അടുത്ത് ബന്ധപ്പെട്ടിരുന്നു.)

ഒരിക്കൽ തെരുവിലൂടെ നടക്കുമ്പോൾ ഞാൻ ആഞ്ജലയോട് ചോദിച്ചു "ആഞ്ജലോ, ഈനഗരത്തിലെ കുട്ടികളുടെ ഏറ്റവും വലിയ പ്രശ്നം എന്താണെന്നാണു നീ കരുതുന്നത്?"

"ഏകാന്തത"ആഞ്ജലോയുടെ മറുപടി പെട്ടെന്നായിരുന്നു.

അത് അസാധാരണമായ ഒരു ഉത്തരം ആയിരുന്നു. എട്ടു ദശലക്ഷം ആളുകൾ പാർക്കുന്ന നഗരത്തിൽ ഏകാന്തതയോ?.ഈ തോന്നൽ ഉണ്ടാകുന്നതിന് കാരണവും അവൻ പറഞ്ഞു. ആരും തങ്ങളെ സ്നേഹിക്കാനില്ലാത്തതുകൊണ്ടാണ് കുട്ടികൾക്ക് ഈ ചിന്ത ഉണ്ടാകുന്നത്. തന്റെ സംഘത്തിലെ കുട്ടികൾ എല്ലാം തന്നെ അടിസ്ഥാനപരമായി ഒറ്റയാന്മാരായകുട്ടികൾ ആണെന്നും ആഞ്ജലോ പറഞ്ഞു. ന്യൂയോർക്കിനെ ഞാൻ കൂടുതൽ അറിഞ്ഞപ്പോൾ ആഞ്ജലോ പറഞ്ഞത് ശരിയാണെന്ന് എനിക്കും ബോദ്ധ്യപ്പെട്ടു.

ഈ കുട്ടികളെ അടുത്തറിയുന്നതു വരെ തെരുവിലെ കൗമാരക്കാരുടെ അധോലോകസംഘടനകളെക്കുറിച്ച് യഥാർത്ഥത്തിൽ എനിക്കൊന്നും അറിയുകയില്ലായിരുന്നു.ഞാൻ വളർന്ന പിറ്റ്സ്ബർഗ്ഗിലും കുട്ടികളുടെ ഒത്തുചേരൽ ഉണ്ടായിരുന്നു. സ്കൂൾ സമയത്തിനു ശേഷം ഈ കുട്ടികൾ ഒഴിഞ്ഞ സ്ഥലങ്ങളിൽ ക്ളബ്ബുകൾ പോലെ ഒത്തു കൂടുമായിരുന്നു. പ്രായവും വ്യക്തിത്വവും അനുസരിച്ച് അവർ കൂട്ടമായി സംഘടിക്കും. പ്രധാനപ്രവൃത്തി എന്നു പറയുന്നതു സംസാരമാണ്-പെൺകുട്ടികളെക്കുറിച്ച്, വാഹനങ്ങളെക്കുറിച്ച്, കായികവിനോദങ്ങളെക്കുറിച്ച്, മാതാപിതാക്കളെക്കുറിച്ച്. കുട്ടികളായിരിക്കുമ്പോൾ മുതിർന്നവരുടെ ലോകം എന്താണെന്ന് അവരുടെ ചെവിയിൽ എത്തിപ്പെടാതെ കണ്ടെത്താനുള്ള ശ്രമമായിരുന്നു അത്തരം സംഘടിതഗ്രൂപ്പുകൾ.

ഇവിടെ ന്യൂയോർക്കിലും അത്തരം ലളിതമായ കുട്ടികളുടെ സാമൂഹികമായ ഒത്തുചേരൽ ഉണ്ട്. എന്നാൽ മറ്റൊരു തരത്തിലുള്ള കൗമാരക്കാരുടെ സംഘങ്ങളും ഇവിടെ ന്യൂയോർക്കിൽ ഉണ്ട്. ഇത് അന്യോന്യം പോരടിക്കുന്ന തല്ലിപ്പൊളികളുടെയും തെമ്മാടികളു

ടെയും വഴക്കാളി കൂട്ടങ്ങളാണ്. ഇവർ ഒരിക്കലും അക്രമത്തിൽ നിന്നും അകലെയല്ല. സംഘങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിനായി നീണ്ട രണ്ടു മാസം പ്ളാൻ ചെയ്ത ഒരു സംഭവം എനിക്കറിയാം. മറ്റൊരു സംഭവത്തിൽ ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് പത്തു കുട്ടികൾ തെരുവുമൂലയിൽ പോപു കുടിച്ചുകൊണ്ടു നിൽക്കുന്നു. നാലുമണി ആയപ്പോൾ അതിൽ ഒരു കുട്ടി കൊല്ലപ്പെട്ടു. രണ്ടു പേർ ആശുപത്രിയിലായി. ശത്രുക്കളായ രണ്ടു സംഘങ്ങൾ ഇതിനിടയിൽ 'യുദ്ധ'ത്തിലേർപ്പെട്ടതാണ് മരണത്തിലും പരുക്കിലും അവസാനിച്ചത്.

ഇതു കൂടാതെ നഗരത്തിൽ കൗമാരക്കാരുടെ പല തരത്തിലുള്ള കുത്തഴിഞ്ഞ സംഘങ്ങളുണ്ട്. സാമൂഹികസംഘങ്ങൾ, വഴക്കടിക്കുന്ന സംഘങ്ങൾ, ലൈംഗികവൈകൃതങ്ങളിൽ ഏർപ്പെടുന്ന സംഘങ്ങൾ എന്നു വേണ്ട സങ്കൽപിക്കാൻ കഴിയുന്നതിനപ്പുറം ധാർമ്മികത്തകർച്ചയുടെ കഥകളാണ് ഈ സംഘങ്ങൾക്കു പറയാനുള്ളത്. ചിലപ്പോൾ ആളൊഴിഞ്ഞ അപ്പാർട്ടുമെന്റുകളിലും നിലവറകളിലും മദ്യപാനത്തിന്റെയും ലൈംഗികവൈകൃതത്തിന്റെയും പാർട്ടികൾ നടമാടും. അശ്ളീലപ്രസിദ്ധീകരണങ്ങളും കുത്തൊഴുക്കും ഈ സംഘങ്ങളിലേക്കുണ്ട്. ആൺകുട്ടികളിൽ ചിലർ ഇത്തരം ചില സാഹിത്യങ്ങൾ പോക്കറ്റുകളിൽ നിന്നെടുത്ത് എന്നെ കാണിച്ചു. അവ മാതൃകയാക്കിയുള്ള കുത്തഴിഞ്ഞ സെക്സ് പാർട്ടികളും സാധാരണയാണ്!

കൗമാരക്കാരുടെയിടയിൽ വഴക്കുകൾ, പോരാട്ടങ്ങൾ, കുത്തഴിഞ്ഞ ജീവിതരീതികൾ എന്നിവയെക്കാൾ കൈകാര്യം ചെയ്യാൻ പ്രയാസമുള്ള മറ്റൊന്നുണ്ട്-ലഹരിമരുന്നുകളുടെ അടിമത്തം.

സ്കൂൾവളപ്പുകൾക്കടുത്ത് മരിജുവാന വിൽക്കുന്ന ഏജന്റന്മാരെ എനിക്കുപോലും വേഗത്തിൽ കണ്ടെത്താൻ കഴിഞ്ഞു. അവർ ചങ്കൂറ്റമുള്ളവരും ലഹരിമരുന്നു വിൽക്കാൻ ഏതുതലം വരെ പോകാനും മടിയില്ലാത്തവരുമാണ്. അവർ തങ്ങളുടെ തൊഴിലിനെക്കുറിച്ചു വളരെ സ്വാതന്ത്ര്യത്തോടെ സംസാരിച്ചു. ഈ ലോകം എന്തെന്നു മനസ്സിലാക്കണമെങ്കിൽ ഞാൻ തന്നെ ലഹരി പുകച്ചു നോക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ലഹരിമരുന്ന് നിർത്താനായി ആശുപത്രിയിൽ അഡ്മിറ്റു ചെയ്യപ്പെട്ട ഒരു കുട്ടി വേദനകൊണ്ടു ഞെളിപിരി കൊള്ളുന്നതിന്റെ ഒരു ചിത്രം ഒരു പത്രത്തിൽ വന്നതു ഞാൻ ഇത്തരം ഒരേജന്റിനെ കാണിച്ചപ്പോൾ അയാൾ ചിരിച്ചു:“വിഷമിക്കേണ്ട, ഈപയ്യൻ ഹീറോയിൻ ഉപയോഗിക്കുന്നവനാണ്. എന്നാലൊരൽപം മരിജുവാന നിങ്ങൾക്ക് ഒരു ദോഷവും ചെയ്യുകയില്ല.അതൊരു സിഗരറ്റ് വലിക്കുന്നതുപോലെയേയുള്ളു. ഒരെണ്ണം എടുക്കട്ടെ”.

അതു ദോഷം വരുത്തുകയില്ലേ?. അത് അതിൽതന്നെ നിങ്ങളെ അടിമയാക്കുകയില്ലായിരിക്കാം. എന്നാൽ വളരെ വേഗം അതു നിങ്ങളെ ഹിറോയിന് അടിമയാക്കും. മനുഷ്യന് അറിയാവുന്നതിൽ വച്ചേറ്റവും ക്രൂരമായി ഒരുവനെ തന്റെ അടിമയാക്കുന്ന ലഹരിമരുന്നാണ് ഹിറോയിൻ. ലഹരിമരുന്നുകടത്തുകാരെ വ്യാപകമായി അറസ്റ്റുചെയ്ത ഒരു ഘട്ടത്തിൽ ഹീറോയിൻ കിട്ടാത്തതു മൂലമുള്ള ഒരുവന്റെ തുളച്ചുകയറുന്ന നിലവിളി കേൾക്കാനിടയായ രംഗം ഞാനോർക്കുന്നു. ബെഡ്ഫോർഡ് സ്റ്റ്യുവെസന്റ് ഭാഗത്തു കൂടെ ഞാൻ നടക്കുകയായിരുന്നു. പെട്ടെന്ന് നടുക്കുന്ന ഒരു നിലവിളി. ഞാനൊഴികെ ഒരൊറ്റയാളുപോലും അത് അൽപമെങ്കിലും ശ്രദ്ധിച്ചതായി തോന്നിയില്ല.ആ കരച്ചിൽ പിന്നെയും പിന്നെയും ഉയർന്നു.

ആകെട്ടിടത്തിന്റെ താഴത്തെ നില





യിൽ ജനാലയിൽ കരങ്ങളിൽ തല ചായിച്ച് വിശ്രമിക്കുന്ന ഒരു സ്ത്രീയോട് പകുതി ആത്മഗതമായി ഞാനിങ്ങനെ പറഞ്ഞു“ആരോ കഠിനമായ വേദനയിലാണെന്ന് തോന്നുന്നു”

സ്ത്രീ തലയുയർത്തി ഒരു മിനിട്ട് ശ്രദ്ധിച്ചു.പിന്നെ നിസ്സാരഭാവത്തിൽ ചുമൽ കുലുക്കി.

‘‘മൂന്നാം നിലയിലാ, കഷ്ടം തോന്നും. അവനൊരു ഇരുപതു വയസ്സു കാണും. ഹീറോയിനാ. അതിന്റെ അടിമയാ. ഇപ്പോൾ കിട്ടാനൊരു മാർഗ്ഗവുമില്ല.”

“ആളിനെ നിങ്ങൾക്കറിയാമോ?”

“പിന്നെ, ഡയപ്പർ ഉടുത്തു നടക്കുന്ന പ്രായം മുതലേ അറിയാം”

“അവനെ സഹായിക്കാൻ നമുക്കൊന്നും ചെയ്തു കൂടേ?”

“എന്തു ചെയ്യാനാ? ഇനി ചാവുകയേ ഉള്ളു”

“നമുക്കവനെ ആശുപത്രിയിലാക്കരുതോ?”

ആ സ്ത്രീ എന്നെ ഒന്നു നോക്കി.“മിസ്റ്റർ, നിങ്ങളിവിടെ പുതുപ്പുള്ളിയാ അല്ല്യോ?

നിങ്ങളൊരു കാര്യം ചെയ്യ്. ലഹരിമരുന്നിന് അടിമയായ ഒരു കൊച്ചനെ ആശുപത്രിയിലാക്കാൻ ഒന്ന് ശ്രമിച്ചു നോക്ക്. അപ്പം കാണാം.”

പിന്നീടുള്ള മാസങ്ങളിൽ ഇതേ വാക്കുകൾ എത്ര പേർ എന്നോടു പറഞ്ഞിരിക്കുന്നു!. ലഹരിക്കടിമയായ ഒരു കുട്ടിക്ക് ചികിൽസ കിട്ടുന്ന ഒരു സ്ഥലമേ ന്യൂയോർക്കിലെങ്ങുമുള്ളു-റിവർസൈഡ് ഹോസ്പിറ്റൽ.സൗകര്യങ്ങൾ പരിമിതമാകയാൽ അവിടെ പ്രവേശനം കിട്ടുക ഏറെക്കുറെ അസാദ്ധ്യം. അവിടെ അഡ്മിഷൻ കിട്ടിയില്ലെങ്കിൽ ന്യൂയോർക്ക് നഗരത്തിലെ ഒരു കുട്ടിക്ക് അമേരിക്കയിൽ അപേക്ഷിക്കാൻ ഒരേയൊരു ഹോസ്പിറ്റലേയുള്ളു-ലഹരിമരുന്നു ചികിൽസയിൽ സ്പെഷ്യലൈസ് ചെയ്യുന്ന കെന്റക്കിയിലെ ലെക്സിങ്ടണിലെ ഒരു സ്ഥാപനം. അതാകട്ടെ എല്ലാവരെയും അകറ്റി നിർത്തുകയും ചെയ്യുന്നു!.

അടിപിടി,സെക്സ്, ലഹരിമരുന്നിനോടുള്ള അടിമത്തം: ന്യൂയോർക്കിലെ ഈ കൗമാരക്കാരുടെ സംഘങ്ങളുടെ പ്രശ്നങ്ങൾ ഇവയൊക്കെയാണ്. പക്ഷേ ഇതെല്ലാം ഏകാന്തത എന്ന ആഴത്തിലുള്ള പ്രശ്നങ്ങളുടെ പുറമെ കാണുന്ന ലക്ഷണങ്ങൾ മാത്രമാണെന്ന് ആഞ്ജലോ പറഞ്ഞത് വാസ്തവം. ജീവിതത്തിൽ ഏതെങ്കിലും തരത്തിൽ പ്രാധാന്യമുള്ളവനാണെന്ന ബോധ്യത്തിനു വേണ്ടിയുള്ള ദാഹം. കുട്ടികൾക്കു ജീവിതത്തെപ്പറ്റിയുള്ള വളരെ തരം താണ കാഴ്ചപ്പാടാണ് ഈ അലച്ചിലിനിടയിൽ ഞാൻ കണ്ട ഏറ്റവും ദുഃഖകരമായ കാര്യം. കുട്ടികളിൽ ചിലർ അവരുടെ ഏറ്റവും വലിയ സ്വപ്നങ്ങളെക്കുറിച്ചു പറയുന്നതു കേട്ടിട്ടുണ്ട്

സ്വപ്നം?. ഒരു കുട്ടിയുടെ ജീവിതത്തിന്റെ ലക്ഷ്യം നേർത്ത കിന്നരിയുള്ള ഒരു പുതിയ ഹാറ്റ് വാങ്ങുകയെന്നതാണെന്നു പറഞ്ഞാൽ അതിനെ ഒരു ജീവിതസ്വപ്നം എന്നു പറയുന്നതെങ്ങനെ?. ഹാറ്റ് എന്നു പറയുന്നത് അവർക്കു പുരുഷത്വത്തിന്റെ ഒരു പ്രതീകമാണ്. ഒരു കോട്ടില്ലാത്തതു മൂലം തെരുവിൽ തണുത്തുവിറയ്ക്കുന്ന പല കൗമാരക്കാരെ ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ അവന്റെ തലയിലുമുണ്ടാകും 25ഡോളറിന്റെ ഒരു പുതുപുത്തൻ ഹാറ്റ്!.

അല്ലെങ്കിൽ ബ്രൂക്കിലിൻ പാലം കടന്ന് മാൻഹട്ടനിൽ പോകുന്നതായിരിക്കും ചിലരുടെ സ്വപ്നം. അതവരെ സംബന്ധിച്ച് ഒരു സാഹസികയാത്രയാണ്. ഈ കുട്ടികളിൽ പലരും തങ്ങളുടെ സംഘത്തിന് പ്രാബല്യം ഉള്ള സ്ഥലത്തു മാത്രം ഒതുങ്ങിക്കഴിയാൻ വിധിക്കപ്പെട്ട ഏകാകികളാണ്. മാൻഹട്ടനിലെയും ബ്രോൺസ്കിലേയും ശത്രു

സംഘങ്ങളെ പേടിച്ച് ബ്രൂക്കിലിൻ പാലം മറികടന്നു പോയിട്ടില്ലാത്ത ഒരു ഡസൻ കുട്ടികളെയെങ്കിലും ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്

ന്യുയോർക്കിലേക്കുള്ള എല്ലാ ആഴ്ചയിലേയും സന്ദർശനങ്ങളിലൂടെ ചില ആശയങ്ങൾ ഉരുത്തിരിഞ്ഞു വന്നു.ഏകാന്തതയിൽ തുടങ്ങി സംഘം ചേർന്നുള്ള അക്രമങ്ങൾ, സെക്സ് പാർട്ടികൾ, ലഹരിമരുന്നിന്റെ അടിമത്തം എന്നിവയിലൂടെ വളർന്ന് നേരത്തേ കാലപുരി പൂകുന്ന കുഞ്ഞുങ്ങളെ ഏതെങ്കിലും തരത്തിൽ രക്ഷിക്കാനുള്ള ചിന്തകൾ. എന്റെ ധാരണകൾ ശരിയാണോ എന്നറിയാൻ പോലീസ് സ്റ്റേഷനുകൾ, സാമൂഹികസംഘടനകളുടെ ഓഫീസുകൾ എന്നിവിടങ്ങളിൽ കയറിയിറങ്ങി. പബ്ളിക്ക് ലൈബ്രറിയിൽ നീണ്ട മണിക്കൂറുകൾ ചെലവഴിച്ചു. ഇവയ്ക്കെല്ലാം ശേഷവും വ്യക്തമായ ഒരു ചിത്രം ലഭിക്കാതെ ഞാൻ കുഴഞ്ഞു. ഒടുവിൽ എല്ലാം ഉപേക്ഷിച്ചു മടങ്ങിപ്പോയാലോ എന്നായി ചിന്ത. ആ സമയത്താണ് പരിശുദ്ധത്മാവിന്റെ സഹായം ലഭ്യമായത്.

ഇപ്രാവശ്യം ഏതെങ്കിലും നാടകീയമായ വിധത്തിലുള്ള ഇടപെടൽ അല്ല ഉണ്ടായത്. വ്യക്തമായ ഒരു ആശയം തരികയാണ് അവിടുന്ന് ചെയ്തത്. മങ്ങിയ നിലയിൽ ഓർക്കാൻ കഴിയുന്ന ഒരു സ്വപ്നത്തിനു പൊടുന്നനെ നല്ല വ്യക്തത നൽകും പോലെ ആയിരുന്നു അത്.

ഞാൻ ഫിലിപ്സ്ബർഗ്ഗിലേക്ക് തിരിച്ചു കാറോടിച്ചു പോകുമ്പോഴാണതു സംഭവിച്ചത്. പെട്ടെന്നു ഞാൻ എന്നോടു തന്നെ ചോദിച്ചു: "ഈ കുഞ്ഞുങ്ങൾക്കു വേണ്ടി നിന്റെ ഒരു സ്വപ്നം പൂവണിയാൻ ദൈവം അനുവദിക്കുന്നു എന്നു വയ്ക്കുക. നീ അവർക്കു വേണ്ടി എന്തു വരമായിരിക്കും ചോദിക്കുക?"എനിക്കതിന് ഉത്തരമുണ്ടായിരുന്നു: ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ നിഷ്ക്കളങ്കരായ വ്യക്തികളായി ജീവിതം വീണ്ടും തുടങ്ങുവാൻ അവർക്ക് ഇടയാകണം. കൂടാതെ ഇത്തവണ അവർ വളർന്നു വരുമ്പോൾ ഭയത്തിനും വെറുപ്പിനും പകരം സ്നേഹത്താൽ ചുറ്റപ്പെട്ട് വളർന്നു വരുവാൻ ഇടയാകണം.

പക്ഷേ വാസ്തവത്തിൽ അത് അസാധ്യമാണ്. കൗമാരത്തിൽ എങ്ങനെയാണ് പഴയ അനുഭവങ്ങൾ എല്ലാം മായിച്ചു കളയാൻ കഴിയുന്നത്? അവർക്ക് ഒരു പുതിയ അന്തരീക്ഷം നൽകാൻ കഴിയുന്നതും എങ്ങനെ? "ഇതു നീ എന്റെ ഹൃദയത്തിൽ തരുന്ന ഒരു സ്വപ്നമാണോ കർത്താവേ? അതോ ഞാൻ തന്നെ നെയ്തെടുക്കുന്ന ഒരു വെറും ദിവാസ്വപ്നമോ?."

*അവർ എല്ലാം പുതുതായി തുടങ്ങുക. അവർ സ്നേഹത്താൽ ചുറ്റപ്പെട്ടവരായി വളരുക*

ന്യുയോർക്കിലേക്കു പോകുവാൻ ആദ്യം ലഭിച്ചകൽപ്പന പോലെ ഇതും വളരെവ്യക്തമായ ഒരു ചിന്തയായിരുന്നു. ഇതോടൊപ്പം എന്റെ മനസ്സിൽ ഒരു വീടിന്റെ ചിത്രം വന്നു. നല്ല ഒരു വീട്. അത് കുട്ടികളുടേതാണ്. അവർക്ക് അവിടെ സ്വാഗതമുണ്ട്. അവിടെ അവർക്ക് സ്നേഹം ലഭിക്കുന്നു. അവർക്കവിടെ ഏതു സമയത്തും വരാം. വാതിൽ എപ്പോഴും തുറന്നു കിടക്കുന്നു. ധാരാളം കിടക്കകൾ. ഇഷ്ടം പോലെ വസ്ത്രങ്ങൾ. എല്ലാറ്റിനും ഉപരി ഒരു വലിയ ഗംഭീര അടുക്കള.

"ഓ കർത്താവേ" ഞാനുറക്കെ പറഞ്ഞു പോയി."ഇതെത്ര മനോഹരമായ ഒരു സ്വപ്നമാണ്. പക്ഷേ ഇതിനു വേണ്ടി ഒരത്ഭുതം സംഭവിക്കേണ്ടിയിരിക്കുന്നു. ഞാനിതുവരെ ദർശിച്ചിട്ടില്ലാത്ത അത്ഭുതങ്ങളുടെ ഒരു പരമ്പര." (തുടരും)

○





# മക്കൾക്കു മാതൃക കാട്ടുക

പേജ് 21 ൽ നിന്ന് തുടർച്ച

ആത്മാർത്ഥതയുമാണ് അവയിൽ ഒന്നാമത്തേത്. അസത്യം നുണ, വ്യാജം, കപടത ഇവയെല്ലാം നീക്കിക്കളയുക. മക്കൾക്ക് വാഗ്ദാനങ്ങളോ ശിക്ഷയ്ക്കുള്ള മുന്നറിയിപ്പുകളോ നൽകിയാൽ അവ നിവർത്തിക്കുവാൻ കഴിവതും ശ്രദ്ധിക്കണം; അലക്ഷ്യമായി വിടുകയോ മറന്നുകളയുകയോ ചെയ്യരുത്.

ക്രിസ്തുവിന്റെ താഴ്മയും സൗമ്യതയും കുഞ്ഞുങ്ങൾ നിങ്ങളിൽ ദർശിക്കുവാനിട വരട്ടെ. മുതിർന്നവരെ ബഹുമാനിക്കുക, എളിയവരോടും സാധുക്കളോടും കരുണയും മനസ്സലിവും പ്രദർശിപ്പിക്കുക, അംഗഹീനരേയും വികലാംഗരേയും മറ്റും പരിഹസിക്കാതെ അവരെ സഹായിക്കുക, പക്ഷിമൃഗാദികളോടു ക്രൂരത കാട്ടാതിരിക്കുക-ഇങ്ങനെ നിരവധി മേഖലകളിൽ നിങ്ങൾക്ക് ദൃഷ്ടാന്തം നൽകാൻ സാധിക്കും.

നശീകരണപ്രകൃതങ്ങളായ കോപം, ക്രൂരത, പിണക്കം, വാശി, പ്രതികാരബുദ്ധി, ദുഷ്ടത മുതലായവ നിങ്ങളിൽ ഉണ്ടെങ്കിൽസ്വാഭാവികമായും നിങ്ങളുടെ മക്കളും അവ സ്വായത്തമാക്കും. എഫെസ്യർ നാലും അഞ്ചും അദ്ധ്യായങ്ങളിൽ ഇവയെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുള്ളത് വായിച്ചു ഗ്രഹിക്കുക.

ദൈവവചനം വായിച്ചു ധ്യാനിക്കുക, കുടുംബപ്രാർത്ഥനയ്ക്കായി കൂടിവരുക, ആരാധനയോഗങ്ങളിൽ മുടങ്ങാതെ പങ്കെടുക്കുക, ദൈവഭൃത്യന്മാരെ ഇരട്ടി മാന്യത നൽകി ബഹുമാനിക്കുക, സഹോദരവർഗ്ഗത്തെ സ്നേഹിക്കുക, ആദരിക്കുക ഇങ്ങനെ എത്രയെത്ര കാര്യങ്ങളിൽ മാതാപിതാക്കൾ നല്ല മാതൃകകൾ ആയിരിക്കേണ്ടതാണ്!

രോഗം, ദുഃഖം, അപമാനം, നഷ്ടം, വേർപാട്, ഞെരുക്കങ്ങൾ എന്നിങ്ങനെ വിവിധ പരിശോധനകളിലൂടെ കടന്നു പോകുമ്പോൾ ദൈവാശ്രയത്തോടും സഹിഷ്ണുതയോടും സ്തോത്രത്തോടും കൂടി നിങ്ങൾ അവയെ അഭിമുഖീകരിക്കുന്നുവെങ്കിൽ നിങ്ങൾ അനുഗൃഹീതർ തന്നെ; അത്യധികം വിലപ്പെട്ട അനുഭവസമ്പത്തിന്റെ അനുഗ്രഹമാണ് നിങ്ങളുടെ മക്കൾ അതിലൂടെ കൈവരിക്കുന്നത്.

തെറ്റുകൾ ആർക്കും സംഭവിക്കാം; എന്നാൽ അവയെ തിരിച്ചറിയുമ്പോൾ സമ്മതിക്കാനും ആവശ്യഘട്ടങ്ങളിൽ ക്ഷമ ചോദിക്കാനും മാതാപിതാക്കൾ തയ്യാറാകണം; ഈ സ്വഭാവം നിങ്ങളുടെ കുഞ്ഞുങ്ങളെ വലിയ വ്യക്തികളാക്കിത്തീർക്കും

**സംക്ഷേപം:** മാതൃകായോഗ്യമായി ജീവിക്കുന്ന മാതാപിതാക്കൾക്ക് മക്കളുടെ മേൽ ശക്തമായ ധാർമ്മികാധികാരം ഉണ്ടായിരിക്കും. നിരവധി നല്ല മാതൃകാജീവിതങ്ങളെ ബൈബിൾ എടുത്തു കാട്ടുന്നുണ്ട്. ഭൗതികകാര്യങ്ങളിലും ആത്മീയകാര്യങ്ങളിലും രക്ഷിതാക്കൾ നല്ല ദൃഷ്ടാന്തങ്ങളായിരിക്കണം. പരിശോധനകളെ സഹനത്തോടു നേരിടുന്നതും തെറ്റുകൾ സമ്മതിച്ച് ഏറ്റെടുക്കുന്നതും ശ്രേഷ്ഠ മാതൃകകൾ തന്നെ

**(തുടരും)**

**1)** ഉല്പ. 1:27,28 **2)** ഉല്പ.18:19
**3)** റോമ.2:20-22 **4)** മത്താ.7:12
**5)** 1 കോരി.11:1 **6)** 1പത്രോ.2:21
**7)** 1തിമോ. 4:12
**8)** ഗലാ.6:8
**9)** 1തിമോ.6:8
**10)** 1തിമോ.6:18

○

# വിജയകരമായ ക്രിസ്തീയജിവിതം

പേജ് 32 ൽ നിന്ന് തുടർച്ച

ക്കാണ് അതിന്റെ മറുപടി വിരൽ ചൂണ്ടുന്നത്. ചുരുക്കിപ്പറഞ്ഞാൽസ്നേഹത്തിനു വിരുദ്ധമായുള്ളതെല്ലാം ഹൃദയത്തിൽ നിന്നും ജീവിതത്തിൽ നിന്നും ഒഴിവാക്കുന്നതാണത്. ദിവ്യസ്നേഹത്തിന് എന്തു ചെയ്യാൻ കഴിയും? അല്ലെങ്കിൽ അത് അനേകരുടെ ജീവിതത്തിൽ എന്തു ചെയ്തിട്ടുണ്ട്? അത് അക്ഷമ, പിണക്കം, ദയാരാഹിത്യം, അസൂയ, വീമ്പുപറച്ചിൽ, സ്വയം മുൻപന്തിയിൽ വരുന്ന സ്വഭാവം, നിഗളം, വ്യാജം, സ്വാർത്ഥത, സ്വയാന്വേഷണം, കോപം, ഈർഷ്യ, തെറ്റായ മനോഭാവം, പക, ദയയില്ലാത്ത വർത്തമാനം, പരാതിപറച്ചിൽ, നിരാശ, ഉൽക്കണ്ഠ, പരദൂഷണം, സത്യമാണെങ്കിലും ദോഷം ചെയ്യുന്ന വസ്തുതകൾ ആവർത്തിക്കുക തുടങ്ങിയ സ്വഭാവങ്ങളെ എല്ലാം പുറത്താക്കും. ഇവയെ ‘മാന്യമായ പാപങ്ങൾ’ എന്നാണ് നാം കണക്കാക്കുന്നത്. അല്ലെങ്കിൽ അവയെ പാപമെന്നു നാം കരുതുക പോലുമില്ല. ദൈവം നമ്മെ രക്ഷിക്കട്ടെ! ഇവ-ഇവയിലേതെങ്കിലുമൊന്ന്-അവശേഷിക്കുന്നിടത്തോളം നമുക്ക് വിജയമില്ല. പൂർണ്ണമായി സമർപ്പിതനായ ഒരു ക്രിസ്ത്യാനി ലളിതമായ വിശ്വാസത്തോടെ ക്രിസ്തുവിങ്കലേക്കു നോക്കുകയും തന്റെ ഹൃദയം നിറയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്താൽ, അവിടുന്ന്, ക്രിസ്തു, സ്നേഹമായവൻ, പൂർണ്ണസ്നേഹത്തിന്റെ നിറകുടം, നാം നിസ്സാരമെന്നു കരുതിയിരിക്കുന്ന എല്ലാ‘മാന്യപാപങ്ങളെ’യും( അവ നമ്മുടെ പ്രവർത്തനത്തെയും ഉപയോഗയോഗ്യതയേയും എത്രത്തോളം തടസ്സപ്പെടുത്തുന്നുണ്ട്!) മുഴുവനായി പുറത്താക്കിക്കളയും. നമുക്കുവേണ്ടി അതു ചെയ്യുവാൻ കർത്താവായ യേശുവിനെ നാം അനുവദിക്കുമോ?.

**(അജ്ഞാതനായ ക്രിസ്ത്യാനി)**


**Form IV (See Rule 8)**

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT JEEVAMOZHIKAL**

1 Place of Publication : Kottayam

2 Periodicity : Monthly

3 Printer's Name : T.Ipe
Whether citizen of India : Yes
Address : Orappankuzhiyil, Puthenangadi, Kottayam

4 Publisher's Name :T.Ipe
Whether citizen of India : Yes
Address : Orappankuzhiyil, Puthenangadi, Kottayam

5 Editor's Name : Geoji T. Samuel
Whether citizen of India : Yes
Address : Ardram, C A C Campus, Kumaranalloor P.O, Kottayam-16

6 Name address of the firm who owns the news paper and holding more than one percent of the total capital
: T.Ipe, Trustee, Christian Fellowship Trust, Kottayam-16

I, T.Ipe hereby declare that the particulars given above are true to the best of my knowledge and belief

Dated

Sd/-
Publisher